# 63–ാം വാർഷിക റിപ്പോർട്ട്

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**2018** ഏപ്രിൽ **1** മുതൽ **2019** മാർച്ച് **31** വരെ
(കൊല്ലവർഷം 1193 മീനം 18 മുതൽ 1194 മീനം 17 വരെ)

# ഇന്ത്യൻ ഭരണഘടനയുടെ 323 (2)-ാം ആർട്ടിക്കിൾ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആദരണീയനായ കേരളാ ഗവർണർ മുമ്പാകെ സമർപ്പിക്കുന്ന 63-ാം വാർഷിക റിപ്പോർട്ട്.

## റിപ്പോർട്ട് കാലയളവ്

## 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ

**(കൊല്ലവർഷം 1193 മീനം 18 മുതൽ 1194 മീനം 17 വരെ)**

## ഉള്ളടക്കം


| ക്രമ നമ്പർ | അദ്ധ്യായങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം | 5 |
| 2 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഘടന | 6-7 |
| 3 | കമ്മീഷന്റെ കർത്തവ്യങ്ങൾ | 7-9 |
| 4 | ജീവനക്കാരും കാര്യാലയസ്ഥാനങ്ങളും | 10-12 |
| 5 | ഗവേഷണ–അവലോകന വിഭാഗം, ഓൺലൈൻ പരീക്ഷ, കാൾ സെന്റർ, കമ്പ്യൂട്ടർവൽക്കൃത ഹാജർ സംവിധാനം, നിയമന ആഡിറ്റ് പരിശോധനാ വിഭാഗം, വെബ്സൈറ്റ്, പൊതുജന സമ്പർക്ക വിഭാഗം, ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം , അന്വേഷണം വിഭാഗം , വിവരാവകാശ വിഭാഗം,ഗ്രന്ഥശാല | 13-23 |
| 6 | വരവ് ചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തന രീതി | 24-29 |
| 7 | പരീക്ഷകൾ, | 30 |
| 8 | തെരഞ്ഞെടുപ്പ്/നിയമനം (ജനറൽ) | 31-44 |
| 9 | നിയമനം-കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/ തദ്ദേശ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ | 44-45 |
| 10 | നിയമനം- സഹകരണ വിഭാഗം | 45-46 |
| 11 | പ്രത്യേക നിയമനം (പട്ടിക ജാതി/പട്ടിക വർഗ്ഗം) | 46-49 |
| 12 | പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്കും മറ്റ പിന്നോക്ക വിഭാഗ ക്കാർക്കും തെരഞ്ഞെടുപ്പിൽ നൽകിവരുന്ന സംവരണ ഊഴങ്ങളുടെ ശതമാനക്കണക്ക് | 49-50 |
| 13 | മേഖലാ ആഫീസുകൾ | 50-51 |
| 14 | ജില്ലാആഫീസുകൾ | 52-57 |
| 15 | നിയമനം- പൊതുവിവരങ്ങൾ | 58 |
| 16 | വകുപ്പുതല പരീക്ഷകൾ | 58-59 |
| 17 | വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി | 60 |
| 18 | സംസ്ഥാന, സബോർഡിനേറ്റ് സർവീസ് സംബന്ധമായ ചട്ടങ്ങളും മറ്റ നിർദ്ദേശങ്ങളും | 60-74 |
| 19 | കേരള സംസ്ഥാന വൈദ്യുതി ബോർഡ്/കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട്കോർപ്പറേഷൻ/ സർക്കാർ ഉടമ സ്ഥതയിലുള്ള മറ്റ് കമ്പനികൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/ എന്നിവയുമായി ബന്ധപ്പെട്ട അധികചുമതലകൾ | 74-76 |
| 20 | തദ്ദേശസ്ഥാപനങ്ങൾ സംബന്ധമായ അധിക ചുമതലകൾ | 77 |
| 21 | സഹകരണ വിഭാഗം അധിക ചുമതലകൾ | 78-79 |
| 22 | അച്ചടക്ക നടപടികൾ | 80 |
| 23 | കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ | 81 |
| 24 | വനിതാ വിഭാഗം ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി | 81-82 |
| 25 | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം | 82-87 |
| 26 | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ | 87-91 |

| | | |
|---|---|---|
| | സംഗ്രഹം | |
| 27 | സന്ദർശനങ്ങൾ | 92 |
| 28 | നേട്ടങ്ങൾ | 93 |
| 29 | നന്ദി | 94-96 |

## അദ്ധ്യായം- 1
# കമ്മീഷന്റെ ഭരണഘടനാപരമായ സ്ഥാനം

ഇന്ത്യൻ ഭരണഘടനയുടെ 315 മുതൽ 323 വരെയുള്ള ആർട്ടിക്കിളുകളുടെ അടിസ്ഥാനത്തിലാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിതമായിട്ടുള്ളത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനെയും സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളെയും സംബന്ധിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയുടെ XIV-ാം ഭാഗത്തിന്റെ II-ാം അദ്ധ്യായത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

സേവനസംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും, സംശുദ്ധവും നിഷ്പ ക്ഷവുമായ രീതിയിൽ സ്വതന്ത്രമായി, ബാഹ്യ ഇടപെടലുകളില്ലാതെ നിയമനനടപടികൾ നിർവഹിക്കുന്നതിനും ഇന്ത്യൻ ഭരണഘടന കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നത് സംസ്ഥാന ഗവർണറാണ്. കമ്മീഷൻ മെമ്പർമാരുടെ പകുതി എണ്ണം അവരുടെ നിയമന തീയതിയിൽ 10 വർഷത്തെ സർക്കാർ സേവനം പൂർത്തി യാക്കിയവരാകണം. ചെയർമാനും മെമ്പർമാർക്കും 6 വർഷത്തെ കാലാവധി/അല്ലെങ്കിൽ 62 വയസ്സ് പൂർത്തിയാകുന്നതുവരെ (ഏതാണോ ആദ്യം) സേവനത്തിൽ തുടരാവുന്നതാണ്. ഒരു സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, മെമ്പർമാർ എന്നിവർക്ക് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായോ കമ്മീഷനംഗമായോ മറ്റൊരു സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനായോ നിയമിക്കപ്പെടാൻ യോഗ്യതയുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലോ സംസ്ഥാന സർക്കാരിന്റെ കീഴിലോ യാതൊരുവിധ നിയമനവും സ്വീകരിക്കാൻ യോഗ്യനല്ല. പബ്ലിക് സർവീസ് കമ്മീഷന്റെ ചെയർമാനെയോ മെമ്പറെയോ ഭരണഘടനാ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ രാഷ്ട്രപതിയ്ക്ക് മാത്രമേ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ കഴിയൂ. ഒരിയ്ക്കൽ നിയമിക്കപ്പെട്ട ചെയർമാന്റെയോ മെമ്പർമാരുടെയോ സേവനവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സാധ്യമല്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെലവിനത്തിൽ വരുന്ന തുക വകയിരുത്തുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നാണ്.

## അദ്ധ്യായം- 2
## കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഘടന

ഇന്ത്യൻ ഭരണഘടനയുടെ 318-ാം ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ ബഹു: ഗവർണർ പുറപ്പെടുവിച്ചിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (മെമ്പർമാരുടെയും ജീവന ക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും)റെഗുലേഷൻ 1957-ൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം **ഒരു ചെയർമാനും 20 അംഗങ്ങളും ഉൾപ്പെടുന്നതാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**.

റിപ്പോർട്ട് തയ്യാറാക്കുന്ന കാലഘട്ടത്തിലെ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും പേരു വിവരങ്ങൾ ചുവടെ

### <u>നിലവിലെ കമ്മീഷൻ</u>

| | |
|---|---|
| **ചെയർമാൻ** | അഡ്വ. എം കെ. സക്കീർ |
| അംഗങ്ങൾ | പ്രൊഫ. ലോപ്പസ് മാത്യു |
| | ശ്രീമതി.ആർ.പാർവ്വതി ദേവി |
| | ഡോ. പി.സുരേഷ് കുമാർ |
| | ശ്രീ. സുരേശൻ.സി |
| | ഡോ.എം.ആർ. ബൈജു |
| | ഡോ.ജിനു സക്കറിയ ഉമ്മൻ |

| | |
|---|---|
| | അഡ്വ.രഘുനാഥൻ.എം.കെ |
| | ശ്രീ. ജി. രാജേന്ദ്രൻ |
| | ഡോ. കെ.പി സജിലാൽ |
| | ഡോ. ഡി. രാജൻ |
| | ശ്രീ. റ്റി.ആർ അനിൽകുമാർ |
| | ശ്രീ. മുഹമ്മദ് മുസ്തഫ കടമ്പോട്ട് |
| | ശ്രീ. പി.എച്ച് മുഹമ്മദ് ഇസ്മയിൽ |
| | ശ്രീ. റോഷൻ റോയി മാത്യൂ |
| | ശ്രീ.വിജയകുമാർ.പി.കെ |
| സെക്രട്ടറി | ശ്രീ. സാജു ജോർജ്ജ് |

## അദ്ധ്യായം– 3
## കമ്മീഷന്റെ കർത്തവ്യങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ 320-ാം ആർട്ടിക്കിളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്.

(i) സംസ്ഥാനസർവ്വീസിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനായി പരീക്ഷകൾ നടത്തുക.

(ii) താഴെ പറയുന്ന വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുക.

| | |
|---|---|
| a) | സംസ്ഥാന സർവ്വീസിലെ വിവിധ തസ്തികകളുടെ നിയമനപ്രക്രിയകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ. |
| b) | സർക്കാർ സർവ്വീസിലേക്കുള്ള നിയമനം, സ്ഥാനക്കയറ്റം, സ്ഥലം മാറ്റം എന്നിവയിൽ പാലിക്കേണ്ട തത്വങ്ങൾ, യോഗ്യതാ നിർണ്ണയം എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ. |
| c) | സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിൽ. |
| d) | കൃത്യ - നിർവഹണ സംബന്ധമായി സർക്കാർ ജീവനക്കാർക്കെതിരെ സ്വീകരി ക്കുന്ന നിയമ നടപടികളുമായി ബന്ധപ്പെട്ട് ജീവക്കാരനുണ്ടാകുന്ന നിയമപരമായ സാമ്പത്തിക ബാധ്യതയുടെ ചെലവ് വകവച്ച് കൊടുക്കൽ/മടക്കി കൊടുക്കൽ സംബന്ധമായ കാര്യങ്ങളിൽ. |
| e) | സർക്കാർ ജീവനക്കാരുടെ അവശതാ അടുത്തൂണുമായി ബന്ധപ്പെട്ട അവകാശവാദങ്ങളിൽ |
| f) | സർക്കാർ കമ്മീഷന്റെ അഭിപ്രായം ആരായുന്ന/പരിഗണനക്കായി സമർപ്പി ക്കുന്ന മറ്റ് കാര്യങ്ങളിൽ |

ഇന്ത്യൻ ഭരണഘടനയുടെ 321-ാം ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമനിർമ്മാണസഭ പബ്ലിക് സർവീസ് കമ്മീഷനെ ചുമതലയേൽപ്പിച്ചിട്ടുള്ളതും, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, കോർപ്പറേഷനുകൾ/ ബോർഡുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിലെ സേവന വേതന വ്യവസ്ഥകൾ സംബന്ധമായതുമായ അധിക ചുമതലകളും കമ്മീഷൻ നിർവ്വഹിച്ചുവരുന്നു. കൂടാതെ, ചില സഹകരണ സ്ഥാപനങ്ങളെ കൂടി കമ്മിഷന്റെ പ്രവർത്തനപരിധിയിൽ പിന്നീട് ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കേരളത്തിലെ യൂണിവേഴ്സിറ്റി കളുടെ നിയമനവുമായി ബന്ധപ്പെട്ട അധികച്ചുമതല കൂടി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനപരിധിയിൽ കൊണ്ടുവന്നു.

ഇന്ത്യൻ ഭരണഘടനയുടെ 320 (3) ആർട്ടിക്കിളിന്റെ അടിസ്ഥാനത്തിൽ പാസാക്കിയിട്ടുള്ള 1957-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻസിൽ (കൺസൾട്ടേഷൻ), കമ്മീഷന്റെ പരിഗണന/വിദഗ്ദ്ധാഭിപ്രായം ആവശ്യമില്ലാത്ത വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉപ സമിതികൾ

കമ്മീഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനായി താഴെപ്പറയുന്ന 17 സബ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്

1) റൂൾസ് സബ് കമ്മിറ്റി
2) അച്ചടക്ക നടപടികൾ സംബന്ധിച്ച് ഉപദേശം നൽകുന്നതിനുള്ള സബ് കമ്മിറ്റി
3) ലിറ്റിഗേഷൻ സബ് കമ്മിറ്റി
4) എക്സാമിനേഷൻ & റിക്രൂട്ട്മെൻറ് സബ് കമ്മിറ്റി
5) സബ് കമ്മിറ്റി ഫോർ അക്കാദമിക് &സിലബസ് മാറ്റേഴ്സ് & പ്രിപ്പറേഷൻ ഓഫ് ക്വസ്റ്റ്യൻ ബാങ്ക്
6) വർക്ക് അസ്സസ് മെൻറ് കമ്മിറ്റി
7) ഡിപ്പാർട്ടുമെൻറൽ പരീക്ഷ സംബന്ധിച്ച് സബ് കമ്മിറ്റി
8) കമ്പ്യൂട്ടറൈസേഷൻ സബ് കമ്മിറ്റി
9) ബുള്ളറ്റിൻ എഡിറ്റോറിയൽ സബ് കമ്മിറ്റി
10) ലൈബ്രറി സബ് കമ്മിറ്റി
11) കമ്പ്യൂട്ടറൈസ്ഡ് അറ്റൻഡൻസ് മാനേജ് മെൻറ് ആൻറ് ഇന്റേണൽ സെക്യൂരിറ്റി സബ് കമ്മിറ്റി
12) പ്ലാനിംഗ് ആൻറ് പ്രയോറിറ്റൈസേഷൻ സബ് കമ്മിറ്റി
13) എക്സാമിനേഷൻ മോണിറ്ററിംഗ് സബ് കമ്മിറ്റി
14) സബ് കമ്മിറ്റി ഫോർ ഡിസൈഡിഗ് ഇൻസ്പെക്ഷൻ വിംഗ്
15) സബ് കമ്മിറ്റി ഫോർ സ്ക്രൂട്ടിനി ഓഫ് പെറ്റീഷൻസ്
16) സബ് കമ്മിറ്റി ഫോർ ഫിനാൻസ് മാറ്റേഴ്സ്
17) പട്ടിക ജാതി/വർഗ്ഗക്കാർക്കുള്ള സബ് കമ്മിറ്റി.

## അദ്ധ്യായം - 4

# ജീവനക്കാരും, കാര്യാലയസ്ഥാനങ്ങളും

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാർ

റിപ്പോർട്ട് കാലയളവി ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ ആകെ ജീവനക്കാർ 1764 ആണ്. പോലീസ് വകുപ്പിൽ നിന്നും പി.എസ്.സി.യുടെ വിജിലൻസ് വിഭാഗത്തിൽ 8 ജീവനക്കാർ അന്യത്ര സേവനവ്യവസ്ഥയിലും, ഒരു ലൈബ്രേറിയൻ കരാർ അടിസ്ഥാനത്തിലും ജോലി നോക്കുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (മെമ്പർമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകളും ഘടനയും) റെഗുലേഷൻ 1957ലെ Clause 12 Sub Clause 2 പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 01.04.2018 മുതൽ 6 മാസത്തേയ്ക്കും 01.10.2018 മുതൽ 6 മാസത്തേയ്ക്കും രണ്ടു ഘട്ടങ്ങളിലായി വിവിധ കാറ്റഗറികളിലായി 25 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.

ലൈബ്രേറിയൻ തസ്തിക പ്രത്യേകമായി അനുവദിച്ചു കിട്ടാത്തതിനാലും കോമൺ പൂൾ ഒന്നാം ഗ്രേഡ് ലൈബ്രേറിയന്മാരിൽ നിന്നും ആരും ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലും 26.11.2012ലെ ബഹു: കമ്മീഷന്റെ 28-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.09.2013 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ Estt.II(2)2129/2008/GW നമ്പർഉത്തരവു പ്രകാരം കരാർ വ്യവസ്ഥയിൽ ഒരാളെ ലൈബ്രേറിയനായി നിയമിച്ചിട്ടുണ്ട്. കൂടാതെ മുപ്പത് അസിസ്റ്റൻറുമാരെയും അഞ്ച് കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് II മാരെയും പി.എസ്.സി സൂപ്പർന്യൂമററി പോസ്റ്റിൽ നിയമിച്ചിട്ടുണ്ട്.ഓഫീസ് അറ്റൻറർമാരിൽ നിന്നും സമ്മതപത്രം ലഭിക്കാത്തതിനാൽ എംപ്ലോയിമെൻറ് എക്സ്ചേഞ്ച് മുഖേന ഏഴുപേരെ ഡഫോദാർമാരായി നിയമിച്ചിട്ടുണ്ട്. (File No.Estt-III (3)-27076/2002/GW dated 27/12/2017

## താത്കാലിക ജീവനക്കാർ

1957 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റെഗുലേഷൻ ആക്ട് (Composition and Conditions of Service of Members and Staff)-ലെ 12 (2) റെഗുലേഷൻ പ്രകാരം 04/04/2018 ലെ എസ്റ്റാ II (3) 32900/08/ഗ.വി ഉത്തരവ് പ്രകാരം 01.04.2018 മുതൽ 6 മാസത്തേക്ക് 13 തസ്തികകളും 25/09/2018 ലെ എസ്റ്റാ II (3) 32900/08/ഗ.വി. ഉത്തരവ് പ്രകാരം 01.10.2018 മുതൽ 6 മാസത്തേക്ക് 12 തസ്തികകളും, കമ്മീഷൻ താത്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

## വിജിലൻസ് & സെക്ക്യൂരിറ്റി വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസറായി ശ്രീ.രാജേഷ് എൻ സൂപ്രണ്ട് ഓഫ് പോലീസ് (നോൺ ഐ.പി.എസ്.) 22/06/2017 അപരാഹ്നം മുതൽ നിയമിച്ചുത്തരവായിട്ടുണ്ട്. (ഉത്തരവ് നമ്പർ GO (Rt) No.1608/2017/Home dtd 20.06.2017)

## ലീഗൽ റീട്ടെയ്നർ

കേരള ഹൈക്കോടതിയിലെ അഭിഭാഷകൻ ശ്രീ. പി.സി. ശശിധരൻ 01.03.2011 മുതൽ കേരള പബ്ളിക് സർവീസ് കമ്മീഷൻ ലീഗൽ റീട്ടെയ്നറായി സേവനമനുഷ്ഠിച്ചു വരുന്നു. അദ്ദേഹത്തെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി ബഹു. ഹൈക്കോടതി യിൽ ഹാജരാകുന്നതിനും കൂടാതെ ശ്രീ.അഡ്വ. സി.എ.മജീദിനെ ലീഗൽ റീട്ടെയ്നർ ആയി 01.04.2014 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എറണാകുളം ബഞ്ച് മുമ്പാകെ ഹാജരാകുന്നതിനും അഡ്വ. ശ്രീ. എസ്.രമേശനെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം ബഞ്ച് മുൻപാകെ ഹാജരാകുന്നതിനും നിയോഗിച്ചിരിക്കുന്നു. (ഉത്തരവ് നമ്പർ A VII (4) 36832/11/GW dtd 30.03.2017)

## കാര്യാലയ സ്ഥാനങ്ങൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകളും, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ആഫീസുകളുമുണ്ട്. കമ്മീഷന്റെ കേന്ദ്ര ആഫീസ്, തിരുവനന്തപുരം ജില്ലാ ആഫീസ് എന്നിവ തിരുവനന്തപുരം, പട്ടം തുളസിക്കുന്നിലാണ് സ്ഥിതി ചെയ്യുന്നത്. ആസ്ഥാന ആഫീസുൾപ്പെടെ കമ്മീഷന് 18 ആഫീസുകളുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ആഫീസുകൾ സംസ്ഥാന സർക്കാരിന്റെ സിവിൽ സ്റ്റേഷൻ സമുച്ചയത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ കോഴിക്കോട് മേഖലാ ആഫീസും സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്നു. ആലപ്പുഴ, പത്തനം തിട്ട, തൃശ്ശൂർ, വയനാട് കാസർഗോഡ് ജില്ലാ ആഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കോട്ടയം ജില്ലാ ആഫീസ് കമ്മീഷന്റെ സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എറണാകുളം, ജില്ലാ മേഖലാ ആഫീസുകൾ 21.01.2013 മുതൽ എറണാകുളം ജി.സി.ഡി.എ. കെട്ടിടത്തിൽ വാടക നൽകി പ്രവർത്തിച്ചു വരുന്നു. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുവക വാടക കെട്ടിടത്തിലാണ്. കൊല്ലം ജില്ലാ മേഖലാ ആഫീസുകൾ, കൊല്ലം കോർപ്പറേഷന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. ബഹു: ചെയർമാന്റെ തിരുവനന്തപുരത്തെ ഔദ്യോഗിക വസതിയും വാടകകെട്ടിടമാണ്.

## അതിഥി മന്ദിരം

പട്ടം, വൃന്ദാവൻ ഗാർഡൻസിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, വാടകയടിസ്ഥാനത്തിൽ കമ്മീഷന്റെ അതിഥി മന്ദിരമായി പ്രവർത്തിക്കുന്നു. വിശിഷ്ടാതിഥികൾക്കും, കമ്മീഷൻ നടത്തുന്ന അഭിമുഖം, പ്രായോഗിക പരീക്ഷ, മൂല്യനിർണ്ണയം എന്നിവയിൽ കമ്മീഷനെ സഹായിക്കാൻ മറ്റ് ജില്ലകളിൽ നിന്നും എത്തുന്ന വിദഗ്ദ്ധർക്കും താമസ സൗകര്യമൊരുക്കുന്നതിനാണ് അതിഥി മന്ദിരം സജ്ജമാക്കിയിട്ടുള്ളത്.

# അദ്ധ്യായം - 5

# ഗവേഷണ അവലോകന വിഭാഗം,ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ,കാൾ സെൻറർ,കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം,നിയമന ആഡിററ് പരിശോധനാ വിഭാഗം, വെബ് സൈറ്റ്,പൊതുജന സമ്പർക്ക വിഭാഗം,ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം, അന്വേഷണ വിഭാഗം,വിവരാവകാശ വിഭാഗം,ഗ്രന്ഥശാല

## ഗവേഷണ അവലോകന വിഭാഗം

നിയമനനടപടികളിലെ വിവിധഘട്ടങ്ങളിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് വേണ്ടി സമഗ്രമായ പഠനം, ആവശ്യമായ പരിശീലന പദ്ധതികൾ നടത്തുക, സംയോജിത, ആസൂത്രണ, അനുശ്രവണ പദ്ധതികളിലൂടെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് ഗവേഷണ- അവലോകന വിഭാഗത്തിന്റെ പ്രധാന ധർമ്മങ്ങൾ. കൂടാതെ കമ്പ്യൂട്ടറും മറ്റനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും അവയുടെ പരിപാലനവും ഈ വിഭാഗത്തിന്റെ ചുമതലയാണ്.

വിവിധ റിക്രൂട്ട്മെന്റ് സെക്ഷനുകളിൽ നിന്നും ലഭിക്കുന്ന വിജ്ഞാപനങ്ങൾ ഏകീകരിക്കുകയും, ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും മറ്റ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകൾ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുമായുള്ള കത്തിടപാടുകൾ നടത്തുന്നതും, കമ്മീഷൻ യോഗങ്ങളിലേക്കുള്ള അജണ്ട തയ്യാറാക്കുന്നതും ഈ വിഭാഗത്തിലാണ്

നിയമസഭാ ചോദ്യവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമാഹരിച്ച് സർക്കാരിന് കൈമാറുന്നതിനുള്ള നടപടികളും ഗവേഷണ- അവലോകന വിഭാഗം കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും ലഭിച്ച 170 നിയമസഭാ ചോദ്യങ്ങളിൽ

**170** എണ്ണത്തിനും ഇവിടെ നിന്നും മറുപടി തയ്യാറാക്കി നൽകിയിരുന്നു. കമ്മീഷന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ, തെരഞ്ഞെടുപ്പ് നടപടികളുടെ വിവിധ ഘട്ടങ്ങളിലെ സ്ഥിതിവിവരക്കണക്ക് സമാഹരിച്ചു തയ്യാറാക്കൽ തുടങ്ങിയ നടപടികളും ഗവേഷണ അവലോകന വിഭാഗം കൈകാര്യം ചെയ്യുന്നു.

കമ്മീഷൻ ഓഫീസിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനായി രൂപവത്കരിച്ചിട്ടുള്ള സാങ്കേതിക കമ്മിറ്റി 2018-19 വർഷത്തിൽ **17/08/2018 ന്** സമ്മേളിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ട് വിഹിതമായി 300,00,000/- **(മൂന്നു കോടി** രൂപ മാത്രം ) രൂപ ലഭിക്കുകയുണ്ടായി. ടി തുകകയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി 2018-19 സാമ്പത്തിക വർഷത്തിൽ 2,73,89,914/- (രണ്ടു കോടി എഴുപത്തിമൂന്നു ലക്ഷത്തി എൻപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി പതിനാലു രൂപ മാത്രം) ചെലവഴിക്കുകയും ബാക്കി തുകയായ **26,10,086** /– (ഇരുപത്തിയാറുലക്ഷത്തി പതിനാറായിരത്തിയെൻപത്തിയാറു രൂപ) തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

## പരിശീലന പരിപാടികൾ

പബ്ലിക് സർവീസ് കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2018–19 ൽ ആഫീസിനകത്തും പുറത്തുമായി നടത്തിയ വിവിധ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

| Sl.No | Date | Details of Training | Venue | No. of days | Training conducted for |
|---|---|---|---|---|---|
| 1 | 24.04.2018 | Modernisation of Physical Efficiency Test | IT Training Hall, KPSC ,Pattom | 1 | |
| 2 | 28.06.2018 | Training on malayalam Type writing | IT Training Hall, KPSC ,Pattom | 1 | |
| 3 | 10.08.2018 | One day workshop on RTI | IT Training Hall, KPSC ,Pattom | 1 | |
| 4 | 09/10/18 | E- Office Training | IT Training Hall, KPSC ,Pattom | 1 | |

| | | | | | |
|---|---|---|---|---|---|
| 5 | 26.09.2018 to 27.09.2018 | PR Training of US | IT Training Hall, KPSC ,Pattom | 2 | To All Under Secretaries |
| 6 | 14.11.18, 15.11.2018, 22.11.2018, 23.11.18 | Induction Training for Newly joined Assistants | IT Training Hall, KPSC ,Pattom | 4 | To newly joined Assistants |
| 7 | 16.01.2019 to 19.01.2019 | Training to Computer Assistants | IT Training Hall, KPSC ,Pattom | 4 | |
| 8 | 09/10/18 | E-Office | Online Examination Hall, KPSC ,Pattom | 1 | |

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ- ഔദ്യോഗിക ഫെയ്സ് ബുക്ക്_പേജ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ കൂടുതൽ ഉദ്യോഗാർത്ഥി സൌഹാർദ്ദപരമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2018 ജനുവരി 1 മുതൽ പി.എസ്.സിയുടെ ഔദ്യോഗിക ഫെയ്സ് ബുക്ക് പേജ് ആരംഭിച്ചത്. വിജ്ഞാപനങ്ങൾ, അലേർട്ടുകൾ ,പി.എസ്.സിയെ സംബന്ധിച്ച് മറ്റു കാര്യങ്ങൾ, എന്നിവ നിരന്തരം ഈ പേജിലൂടെ നൽകുന്നുണ്ട്. നിലവിൽ ഈ പേജിന് ഒരു ലക്ഷത്തി അറുപതിനായിരത്തിലേറെ ഫോളോവേഴ്സും ലൈക്കും ഉണ്ട്.

## ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം

അപേക്ഷ സ്വീകരിച്ച് ഒരുവർഷത്തിനുള്ളിൽതന്നെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്ന കമ്മീഷന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഒറ്റത്തവണ രജിസ്ട്രേഷൻ/പരിശോധനാ വിഭാഗം പി.എസ്.എസ്സിയിൽ നിലവിൽ വന്നത്. 28.03.2012 അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഉമ്മൻ ചാണ്ടിയാണ് ഒറ്റത്തവണ രജിസ്ട്രേഷൻ വിഭാഗം ഉദ് ഘാടനം ചെയ്തത്.പ്രമാണങ്ങളുടെ ഒറ്റത്തവണ പരിശോധനയും ഈ വിഭാഗം നടത്തുന്നുണ്ട്.

## ഇ-ഓഫീസ് സംവിധാനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ

ഡിപ്പാർട്ടമെൻറ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ഓഫ് ഇന്ത്യയുടെ നാഷണൽ ഇ-ഗവേണൻസ് പ്ലാനിന്റെ കീഴിൽ വരുന്ന പ്രൊജക്ടുകളിൽ ഒന്നാണ് **ഇ-ഓഫീസ്.**നിലവിലെ മാന്വലായിട്ടുള്ള ഫയൽ വർക്കുകളിൽ നിന്നും ഇലക്ട്രോണിക് ഫയൽ സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിലൂടെ ഇ-ഓഫീസ് ലക്ഷ്യമാക്കുന്നത് കാര്യക്ഷമത,ഗുണമേന്മ,നിലവിലെ ശേഷിയുടെ മികച്ച

വിനിയോഗം,നടപടിക്രമങ്ങളുടെ സമയദൈർഘ്യം കുറയ്ക്കൽ ,സുതാര്യത എന്നിവയാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുഴുവൻ ആഫീസുകളും ഇ- ഓഫീസ് സംവിധാനത്തിലേയ്ക്ക് കഴിഞ്ഞ വർഷം തന്നെ മാറിയിട്ടുണ്ട് കൂടാതെ ഫയലുകളുടെ നീക്കം ഇ-ഓഫീസ് സംവിധാനത്തിലൂടെ മാത്രമാണ് നടക്കുന്നത്.

## ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ

കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിലായി നാല് ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പരീക്ഷാകേന്ദ്രങ്ങളിൽ ആകെ **875** ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളുവാനും ഒരേ ഘടനയിലുള്ള ചോദ്യങ്ങൾ ഉപയോഗിച്ച് **1750** ഉദ്യോഗാർത്ഥികൾക്ക് ഒരു ദിവസം തന്നെ പരീക്ഷ നടത്തുന്നതിന് ഈ കേന്ദ്രത്തിൽ സൗകര്യമുണ്ട് .

## എഞ്ചിനിയറിങ് കോളേജുകളിൽ ഓൺലൈൻ പരീക്ഷാ സെന്ററുകളുടെ വ്യാപനം.

ഏപ്രിൽ 2018 മുതൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സ്വന്തമായിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് പുറമേ കേരളത്തിലെ വിവിധ സർക്കാർ, എയ്ഡഡ് കോളേജുകളിൽ വച്ച ഓൺലൈൻ പരീക്ഷകൾ നടത്തുന്നുണ്ട്. ആകെ ആറായിരത്തോളം പേർക്ക് ഒരേസമയം പരീക്ഷ എഴുതാൻ കഴിയുന്ന രീതിയിൽ ഇതുവരെ നാൽപ്പതോളം കോളേജുകൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

## കോൾ സെന്റർ

എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ **10.15** മണി മുതൽ വൈകുന്നേരം **5.15** മണി വരെ കോൾ സെന്റർ പ്രവർത്തിക്കുന്നു. ആകെ **2,15,000** ത്തോളം കോളുകൾ ഈ റിപ്പോർട്ട് വർഷത്തിൽ കോൾ സെന്ററിൽ സ്വീകരിച്ചിട്ടുണ്ട്.

## കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം

കമ്പ്യൂട്ടർവൽകൃത ഹാജർ സംവിധാനം മോണിറ്റർ ചെയ്യുന്നതിനായി റിസർച്ച് ആന്റ് അനാലിസിസ് വിഭാഗത്തിൽ അറ്റൻഡൻസ് മാനേജ് മെന്റ് സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്**.** ഈ സെക്ഷൻ എസ്റ്റാബ്ലിഷ് മെന്റ് വിഭാഗത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

## നിയമന ഓഡിറ്റ് - പരിശോധനാ വിഭാഗം

14/12/10 ലെ GO(P)41/2010 P&ARD നം. ഉത്തരവ് പ്രകാരം ഒരു നിയമന ഓഡിറ്റ്, പരിശോധനാ വിഭാഗം 1/9/2011 മുതൽ പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് കാലയളവിൽ നിയമന പരിശോധനയ്ക്കായുള്ള **29,507** അപേക്ഷകൾ ലഭിക്കുകയും ആയതിൽ **29,098** അപേക്ഷകൾ പരിശോധിക്കുകയും (കഴിഞ്ഞവർഷം ബാക്കിയുണ്ടായിരുന്ന **6,479** അപേക്ഷകൾ ഉൾപ്പെടെ) ചെയ്തിട്ടുണ്ട്. **31.03.2019** ൽ **4,829** അപേക്ഷകൾ അവശേഷിക്കുകയും ചെയ്യുന്നു. കൂടാതെ **27,129** വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ ഈ സെക്ഷനിൽ നിന്നും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം **XL**-ൽ നൽകിയിട്ടുണ്ട് .

## വെബ്സൈറ്റ്


കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് www.keralapsc.gov.in എന്നാണ്. വിജ്ഞാപനങ്ങൾ, പരീക്ഷാപ്രോഗ്രാമുകൾ, അഭിമുഖ സമയക്രമം, ചുരുക്കപ്പട്ടികകൾ, റാങ്ക് പട്ടികകൾ, പരീക്ഷാ മാർക്കുകൾ, നിയമന ശിപാർശ, പി.എസ്.സി വിജ്ഞാപന പത്രത്തിന്റെ വെബ് എഡിഷൻ, മറ്റ് അറിയിപ്പുകൾ എന്നിവയും വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. കമ്മീഷനെ സംബന്ധിക്കുന്ന നിയമങ്ങൾ, നടപടിക്രമങ്ങൾ എന്നിവ വെബ്സൈറ്റിൽ ലഭ്യമാണ്.

### കമ്മീഷന്റെ വെബ്സൈറ്റിൽ ലഭിച്ച ഹിറ്റുകളുടെ സ്ഥിതിവിവര കണക്ക്

| Month | Sites | KBytes | Visits | Pages | Files | Hits |
|---|---|---|---|---|---|---|
| April 2018 | 616065 | 1857527189 | 2858710 | 14006705 | 89539522 | 92788433 |
| May 2018 | 710267 | 2374755159 | 3546763 | 14828908 | 114595672 | 118760325 |
| June 2018 | 628754 | 1994519814 | 2611253 | 10925387 | 85291112 | 88191006 |
| July2018 | 656767 | 2432941568 | 3355858 | 14614692 | 111170562 | 114646158 |
| Aug2018 | 507007 | 1550966030 | 2070295 | 9322771 | 65865922 | 68615748 |
| Sep2018 | 504602 | 1513500852 | 2214036 | 9260564 | 72177814 | 74967146 |
| Oct2018 | 529453 | 1625099439 | 2552966 | 10744462 | 80313429 | 83611157 |
| Nov2018 | 501087 | 1669922800 | 2365636 | 9807963 | 82082868 | 85316039 |

| | | | | | | |
|---|---|---|---|---|---|---|
| Dec2018 | 517719 | 1806643156 | 2373896 | 10815057 | 82397109 | 85919235 |
| Jan2019 | 651441 | 2292178144 | 3608692 | 14858741 | 99365374 | 103439365 |
| Feb2019 | 537204 | 1811952125 | 2472616 | 11003289 | 66840699 | 69516131 |
| March2019 | 534271 | 1822079010 | 2476088 | 11326361 | 64592935 | 67576950 |
| **Total** | **6894637** | **22752085286** | **62706809** | **141514900** | **1014233018** | **1053347693** |

## കമ്മീഷന്റെ വെബ്സൈറ്റിൽ ലഭിച്ച ഹിറ്റുകളുടെ ഗ്രാഫ് രൂപം




## പൊതുജനസമ്പർക്ക വിഭാഗം – പ്രവർത്തനങ്ങൾ

പൊതുജനങ്ങളെയും കേരള പബ്ലിക് സർവീസ് കമ്മീഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യക്ഷമമായ വിഭാഗമായി പൊതുജനസമ്പർക്കവിഭാഗം പ്രവർത്തിച്ചുവരുന്നു. പൊതുജന സമ്പർക്കവിഭാഗത്തിന്റെ അഭംഗുരമായ സേവനങ്ങൾ കമ്മീഷനും, വിവിധ മാധ്യമങ്ങളായ

പത്രമാധ്യമങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, ടി.വി ചാനലുകൾ, പ്രാദേശിക നെറ്റ് വർക്കുകൾ, മറ്റ് നെറ്റവർക്കുകൾ എന്നിവയും തമ്മിൽ ഉറ്റ സൗഹൃദവും പരസ്പരബന്ധവും നിലനിർത്താൻ സഹായിക്കുന്നു.

## *പ്രവർത്തന രീതി*

പൊതുജനങ്ങളുടെ അറിവിലേക്കുള്ള വിവരങ്ങൾ പത്രകുറിപ്പുകളിലൂടെയും, പ്രസ്താവനകളിലൂടെയും നിരന്തരം ജനങ്ങളിലെത്തിക്കുന്നു. കമ്മീഷൻ നടത്തുന്ന പരീക്ഷ കളുടെയും, അഭിമുഖങ്ങളുടെയും സമയവിവര പട്ടികകൾ ഏറെ പ്രചാരണത്തോടുകൂടി പത്ര ങ്ങളിലൂടെയും, ആൾ ഇന്ത്യാ റേഡിയോ, ദൂരദർശൻ, പി.എസ്.സി ബുള്ളറ്റിൻ, മറ്റ് ടെലിവിഷൻ ചാനലുകൾ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ്, ഫെയ്സ് ബുക്ക് എന്നിവ വഴി ജനങ്ങളിലെത്തിക്കുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിലയേറിയ സഹായ സഹകരണങ്ങൾ എല്ലാ മാധ്യമ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നുണ്ട്. പൊതുജനങ്ങളുടെയും ദൃശ്യ/പത്രമാധ്യമങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, വിമർശനങ്ങൾ, പരാതികൾ തുടങ്ങിയവ സമയാസമയങ്ങളിൽ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും പൊതുജന സമ്പർക്ക വിഭാഗമാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ കമ്മീഷൻ നല്കുന്ന വിശദമായ പ്രസ്താവനകൾ, സ്പഷ്ടീകരണങ്ങൾ തുടങ്ങിയവ പൊതുജനങ്ങളിൽ എത്തിക്കുന്നതും പൊതുജനസമ്പർക്ക വിഭാഗമാണ്. പൊതുജന സമ്പർക്ക വിഭാഗം ഒരു ഇൻഫർമേഷൻ കേന്ദ്രമായിക്കൂടി പ്രവർത്തിക്കുന്നു. 2018-19 കാലഘട്ടത്തിൽ **134** പത്ര കുറിപ്പുകൾ നൽകിയിട്ടുണ്ട്.

## അന്വേഷണ വിഭാഗം

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സംശയ നിവാരണത്തിനായും, വിവിധ അന്വേഷണങ്ങൾക്കായും നിത്യേന കമ്മിഷനെ സമീപിക്കുന്ന നൂറ് കണക്കിന് ഉദ്യോഗാർത്ഥികൾക്ക്, ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിന് ഒരു എൻക്വയറി ഓഫീസർ, അഞ്ച് അസിസ്റ്റന്റുമാർ എന്നിവരടങ്ങുന്ന സംഘം ആസ്ഥാന ഓഫീസിലെ അന്വേഷണ വിഭാഗത്തിൽ സ്തുത്യർഹമായ സേവനം നടത്തിവരുന്നു പതിവ് ഓഫീസ്

സമയത്തിനുപരിയായി എല്ലാ പ്രവൃത്തിദിനങ്ങളിലും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ അന്വേഷണ വിഭാഗം തുടർച്ചയായി പ്രവർത്തിച്ചുവരുന്നു.

## പി.എസ്.സി ബുള്ളറ്റിൻ പ്രസിദ്ധീകരണം

പി.എസ്.സി. യുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ പി.എസ്.സി. ബുള്ളറ്റിൻ 01.06.1997-ൽ പുറത്തിറക്കിയ വാല്യത്തിലൂടെ പുനഃപ്രസിദ്ധീകരണം ആരംഭിച്ചു. പുനഃ പ്രസിദ്ധീകരണം തുടങ്ങിയതുമുതൽ എല്ലാ മാസവും 1, 15 തീയതികളിൽ ദ്വൈവാരികയായി (വർഷത്തിൽ 24 ലക്കങ്ങൾ) പി.എസ്.സി ബുള്ളറ്റിൻ മുടക്കമില്ലാതെ പ്രസിദ്ധീകരിച്ചുവരുന്നു.

സ്ഥിരം പംക്തികളായ സംശയങ്ങൾക്ക് മറുപടി, നിയമനം ഇതുവരെ, റാങ്ക്പട്ടികകൾ, ചുരുക്കപ്പട്ടികകൾ, അഭിമുഖ സമയക്രമം, പരീക്ഷാകലണ്ടർ, മുൻചോദ്യപേപ്പറുകൾ, പരിഷ്കരിച്ച ഉത്തര സൂചിക എന്നിവയ്ക്ക് പുറമേ, തൊഴിൽ അന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടും വിധം സമകാലികവും, ആനുകാലികമായ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തിവരുന്നു. ശാസ്ത്രവിഷയങ്ങളും സാംസ്ക്കാരിക വിഷയങ്ങളുമായി ബന്ധപ്പെട്ട പംക്തികളും പൊതുവിജ്ഞാനം, ലഘു ഗണിതം, മാനസിക കാര്യശേഷി പരിശോധന എന്നിവയുമായി ബന്ധപ്പെട്ട മാതൃകാ ചോദ്യപേപ്പറുക ളും പ്രസിദ്ധീകരിക്കുന്നു. വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ പി.എസ്.സി ബുള്ളറ്റിന്റെ പ്രധാന സവിശേഷതയാണ്.

റിപ്പോർട്ട് കാലയളവിൽ പി.എസ്.സി ബുള്ളറ്റിന്റെ 24 പതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബുള്ളറ്റിനുകളുടെ വിതരണത്തിനായി 41 പുതിയ ഏജൻറുമാരെക്കൂടി ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 12500 ചോദ്യോത്തരങ്ങളടങ്ങിയ പി,എസ്,സി ബുള്ളറ്റിൻ വിശേഷാൽ പതിപ്പിന്റെ 29000 കോപ്പികളും പി.എസ്.സി ഡയമണ്ട് ജൂബിലി വിശേഷാൽ പതിപ്പിന്റെ 10000 കോപ്പികളും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

### പി.എസ്.സി ബുള്ളറ്റിൻ വില്പനയുമായി ബന്ധപ്പെട്ട കണക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ചെലാൻ വഴി സമാഹരിച്ച തുക | 3,50,536.00 |
| ഡിമാന്റ് ഡ്രാഫ്റ്റ് | 16,45,420.00 |

| | |
|---|---|
| മണി ഓർഡർ | 2,33,190.00 |
| കൗണ്ടറിൽ നിന്നുള്ള വിറ്റുവരവ് | 47,350.00 |
| വാർഷിക വരിസംഖ്യയും പി.എസ്.സി ബുള്ളറ്റിൻ വിറ്റുവരവും | 15,03,400.00 |
| പ്രതിനിധികളിൽ നിന്ന് | 38,93,823 |
| **ആകെ** | 76,73,719.00 |

**( എഴുപത്തിയാറു ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുനൂറ്റി പത്തൊൻപത് രൂപ മാത്രം)**

## വിവരാവകാശ വിഭാഗങ്ങൾ

2005-ലെ വിവരാവകാശനിയമവുമായി ബന്ധപ്പെട്ട അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിനാണ് ഈ വിഭാഗം രൂപീകരിച്ചിട്ടുള്ളത്. ഉദ്യോഗാർത്ഥികളുടെ അന്വേഷണങ്ങളും/പരാതികളും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരം അപ്പീൽ അധികാരിയായിട്ടുള്ള ഒരു ജോയിന്റ് സെക്രട്ടറിയുടെ മേൽനോട്ടത്തിലാണ് ഈ സെക്ഷൻ പ്രവർത്തിച്ചുവരുന്നത്. 18 സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും 19 അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരും ഒരു അപ്പീൽ അധികാരിയുമാണ് ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ളത്.

അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പൊതു വിവരാവ കാശ ഓഫീസറായി നിയമിക്കുകയും ടി ഓഫീസറുടെ കീഴിൽ രണ്ട് സെക്ഷനുകൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രീകൃത സംവിധാനം 01/03/2014 മുതൽ കമ്മീഷന്റെ തീരുമാനപ്രകാരം നിലവിൽ വന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ തീരുമാനത്തിനെതിരെയുള്ള ഒന്നാമത്തെ അപ്പീൽ അപേക്ഷകൾ സ്വീകരിക്കുന്നതിനായി മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങളിലായി **താഴെ** പറയുന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സെക്ഷൻ ആഫീസർ | 2 |
| അസിസ്റ്റന്റുമാർ | 2 |
| കമ്പ്യൂട്ടർ അസിസ്റ്റൻറ് | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |

## 2005 വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട വകുപ്പുതല അച്ചടക്ക നടപടിയുടെ വിശദവിവരം

സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ശ്രീ.സിജുകുമാർ.ബി.യുടെ അപ്പീലിന്മേലുള്ള വിധി ന്യായത്തിൽ (AP No.2425(1)14/SIC) ഒരു വകുപ്പുതല അച്ചടക്ക നടപടി വിവരാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യിലെ പെയിന്റർ തസ്തികയുടെ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ.സിജുകുമാർ.ബി., ശ്രീ.പ്രതീഷ് കുമാർ.എൽ., ശ്രീ. ജിനേഷ് കുമാർ.എം. എന്നിവർക്ക് വ്യത്യസ്ത മറുപടി നല്കിയതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത വിഷയം . ആയതിലേയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ട്.

## കേരള സംസ്ഥാനവിവരാവകാശ കമ്മീഷൻ ശുപാർശചെയ്ത അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ

13.11.2010- ൽ ഗവഃ സെക്രട്ടറിയേറ്റ് ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 349/2008) തസ്തികയിലേയ്ക്ക് നടന്ന ഒ.എം.ആർ. പരീക്ഷയുടെ സ്ലിപ് റ്റ് പകർപ്പ് ലഭിക്കുന്നതിനായുള്ള ശ്രീ.അരുൺകുമാർ.ആർ.വി.യുടെ രണ്ടാമത്തെ അപ്പീൽ ഹർജിയിന്മേൽ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 09.11.2016 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകന് ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നല്കുവാൻ ഉത്തരവായിരുന്നു. തുടർന്ന് ഒ.എം.ആർ.സെക്ഷനനിൽ നിന്നും അപേക്ഷകന്റെ ഒ.എം.ആർ. സ്ലിപ് റ്റ് ലഭ്യമല്ലായെന്നറിയിച്ചതിനെത്തുടർന്ന് അസ്സൽ ഒ.എം.ആർ.ഷീറ്റ് ലഭ്യമല്ലാത്തതുകൊണ്ട് 09.11.2016- ലെ ഉത്തരവ് നടപ്പിലാക്കാൻ കഴിയില്ലായെന്ന് SPIO കേരള സംസ്ഥാന വിവരാവകാശ കമ്മീഷനെ അറിയിക്കുകയുണ്ടായി. മേൽ വാദം കമ്മീഷൻ അംഗീകരിക്കാതെ ഒ.എം.ആർ. ഷീറ്റ് ലഭ്യമാക്കാത്തതിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ടി വിഷയത്തിൽ റിപ്പോർട്ട് തയ്യാറാക്കി പി.എസ്.സി.

സെക്രട്ടറിക്ക മുമ്പാകെ സമർപ്പിക്കുകയും ടി റിപ്പോർട്ട് തുടർ നടപടികൾ ക്കായി എസ്.എസ്.വിഭാഗത്തിലേയ്ക്ക് കൈമാറുകയും ചെയ്തു.

പരാമർശം:

1) IDS1(1)2253/16/GW dated 13.03.2017

2) SIC No AP 866(1)/2015/SIC (File No. 5390/SIC-G 4/2015)

## വിവരാവകാശ നിയമവുമായി ബന്ധപ്പെട്ടു കൈക്കൊണ്ട വകുപ്പുതല അച്ചടക്ക നടപടി - ഇല്ല

റിപ്പോർട്ട് കാലയളവിലെ പ്രസ്തുത സെക്ഷനുകളുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ XXXIII മുതൽ XXXIX വരെയുള്ള അനുബന്ധത്തിൽ ഉൾപെടുത്തി യിട്ടുണ്ട്.

## ഗ്രന്ഥശാല

അംഗത്വം ജീവനക്കാർക്കും മെമ്പർമാർക്കുമായി പരിമിതപ്പെടുത്തിയിട്ടുള്ള ഒരു വായനാധിഷ്ഠിതമായ നിർദ്ദേശക ഗ്രന്ഥശാലയായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ഗ്രന്ഥശാല പ്രവർത്തിച്ചുവരുന്നു. കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങളും ഗ്രന്ഥശാലയിൽ കൈകാര്യം ചെയ്യുന്നു.

1 കമ്മീഷൻ മുൻ കാലഘട്ടത്തിൽ നടത്തിയിട്ടുള്ള വകുപ്പുതല പരീക്ഷകളുടെയും, മത്സര പരീക്ഷകളുടെയും ചോദ്യപേപ്പറുകളുടെ സൂചിക തയ്യാറാക്കൽ

2 കമ്മീഷൻ കേരള സർക്കാർ ഗസറ്റിൻ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങളുടെ സൂചിക തയ്യാറാക്കൽ

3 ഗ്രന്ഥശാലയിൽ ലഭ്യമാകുന്ന പുസ്തകങ്ങളുടെ തരംതിരിക്കലും പട്ടിക തയ്യാറാക്കലും

4 റെഡി റെഫറൻസ് സേവനം

# അദ്ധ്യായം - 6

## വരവ് ചെലവുകൾ, കത്തിടപാടുകൾ, ആന്തരിക കണക്ക് പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനരീതി

### വരവും ചെലവും

വകുപ്പുതലപരീക്ഷകൾക്കുള്ള അപേക്ഷാഫീസ്, വകുപ്പുതലപരീക്ഷയുടെ സർട്ടിഫിക്കറ്റ് ഫീസ്, കോർട്ട്ഫീസ്റ്റാമ്പുകൾ, ഇന്ത്യൻ പോസ്റ്റൽഓർഡർ, പി.എസ്.സി ബുള്ളറ്റിൻ തുടങ്ങിയ വയുടെ വിൽപന വഴി ലഭ്യമായ ആകെ വരവ് **5,95,63,781/-** രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ ആകെ വരവ് **3,68,02,950/-** രൂപയായിരുന്നു. നടപ്പ സാമ്പത്തിക വർഷത്തെ ആകെ ആഡിറ്റ് എസ്റ്റിമേറ്റ് (അനുവദിച്ചത്) **204,01,61,000/-** രൂപയാണ്. മുൻ സാമ്പത്തിക വർഷത്തെ **187,17,94,705/-** രൂപയെ അപേക്ഷിച്ച് റിപ്പോർട്ട് കാലയളവിലെ ആകെ ചെലവ് **164,90,86,848/-** രൂപയാണ്. കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ പരീക്ഷാ സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി **300,00,000/-**രൂപ ബഡ്ജറ്റ് അലോട്ട്മെന്റായി (പ്ലാൻ ഫണ്ട്) അനുവദിക്കുകയും 2,99,82,329/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

വരവ് ചെലവ് കണക്കുകളുടെ വിശദാംശം അനുബന്ധം **II**-ൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

### ആന്തരിക കണക്ക് പരിശോധനാ വിഭാഗം

30/03/2005 ലെ എസ്റ്റാ II (1) 1/2004/ഗ.വി ഉത്തരവ് പ്രകാരം ആദ്യമായി ഒരു ആന്തരിക കണക്ക് പരിശോധനാവിഭാഗം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ 01/04/2005 ൽ ആരംഭിക്കുകയും ചെയ്തു. 2018-19 കാലയളവിൽ താഴെ പട്ടികയിലെ വിവരപ്രകാരം, ആസ്ഥാന, മേഖലാ, ജില്ലാ ആഫീസുകളിലെ സാമ്പത്തിക കാര്യങ്ങളിൽ ഈ വിഭാഗം പരിശോധനകൾ നടത്തിയിരുന്നു.

| ക്രമ ന മ്പർ | ആഫീസിന്റെ പേര് | കണക്ക് പരിശോധനാ കാലഘട്ടം | പരിശോധനാ തീയതി |
|---|---|---|---|
| 1 | ജില്ലാ ആഫീസ് കാസർഗോഡ് | 01/05/2017-30/04/2018 | 21/05/2018-24/05/2018 |
| 2 | ജില്ലാ ആഫീസ് തൃശ്ശൂർ | 01/06/2017-31/05/2018 | 26/06/2018-29/06/2018 |
| 3 | ജില്ലാ ആഫീസ് മലപ്പുറം | 01/07/2017-30/06/2018 | 24/07/2018-27/07/2018 |

| | | | |
|---|---|---|---|
| 4 | ജില്ലാ ആഫീസ് എറണാകുളം | 01/08/2017-31/07/2018 | 06/08/2018-09/08/2018 |
| 5 | ജില്ലാ ആഫീസ് ആലപ്പുഴ | 01/09/2017-31/08/2018 | 11/09/2018-14/09/2018 |
| 6 | ജില്ലാ ആഫീസ് കോഴിക്കോട് | 01/09/2017-31/08/2018 | 25/09/2018-28/09/2018 |
| 7 | ജില്ലാ ആഫീസ് കൊല്ലം | 01/10/2017-30/09/2018 | 23/10/2018-26/10/2018 |
| 8 | ജില്ലാ ആഫീസ് വയനാട് | 01/11/2017-31/10/2018 | 13/11/2018-16/11/2018 |
| 9 | ജില്ലാ ആഫീസ് കണ്ണൂർ | 01/12/2017-30/11/2018 | 04/12/2018-07/12/2018 |
| 10 | ജില്ലാ ആഫീസ് ഇടുക്കി | 01/12/2017-30/11/2018 | 18/12/2018-21/12/2018 |
| 11 | ജില്ലാ ആഫീസ് പത്തനംതിട്ട | 01/01/2018-31/12/2018 | 15/01/2019-18/01/2019 |
| 12 | ജില്ലാആഫീസ് കോട്ടയം | 01/01/2018-31/12/2018 | 29/01/2019-01/02/2019 |
| 13 | ജില്ലാ ആഫീസ് തിരുവനന്തപുരം | 01/02/2018-31/01/2018 | 19/02/2019-22/02/2019 |
| 14 | ജില്ലാ ആഫീസ് പാലക്കാട് | 01/03/2018-28/02/2018 | 19/03/2019-22/03/2019 |
| 15 | മേഖലാ ആഫീസ് കൊല്ലം | 01/06/2017-31/05/2018 | 04/06/2018-06/06/2018 |
| 16 | മേഖലാ ആഫീസ് കോഴിക്കോട് | 01/07/2017-30/06/2018 | 10/07/2018-12/07/2018 |
| 17 | മേഖലാആഫീസ് എറണാകുളം | 01/08/2017-31/07/2018 | 04/09/2018-06/09/2018 |

മുൻപട്ടികയിൽ വിവരിച്ചത് കൂടാതെ ആസ്ഥാനആഫീസിലെ അക്കൗണ്ട്സ് സെക്ഷനിൽ പരിശോധന നടത്തുകയും ചെയ്തു. കൃത്യമായ മിച്ചം തുക മനസ്സിലാക്കുന്നതി നായി ആസ്ഥാന ഓഫീസിലെ ക്യാഷ് ചെസ്റ്റിന്റെ ആകസ്മിക പരിശോധനകളും നടത്തിയിട്ടുണ്ട്. സെക്രട്ടറി, മൂന്ന് അഡീഷണൽ സെക്രട്ടറിമാർ, കൺട്രോളർ ഓഫ് ഫിനാൻസ് ഉൾപ്പെടെ രണ്ട് ജോയിൻറ് സെക്രട്ടറിമാർ എന്നിവർ അടങ്ങിയ ഇന്റേണൽ ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി 18/05/2018, 01/09/2018, 12/12/2018 & 28/03/2019 എന്നീ തീയതികളിൽ സെക്രട്ടറിയുടെ ചേമ്പറിൽ വച്ച് വിലയിരുത്തൽ യോഗങ്ങൾ ചേരുകയുണ്ടായി.

## കത്തിടപാടുകൾ

സർക്കാരിൽ നിന്നും, വിവിധ വകുപ്പ് മേധാവികളിൽ നിന്നും,വിവിധ കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണസ്ഥാപനങ്ങൾ, സർവ്വകലാശാലകൾ

എന്നിവിടങ്ങളിൽ നിന്നുള്ള കത്തുകളായും ഉദ്യോഗാർത്ഥികളിൽ നിന്നുള്ള പലയിനത്തിലുള്ള പരാതികളായും ആകെ **97,417**,കത്തുകൾ റിപ്പോർട്ട് കാലയളവിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ **35,364**,എണ്ണം ആസ്ഥാന ആഫീസിലും, **6,193** എണ്ണം മേഖലാ ആഫീസുകളിലും **55,860**എണ്ണം ജില്ലാ ആഫീസുകളിലുമാണ് ലഭിച്ചത്. **2,307** എണ്ണം സർക്കാരിൽ നിന്നും **49,912** എണ്ണം വിവിധ വകുപ്പുകളുടെയും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ മേധാവികളിൽ നിന്നുമാണ് ലഭ്യമായത്. **45,198** എണ്ണം പരാതി കളും മറ്റ് അനാമത്ത് കത്തുകളുമാണ്.


## കത്തിടപാടുകൾ ഒറ്റനോട്ടത്തിൽ

**2018-19 ൽ ലഭിച്ച കത്തിടപാടുകൾ**

| | | സർക്കാരിൽ നിന്നും | വകുപ്പ മേധാവികളിൽ നിന്നും | ഉദ്യോഗാർത്ഥികളിൽ നിന്നും | അനാമത്ത് വക | ആകെ |
|---|---|---|---|---|---|---|
| ആസ്ഥാന ആഫീസ് | | 574 | 12395 | 1643 | 20752 | 35364 |
| മേഖല ആഫീസ് | കൊല്ലം | 0 | 1371 | 0 | 663 | 2034 |
| | എറണാകുളം | 0 | 747 | 0 | 1645 | 2392 |
| | കോഴിക്കോട് | 0 | 1725 | 0 | 42 | 1767 |
| 1 | തിരുവനന്തപുരം | 0 | 3139 | 0 | 1689 | 4828 |
| 2 | കൊല്ലം | 5 | 2014 | 0 | 438 | 2457 |
| 3 | പത്തനംതിട്ട | 7 | 2132 | 0 | 949 | 3088 |
| 4 | ആലപ്പുഴ | 31 | 1253 | 524 | 1157 | 2965 |
| 5 | കോട്ടയം | 19 | 2630 | 0 | 1100 | 3749 |
| 6 | ഇടുക്കി | 19 | 2702 | 0 | 911 | 3632 |
| 7 | എറണാകുളം | 60 | 2705 | 0 | 1713 | 4478 |
| 8 | തൃശ്ശൂർ | 0 | 2337 | 3491 | 52 | 5880 |
| 9 | പാലക്കാട് | 0 | 2518 | 0 | 1112 | 3630 |
| 10 | മലപ്പുറം | 1238 | 1576 | 0 | 1772 | 4586 |
| 11 | കോഴിക്കോട് | 200 | 4998 | 0 | 1550 | 6748 |
| 12 | വയനാട് | 41 | 1222 | 0 | 897 | 2160 |
| 13 | കണ്ണൂർ | 55 | 2464 | 0 | 2262 | 4781 |

| | | | | | | |
|---|---|---|---|---|---|---|
| 14 | കാസർഗോഡ് | 58 | 1984 | 0 | 836 | 2878 |
| ആകെ | | **2307** | **49912** | **5658** | **39540** | **97417** |

## ലഭിച്ച കത്തിടപാട്ടുകൾ- ഗ്രാഫ് രൂപത്തിൽ





## അയച്ചകത്തുകൾ


റിപ്പോർട്ട് കാലയളവിനുള്ളിൽ **1,53,074** കത്തുകൾ ഉദ്യോഗാർത്ഥികൾക്ക പുറമേ വിവിധ സർക്കാ ർ വകുപ്പകൾ, വകുപ്പു മേധാവികൾ, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവക്കായി അയച്ചിട്ടുണ്ട്. ഇതിൽ **55,203** എണ്ണം ആസ്ഥാന ആഫീസിൽ നിന്നും **13,305**എണ്ണം മേഖലാ ആഫീസുകളിൽ നി ന്നും **84,566** എണ്ണം ജില്ലാ ആഫീസുകളിൽ നിന്നുമാണ് അയച്ചത്. **4,821** എണ്ണം സർക്കാരിലേക്കും, **64,003** എണ്ണം വിവിധ വകുപ്പുകളുടെയും, കമ്പനികൾ, കോർപ്പറേഷനുകൾ, ബോർഡുകൾ , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും, സഹകരണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളടെയും മേധാവികൾക്കുമാണ് അയച്ചത്. ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് രൂപത്തിലും നിരസന അറിയിപ്പായും **73,247** കത്തിടപാട്ടുകൾ നടത്തിയിട്ടുണ്ട്. ഇതിൽ **28,873**,എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **8,319** എണ്ണം മേഖലാ ആഫീസിൽ നിന്നും **36,055** എണ്ണം ജില്ലാ ആഫീസുകളിൽ നിന്നുമാണ് അയച്ചിട്ടുള്ളത്. അനാമത്ത് വകയിൽ **11,003** കത്തിടപാടുകൾ നടത്തിയിട്ടുള്ളതിൽ **747**എണ്ണം ആസ്ഥാന ആഫീസിൽ നിന്നും, **10,256**എണ്ണം മേഖലാ/ജില്ലാ ആഫീസുകളിൽ നിന്നുമാണ്.

## അയച്ച കത്തിടപാടുകൾ ഒറ്റനോട്ടത്തിൽ

| 2018-19 ൽ അയച്ച കത്തിടപാടുകൾ | | | | | | |
|---|---|---|---|---|---|---|
| | | സർക്കാരി ലേയ്ക്ക് | വകുപ്പ് മേധാവി കൾക്ക് | ഉദ്യോഗാർ ത്ഥി കൾക്ക് | അനാമത്ത് വക | ആകെ |
| ആസ്ഥാന ആഫീസ് | | 1993 | 23590 | 28873 | 747 | 55203 |
| മേഖലാ ആഫീസ് | കൊല്ലം | 0 | 983 | 2290 | 5 | 3278 |
| | എറണാകുളം | 0 | 1220 | 4624 | 589 | 6433 |
| | കോഴിക്കോട് | 0 | 2155 | 1405 | 34 | 3594 |
| 1 | തിരുവനന്തപുരം | 0 | 2649 | 7019 | 0 | 9668 |
| 2 | കൊല്ലം | 0 | 2903 | 4877 | 298 | 8078 |
| 3 | പത്തനംതിട്ട | 8 | 2854 | 1753 | 137 | 4752 |
| 4 | ആലപ്പുഴ | 20 | 1998 | 1210 | 302 | 3530 |
| 5 | കോട്ടയം | 2321 | 901 | 3273 | 136 | 6631 |
| 6 | ഇടുക്കി | 10 | 2393 | 2965 | 233 | 5601 |
| 7 | എറണാകുളം | 55 | 1203 | 4090 | 1984 | 7322 |
| 8 | തൃശ്ശൂർ | 0 | 2752 | 0 | 1382 | 4134 |
| 9 | പാലക്കാട് | 0 | 1996 | 3119 | 807 | 5922 |
| 10 | മലപ്പുറം | 65 | 2391 | 3758 | 1323 | 7537 |
| 11 | കോഴിക്കോട് | 240 | 5200 | 1500 | 45 | 6985 |
| 12 | വയനാട് | 35 | 1652 | 1672 | 13 | 3372 |
| 13 | കണ്ണൂർ | 62 | 2866 | 0 | 2115 | 5043 |
| 14 | കാസർഗോഡ് | 12 | 4297 | 819 | 853 | 5981 |
| ആകെ | | **4821** | **64003** | **73247** | **11003** | **153074** |

## അയച്ച കത്തിടപാടുകൾ- ഗ്രാഫ് രൂപത്തിൽ




# അദ്ധ്യായം – 7

# പരീക്ഷകൾ

## പരീക്ഷാവിഭാഗം

പരീക്ഷാവിഭാഗം, ഒരു അഡീഷണൽ സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്നു. വിവിധ തസ്തികകളിലേക്കുള്ള പരീക്ഷകൾ നടത്തുക എന്നതാണ് പരീക്ഷാ വിഭാഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല. സ്വീകാര്യമായ അപേക്ഷകൾ ഉൾക്കൊള്ളിച്ച് പട്ടികകൾ തയ്യാറാക്കുക, പരീക്ഷാകേന്ദ്രങ്ങൾ തീരുമാനിക്കുക, പരീക്ഷാ കൺഫർമേഷൻ നൽകിയ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് തയ്യാറാക്കുക, അവ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയാണ് മറ്റു കർത്തവ്യങ്ങൾ. ഉത്തരക്കടലാസുകളുടെ ക്രമീകരണം, മൂല്യ നിർണ്ണയം, ഫലം തയ്യാറാക്കൽ എന്നിവയും പരീക്ഷാ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ, **88,41,018** ഉദ്യോഗാർത്ഥി കളെ ഉൾപ്പെടുത്തി **91** എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷകളും **17,759** ഉദ്യോഗാർത്ഥി കളെ ഉൾപ്പെടുത്തി **67** ഓൺലൈൻ പരീക്ഷകളും വിവിധ തസ്തികകളിലേയ്ക്കായി നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ നടത്തിയ പരീക്ഷകളുടെ വിശദാംശം അനുബന്ധം **VI**-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അവസാന പത്ത് വർഷത്തിൽ വിവിധ പരീക്ഷകൾക്കായി (Written/OMR/Online) ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ വിശദാംശം (ഗ്രാഫ് രൂപത്തിൽ)




## അദ്ധ്യായം - 8


# തെരഞ്ഞെടുപ്പ്/നിയമനം - പൊതുവിൽ


### നിയമനം ഒറ്റനോട്ടത്തിൽ

| വിഷയം | 2017-2018 | 2018-2019 |
|---|---|---|
| വിജ്ഞാപനം ചെയ്ത തസ്തികകൾ | 1,058 | 623 |
| ലഭ്യമായ അപേക്ഷകൾ | 1,31,99,381 | 36,25,576 |
| എഴുത്തു പരീക്ഷയ്ക്ക് അനുവദിച്ചവർ | 97,06,181 | 88,58,777 |
| പ്രായോഗിക പരീക്ഷയ്ക്ക് അനുവദിച്ചവർ | 2,116 | 6,254 |
| കായികക്ഷമതാ പരീക്ഷയ്ക്ക് അനുവദിച്ചവർ | 10,388 | 37,398 |
| അഭിമുഖത്തിന് അനുവദിച്ചവർ | 26,867 | 42,010 |
| പ്രസിദ്ധീകരിച്ച ചുരുക്ക പട്ടികകൾ | 813 | 778 |
| പ്രസിദ്ധീകരിച്ച റാങ്ക്പട്ടികകൾ | 982 | 874 |
| നിലവിലുള്ള റാങ്ക്പട്ടികകൾ | 2,276 | 24,16 |
| റദ്ദായ/കാലഹരണപ്പെട്ട റാങ്ക്പട്ടികകൾ | 424 | 366 |
| നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ | 33,250 | 25,036 |

### നിയമനം ഒറ്റനോട്ടത്തിൽ (ഗ്രാഫ് രൂപത്തിൽ )






## <u>വിജ്ഞാപനങ്ങൾ</u>

റിപ്പോർട്ട് കാലയളവിൽ **623** തസ്തികകൾ വിവിധ വിഭാഗങ്ങളിലായി വിജ്ഞാപനം ചെയ്തു. വിജ്ഞാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം **III** ൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

## വിജ്ഞാപനം ചെയ്ത തസ്തികകൾ ഒറ്റനോട്ടത്തിൽ

| വിശദാംശം | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | പൊതു വിഭാഗം | പട്ടികജാതി/ വർഗ്ഗ വിഭാഗം | |
| സംസ്ഥാന സർവീസ് | 76 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 85 |
| സബോർഡിനേറ്റ് സർവീസ് | 57 | 27 | 4 | ഇല്ല | 367 | 24 | 479 |
| കമ്പനികൾ/ കോർപറേഷൻ/ ബോർഡുകൾ | 32 | 3 | 5 | ഇല്ല | ഇല്ല | 1 | 41 |
| സഹകരണ സ്ഥാപനങ്ങൾ | 17 | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല | 18 |
| അർഹതാനിർണയം യോഗ്യതാനിർണയം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| **ആകെ** | 182 | 39 | 9 | ഇല്ല | 368 | 25 | 623 |

സംവരണസമുദായങ്ങൾക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പിനായി **190** തസ്തികകൾ റിപ്പോർട്ട് കാലയളവിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രത്യേക തെരഞ്ഞെടുപ്പുവഴി നികത്തപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ അനുബന്ധം **XIII-** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംവരണ സമുദായങ്ങൾക്കായുള്ള പ്രത്യേക(N.C.A)വിജ്ഞാപനം – ഒറ്റനോട്ടത്തിൽ

| വിശദാംശങ്ങൾ | സംസ്ഥാനതലം | ജില്ലാതലം | ആകെ |
|---|---|---|---|
| സംസ്ഥാന സർവ്വീസ് | 23 | ഇല്ല | 23 |
| സബോർഡിനേറ്റ് സർവ്വീസ് | 10 | 135 | 145 |
| കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ | 12 | ഇല്ല | 12 |
| സഹകരണ സ്ഥാപനങ്ങൾ | 5 | 5 | 10 |
| **ആകെ** | 50 | 140 | 190 |

## തെരഞ്ഞെടുപ്പിനുള്ള അപേക്ഷകൾ

വിവിധ തസ്തികകളിലെ തെരഞ്ഞെടുപ്പിനായി ആകെ ലഭ്യമായ അപേക്ഷകൾ **36,25,576** ആണ്. ഇതിൽ **20,46,914**എണ്ണം സംസ്ഥാനതല തെരഞ്ഞെടുപ്പുകൾക്കും **15,74,764**എണ്ണം ജില്ലാതല തെരഞ്ഞെടുപ്പുകൾക്കുമാണ് ലഭിച്ചത്.

### വിശദാംശം ചുവടെ പട്ടികയിൽ.

| വിശദ വിവരങ്ങൾ | ആസ്ഥാന ആഫീസ് | | മേഖലാ ആഫീസ് | | ജില്ലാ ആഫീസ് | | ആകെ |
|---|---|---|---|---|---|---|---|
| | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | പൊതു വിജ്ഞാപനം | പ്രത്യേക വിജ്ഞാപനം | |
| സംസ്ഥാന സർവ്വീസ് | 1,17,812 | 77,035 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | **1,94,847** |
| സബോർഡിനേറ്റ് സർവ്വീസ് | 11,73,489 | 1,55,476 | 1,50,672 | ഇല്ല | 14,31,783 | 1,40,022 | **30,51,442** |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 2,22,435 | 52,243 | 55,656 | ഇല്ല | ഇല്ല | 3898 | **33,232** |
| സഹകരണ സ്ഥാപനങ്ങൾ | 42096 | ഇല്ല | ഇല്ല | ഇല്ല | 2,959 | ഇല്ല | **45,055** |
| **ആകെ** | **1555832** | **284754** | **206328** | ഇല്ല | **1434742** | **143920** | **36,25,576** |


## കഴിഞ്ഞ പത്തു വർഷത്തിൽ ലഭ്യമായ അപേക്ഷകളുടെ താരതമ്യ വിശകലനം

### എ) പട്ടിക രൂപത്തിൽ

| വർഷം | അപേക്ഷകളുടെ എണ്ണം |
|---|---|
| 2009-2010 | 29,43,872 |
| 2010-2011 | 42,45,693 |
| 2011-2012 | 17,13,064 |
| 2012-2013 | 34,69,844 |
| 2013-2014 | 60,49,288 |

| | |
|---|---|
| 2014-2015 | 58,11,567 |
| 2015-2016 | 46,54,692 |
| 2016-2017 | 1,01,59,398 |
| **2017-2018** | **1,31,99,381** |
| **2018-19** | **36,25,576** |

## ബി) ഗ്രാഫ് രൂപത്തിൽ




## തെരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ

റിപ്പോർട്ട് കാലയളവിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ തെരഞ്ഞെടുപ്പ് നടപടിയുടെ വിവിധ ഘട്ടങ്ങളിലാണ്.

## എഴുത്തു പരീക്ഷ/ഒ.എം.ആർ/ഓൺലൈൻ പരീക്ഷകൾ

റിപ്പോർട്ട് കാലയളവിൽ 88,41,018 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി 91 എഴുത്തു പരീക്ഷ/ ഒബ്ജക്ടീവ്ടൈപ്പ് പരീക്ഷകളും **17,759**,ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി **67** ഓൺലൈൻ പരീക്ഷകളും നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾക്ക് അനുബന്ധം **VI** കാണുക.

## പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ

**95** തസ്തികകൾക്കായി **43,652** ഉദ്യോഗാർത്ഥികൾ പ്രായോഗിക/ കായിക ക്ഷമതാ പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം **VII** ൽ ചേർത്തിട്ടുണ്ട്.

## അഭിമുഖം

**529** തസ്തികകളിലേക്ക് **42,010** ഉദ്യോഗാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിച്ചു. വിശദാംശം അനുബന്ധം **VIII** ൽ ചേർത്തിട്ടുണ്ട്.

## ചുരുക്കപ്പട്ടിക/റാങ്ക്പട്ടിക പ്രസിദ്ധീകരിക്കാനുള്ള തസ്തികകൾ

ഒ.എം.ആർ/ഓൺലൈൻ/എഴുത്തുപരീക്ഷ/പ്രായോഗികപരീക്ഷ/അഭിമുഖം കഴിഞ്ഞതും റാങ്ക്പട്ടിക/ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ളതുമായ തസ്തികകളുടെ വിശദാംശം അനുബന്ധം **IV** ൽ ചേർത്തിരിക്കുന്നു.

## തെരഞ്ഞെടുപ്പ് രീതി

കൃത്യനിർവഹണത്തിന്റെ സ്വഭാവമനുസരിച്ച് ഉദ്യോഗാർത്ഥികളുടെ ഗുണനിലവാരം നിർണ്ണയിക്കുകയും താഴെ പറയുന്നതിൽ ഒന്നോ അതിലധികമോ പ്രക്രിയകൾ വഴി തെരഞ്ഞെടുപ്പ് നടപടി പൂർത്തീകരിക്കുകയും ചെയ്യുന്നു.

1. എഴുത്തു/ഒഎംആർ/ഓൺലൈൻ പരീക്ഷ മാത്രം
2. എഴുത്തു/ഒഎംആർ/ഓൺലൈൻ പരീക്ഷ + പ്രായോഗിക പരീക്ഷ/ കായിക ക്ഷമതാ പരീക്ഷ
3. എഴുത്തു/ഒഎംആർ/ഓൺലൈൻ പരീക്ഷ + പ്രായോഗിക പരീക്ഷ/ കായിക ക്ഷമതാ പരീക്ഷ + അഭിമുഖം
4. എഴുത്തു/ ഒഎംആർ /ഓൺലൈൻ പരീക്ഷ + അഭിമുഖം
5. പ്രായോഗിക പരീക്ഷ/കായികക്ഷമതാ പരീക്ഷ + അഭിമുഖം
6. അഭിമുഖം മാത്രം

കോളേജുകളിലെയും, ഹയർ സെക്കന്ററി സ്കൂളുകളിലെയും അധ്യാപക തസ്തികകളു ടേതുൾപ്പെടെ ചില തെരെഞ്ഞെടു പ്പുകളിൽ ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ ശതമാനം കൂടി പരിഗണിച്ചു വരുന്നു.

## റിപ്പോർട്ട് വർഷത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ

കമ്മീഷന്റെ ആസ്ഥാന, മേഖലാ ജില്ലാ ആഫീസുകളിൽ നിന്നായി **1,85,473** ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി **874** റാങ്ക് പട്ടികകൾ വിവിധ തസ്തികകളിലേയ്ക്ക് റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചു.

വിശദാംശങ്ങൾ അനുബന്ധം IX-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നിലവിലുള്ള റാങ്ക് പട്ടികകൾ

**3,56,471** ഉദ്യോഗാർത്ഥികളുടെ പേരുകൾ ഉൾക്കൊള്ളുന്ന **2416** റാങ്ക്പട്ടികകൾ വിവിധ തസ്തികകളിലേക്ക് റിപ്പോർട്ട് കാലയളവിൽ നിലവിലുണ്ട്. (വിശദാംശങ്ങൾ അനുബന്ധം **X** - ൽ )

## കാലാവധി തീർന്ന/റദ്ദായ റാങ്ക് പട്ടികകൾ

**366** റാങ്ക് പട്ടികകൾ റിപ്പോർട്ട് കാലയളവിൽ കാലാവധി തീരുകയോ റദ്ദാകുകയോ ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം **XI** – ൽ )

റിപ്പോർട്ട് കാലയളവിൽ, ഒരു ഉദ്യോഗാർത്ഥിയെപോലും നിയമന ശിപാർശ ചെയ്യാതെ കാലാവധി അവസാനിച്ച **8 (എട്ട്)** റാങ്ക് പട്ടികകൾ ഉണ്ട്. (വിശദാംശങ്ങൾ അനുബന്ധം- **XII** ൽ )

## റാങ്ക് പട്ടികകൾ- ഒറ്റനോട്ടത്തിൽ

| വിശദാംശങ്ങൾ | റിപ്പോർട്ട് കാലയളവിൽ പ്രസിദ്ധീകരിച്ചവ | | റിപ്പോർട്ട് കാലയളവിൽ നിലവിലുള്ളവ | | കാലാവധി തീർന്നതോ/ റദ്ദായതോ ആയവ | |
|---|---|---|---|---|---|---|
| | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ | ജനറൽ | സ്പെഷ്യൽ |
| **ആസ്ഥാന ആഫീസ്** | | | | | | |
| സംസ്ഥാന സർവ്വീസ് | 122 | ഇല്ല | 205 | 16 | 18 | 19 |
| സബോർഡിനേറ്റ് സർവ്വീസ് | 78 | ഇല്ല | 184 | 46 | 34 | 5 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 42 | ഇല്ല | 150 | 3 | 34 | 5 |

| | | | | | | |
|---|---|---|---|---|---|---|
| സഹകരണ സ്ഥാപനങ്ങൾ | 27 | ഇല്ല | 62 | ഇല്ല | 8 | ഇല്ല |
| **മേഖലാ ആഫീസുകൾ** | | | | | | |
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | 50 | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 16 | ഇല്ല | 57 | ഇല്ല | 12 | ഇല്ല |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 6 | ഇല്ല | 34 | ഇല്ല | 5 | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | 1 | ഇല്ല | ഇല്ല | ഇല്ല | 1 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| **ജില്ലാ ആഫീസുകൾ** | | | | | | |
| സംസ്ഥാന സർവ്വീസ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 541 | 27 | 1440 | 88 | 188 | 35 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | ഇല്ല | ഇല്ല | 11 | ഇല്ല | ഇല്ല | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | 14 | ഇല്ല | 68 | 2 | 2 | ഇല്ല |


## നിയമന ശിപാർശകൾ

കമ്മീഷന്റെ ആസ്ഥാന/ജില്ലാ ആഫീസുകളിൽ നിന്നായി **25036** ഉദ്യോഗാർത്ഥികൾക്ക്(ഭിന്നശേഷി/തസ്തികമാറ്റം/എൻ.സി.എ എന്നിവ ഉൾപ്പെടെ) നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ

## നിയമന ശിപാർശ പട്ടിക രൂപത്തിൽ

| Details | Head Office | | | | | | | Regional Office | | | | | | | District Office | | | | | | | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | General | | Special | | PH | | B/T | General | | Special | | PH | | B/T | General | | Special | | PH | | B/T | |
| | M | F | M | F | M | F | | M | F | M | F | M | F | | M | F | M | F | M | F | | |
| State Service | 485 | 641 | 0 | 0 | 88 | | 76 | 776 | 1408 | 0 | 0 | 46 | 0 | 421 | | 0 | 0 | 0 | 0 | 0 | 0 | 3941 |
| Subordinate Service | 1495 | 1401 | 0 | 0 | | | | 163 | 149 | 0 | 0 | 18 | 0 | 0 | 5087 | 8266 | 40 | 43 | 413 | 0 | 742 | 17817 |
| Companies/Corporations/Boards/Universities | 1083 | 840 | 0 | 0 | 58 | 4 | 0 | 109 | 243 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2337 |
| Co-Operative Sector | 58 | 50 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 108 |
| NCA Advice | 114 | 138 | 0 | 0 | 0 | 0 | 0 | 8 | 5 | 0 | 0 | 0 | 0 | 0 | 187 | 381 | 0 | 0 | 0 | 0 | 0 | 833 |
| **TOTAL** | **3235** | **3070** | **0** | **0** | **146** | **4** | **76** | **1056** | **1805** | **0** | **0** | **64** | **0** | **421** | **5274** | **8647** | **40** | **43** | **413** | | **742** | **25036** |

## നിയമന ശിപാർശ ഗ്രാഫ് രൂപത്തിൽ





## റിപ്പോർട്ട് കാലയളവിൽ ഒ.സി, ബി.സി. ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിശദാംശം ചുവടെ

| | State Service | Subordinate Service | Companies/ Corpns/ Boards/ Universities etc. | Co-Operative Sector | Total |
|---|---|---|---|---|---|
| **EZHAVA** | | | | | |
| OC Turn | 476 | 2228 | 297 | 54 | **5755** |
| BC Turn | 443 | 1895 | 312 | 50 | |
| **Total** | **919** | **4123** | **609** | **104** | |
| **SC** | | | | | |
| OC Turn | 6 | 144 | 6 | 17 | **2137** |
| BC Turn | 297 | 1332 | 300 | 35 | |
| **Total** | **303** | **1476** | **306** | 52 | |
| **ST** | | | | | |
| OC Turn | 2 | 305 | 0 | 1 | **833** |
| BC Turn | 38 | 424 | 50 | 13 | |
| **Total** | **40** | **729** | **50** | **14** | |
| **MUSLIM** | | | | | |
| OC Turn | 84 | 656 | 15 | 7 | **3220** |
| BC Turn | 376 | 1784 | 256 | 42 | |
| **Total** | **460** | **2440** | **279** | **49** | |

| **LC/AI** |
|---|

| | | | | | |
|---|---|---|---|---|---|
| OC Turn | 8 | 102 | 1 | 3 | 891 |
| BC Turn | 139 | 534 | 89 | 15 | |
| **Total** | **147** | **636** | **90** | **18** | |
| **OBC** | | | | | |
| OC Turn | 86 | 566 | 64 | 14 | 1453 |
| BC Turn | 105 | 534 | 68 | 16 | |
| **Total** | **191** | **1100** | **132** | **30** | |
| **VISWAKARMA** | | | | | |
| OC Turn | 90 | 247 | 25 | 5 | 873 |
| BC Turn | 81 | 368 | 52 | 5 | |
| **Total** | **171** | **615** | **77** | **10** | |
| **DHEEVARA** | | | | | |
| OC Turn | 7 | 109 | 11 | 3 | 433 |
| BC Turn | 32 | 178 | 15 | 78 | |
| **Total** | **39** | **287** | **26** | **81** | |
| **SIUC NADAR** | | | | | |
| OC Turn | 16 | 83 | 12 | 2 | 351 |
| BC Turn | 35 | 184 | 15 | 4 | |
| **Total** | **51** | **267** | **27** | **6** | |
| **SCCC** | | | | | |
| OC Turn | 0 | 25 | 0 | 0 | 236 |
| BC Turn | 30 | 164 | 14 | 3 | |
| **Total** | **30** | **189** | **14** | **3** | |
| **HINDU-NADAR** | | | | | |
| OC Turn | 13 | 84 | 14 | 1 | 355 |
| BC Turn | 29 | 141 | 0 | 73 | |
| **Total** | **42** | **225** | **14** | **74** | |

## പൊതു, സംവരണ ഊഴങ്ങളിൽ നിയമന ശിപാർശ ലഭിച്ച സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിശദാംശം ഗ്രാഫ് രൂപത്തിൽ




റിപ്പോർട്ട് കാലയളവിൽ നടത്തിയ നിയമന ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധം XIII, XIV-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ നിയമന ശിപാർശകളുടെ താരതമ്യ വിശകലനം

| Year | No. of Advice |
|---|---|
| 2009-2010 | 51,213 |
| 2010-2011 | 42,505 |
| 2011-2012 | 33,919 |
| 2012-2013 | 29,925 |
| 2013-2014 | 33,001 |
| 2014-2015 | 27,213 |
| 2015-2016 | 26,234 |
| 2016-2017 | 38,166 |
| 2017-2018 | 33,250 |
| **2018-19** | **25,036** |

## കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ നിയമന ശിപാർശകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ)



## 2018-19 വർഷത്തെ ത്രോൺഔട്ടുകളുടെ (THROWN OUT / REGISTERED) വിശദവിവരം

| APPENDIX 41<br>Thrown out and Re-Registered details | | | | | |
|---|---|---|---|---|---|
| **SL No** | **Name of Post and Department** | **Date of Advice** | **No of post Adviced** | **Date of Re-Rgistration** | **Remarks** |
| **Thiruvananthapuram Head Office** | | | | | |
| **NIL** | | | | | |
| **Regional Offices** | | | | | |
| NIL | | | | | |
| **DISTRICT OFFICE PATHANAMTHITTA** | | | | | |
| 1 | LDC - VARIOUS | 16/07/2018 | 1 | 12/09/2018 (Deemed Thrown Out ) | |
| 2 | LDC - VARIOUS | 24/01/2019 | 1 | 08/02/2019 (Deemed Thrown Out ) | |
| **DISTRICT OFFICE ALAPPUZHA** | | | | | |
| 1 | LD TYPIIST VARIOUS | 07/02/18 | 1 | 21/04/2018 | |
| **DISTRICT OFFICEERNAKULAM** | | | | | |
| 1 | FTW-Land Revenue | 22/06/2018 | 1 | Deemed thrownout candidate 03/08/2018 | |
| 2 | OA-Land Revenue | 23/08/2018 | 1 | 22/12/2018 | |
| 3 | OA-Land Revenue | 10/09/18 | 1 | 22/12/2018 | |
| 4 | Chainman-Land Revenue | 11/07/18 | 3 | 22/12/2018 | |
| 5 | Chainman-Land Revenue | 07/06/18 | 3 | 26/12/2018 | |
| 6 | OA- Chemical Examinr Laboratory | 07/06/18 | 1 | Deemed thrownout candidate 01/01//2019 | |
| 7 | Driver Gr-II (LDV)- Various Dept | 05/07/18 | 1 | Deemed thrownout candidate 15/10/2018 | |
| **DISTRICT OFFICE MALAPPURAM** | | | | | |
| 1 | LGS-Various | 29/09/2018 | 1 | 01/01/19 | |
| 2 | LDC -Various | 21/11/2018 | 1 | 21/01/2019 | |
| 3 | LD Typist- Various | 13/12/2016 | 1 | 27/11/2018 | |
| **DISTRICT OFFICE KOZHIKKOD** | | | | | |
| 1 | CA Gr II- Various | 06/09/16 | 1 | 31/01/2019 | Re-advised on 15-03-2019 to Po lice Dept |
| **DISTRICT OFFICE WAYANAD** | | | | | |
| 1 | LDC -Various | 07/02/19 | 1 | 12/03/19 | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| **DISTRICT OFFICE KANNUR** | | | | | |
| 1 | LD Typist, Judicial (Civil) | 26/09/2018 | 1 | 14/02/2019 | |
| **All Other District Offices** | | | | | |
| **Nil** | | | | | |

# അദ്ധ്യായം- 9
# തെരഞ്ഞെടുപ്പ് നടപടികൾ- കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ/തദ്ദേശ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ

ഇന്ത്യൻ ഭരണഘടനയുടെ **321**-ാം ആർട്ടിക്കിൾ പ്രകാരം സംസ്ഥാന നിയമ നിർമാണ സഭകൾ പാസാക്കിയിട്ടുള്ള ആക്ടനുസരിച്ച് കമ്മീഷന് അധിക ചുമതല നിർവഹിക്കേണ്ട വിവിധ കമ്പനികൾ/ കോർപറേഷനുകൾ /ബോർഡുകൾ എന്നിവയിലെ വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധമായ വിഷയങ്ങൾ, ഒരു അഡീഷണൽ സെക്രട്ടറിയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന കോർപറേഷൻ വിഭാഗം കൈകാര്യം ചെയ്തു വരുന്നു. നിലവിൽ കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ തുടങ്ങി **102** സ്ഥാപനങ്ങളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (യൂണിവേഴ്സിറ്റികളെ സംബന്ധിച്ച അധിക ചുമതല) ആക്റ്റ് 2015 -ലെ ചട്ടം (3)അനുസരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അനധ്യാപക തസ്തികകളുടെ നിയമന കാര്യങ്ങൾ കൂടി കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട് (G.O.(P)No.7/2016/ H.Edn. Dated: 26.02.2016).

**<u>കമ്മീഷന്റെ പരിധിയിൽ വരുന്ന സർവ്വകലാശാലകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.</u>**

1. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി (CUSAT).
2. മഹാത്മാഗാന്ധി സർവ്വകലാശാല
3. കാലിക്കറ്റ് സർവ്വകലാശാല
4. കേരള കാർഷിക സർവ്വകലാശാല

5. ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

6. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)

7. കേരള സർവ്വകലാശാല .

8. കണ്ണൂർ സർവ്വകലാശാല .

9. കേരള വെറ്ററനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി.

10. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻറ് ഓഷ്യൻ സയൻസസ് .

11. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല.

12. എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല.

13. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് .

റിപ്പോർട്ട് കാലയളവിൽ കമ്പനികൾ/കോർപറേഷനുകൾ/ബോർഡുകൾ എന്നിവയിലെ **41** തസ്തികകളിലേയ്ക്കായി **3,34,232** അപേക്ഷകൾ സ്വീകരിക്കുകയും **2,337** ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം- 10

# തെരഞ്ഞെടുപ്പ്/നിയമനം-സഹകരണ വിഭാഗം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സഹകരണ സംഘങ്ങളെക്കുറിച്ചുള്ള അധികച്ചുമതല) ആക്ട് 1996 പ്രകാരം 15 സഹകരണ സൊസൈറ്റികളിലേയ്ക്കും ജില്ലാ സഹകരണ ബാങ്കുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്യുന്നതി നുള്ള അധികചുമതലകൾ കമ്മീഷനിൽ നിക്ഷിപ്തമാക്കി. 'ടി' ആക്ടുമായി ബന്ധപ്പെട്ട് 10/03/1998 ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (Consultation by committee of Co-operative Society) ചട്ടങ്ങൾ 1998 ൽ നിലവിൽ വരികയും ചെയ്തു. 'ടി' സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ ജോയിന്റ് സെക്രട്ടറിക്ക് കീഴിൽ പ്രവർത്തിക്കുന്ന കോ- ഓപ്പറേറ്റീവ് സെക്ടർ വിഭാഗത്തിൽ കൈകാര്യം ചെയ്തു വരുന്നു. **14** ജില്ലാ സഹകരണ ബാങ്കുകളിലേക്കും, **15** അപ്പെക്സ് സഹകരണ സൊസൈറ്റികളിലേക്കും, **3** മറ്റ് സൊസൈറ്റികളിലേയ്ക്കും നിയമന നടപടികൾ കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നു.

നിലവിൽ 32 സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് കമ്മീഷന്റെ അധികാരപരിധിയിലുള്ളത്.

റിപ്പോർട്ട് കാലയളവിൽ സഹകരണസ്ഥാപനങ്ങളിലെ 18 തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുകയും 45,055 അപേക്ഷകൾ ലഭ്യമാകുകയും 108 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

## അദ്ധ്യായം- 11

# പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായുള്ള പ്രത്യേക തെരഞ്ഞെടുപ്പ്

1958 ലെ കേരള സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ 17-A നിബന്ധനയുടെയും സർക്കാരിന്റെ പ്രത്യേക നയത്തിന്റെയും അടിസ്ഥാനത്തിൽ, നിയമനാധികാരികൾ ഒഴിവുകൾ എഴുതി അറിയിക്കുന്നതനുസരിച്ച് പട്ടിക ജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക തെരഞ്ഞെടുപ്പ് നടപടികൾ കമ്മീഷൻ തുടർന്ന് വരുന്നു.

## വിജ്ഞാപനങ്ങൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി **64** തസ്തികകളി ലേക്ക് കമ്മീഷൻ പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് വിജ്ഞാപനങ്ങൾ

| സേവന വിഭാഗം | **സംസ്ഥാനതലം** | ജില്ലാതലം |
|---|---|---|
| സംസ്ഥാന സർവ്വീസ് | 9 | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 27 | 24 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 3 | 1 |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല |
| **ആകെ** | **39** | **25** |

വിശദാംശങ്ങൾ അനുബന്ധം III- ൽ


## ലഭ്യമായ അപേക്ഷകൾ

റിപ്പോർട്ട് കാലയളവിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമായി വിജ്ഞാപനം ചെയ്ത **64** തസ്തികകളിലേയ്ക്ക് **4,28,674** അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

### പ്രത്യേക തെരഞ്ഞെടുപ്പ് – ലഭ്യമായ അപേക്ഷകൾ

| സേവന വിഭാഗം | സംസ്ഥാനതലം | | ജില്ലാതലം | | ആകെ |
|---|---|---|---|---|---|
| | തസ്തികകൾ | അപേക്ഷകൾ | തസ്തികകൾ | അപേക്ഷകൾ | |
| സംസ്ഥാന സർവ്വീസ് | 9 | 77,035 | ഇല്ല | ഇല്ല | 77,035 |
| സബോർഡിനേറ്റ് സർവ്വീസ് | 27 | 1,55,476 | 24 | 140022 | 2,95,498 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 3 | 52,243 | 1 | 3,898 | 56,141 |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | **39** | **2,84,754** | **25** | **1,43,920** | **4,28,674** |

### പ്രത്യേക തെരഞ്ഞെടുപ്പ് – ലഭ്യമായ അപേക്ഷകൾ (ഗ്രാഫ് രൂപത്തിൽ )




## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശ കൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടത്തിയ **755** നിയമന ശിപാർശകളുടെ വിശദാംശം അനുബന്ധം XIV ൽ ഉ ൾപ്പെടുത്തിയിരിക്കുന്നു.

| സേവനവിഭാഗം | സംസ്ഥാന തലം | | | | ജില്ലാതലം | | | |
|---|---|---|---|---|---|---|---|---|
| | പട്ടികജാതി | | പട്ടികവർഗ്ഗം | | പട്ടികജാതി | | പട്ടികവർഗ്ഗം | |
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| സംസ്ഥാന സർവ്വീസ് | 8 | 14 | 9 | 25 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സബോർഡിനേറ്റ് സർവ്വീസ് | 31 | 100 | 19 | 37 | 86 | 144 | 125 | 137 |
| കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ | 3 | 7 | 8 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സഹകരണ സ്ഥാപനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | **42** | **121** | **36** | **64** | **86** | **144** | **125** | **137** |

## പ്രത്യേക തെരഞ്ഞെടുപ്പ് – നിയമന ശിപാർശകൾ(ഗ്രാഫ് രൂപത്തിൽ )



സംവരണ വിഭാഗത്തിൽപ്പെട്ട ഒരു തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ തസ്തികകൾ പുന: വിജ്ഞാപനം ചെയ്യു ന്നു. യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം നിയമന ശിപാർശ നൽകാൻ കഴിയാതിരുന്ന തസ്തികകൾ അനുബന്ധം XVI- ൽ വിശദമാക്കിയിട്ടുണ്ട്.

## അദ്ധ്യായം- 12

# പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും തെരഞ്ഞെടുപ്പിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനകണക്ക്


പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായ ങ്ങൾക്കും നിയമനങ്ങളിൽ നൽകി വരുന്ന സംവരണ ഊഴങ്ങളുടെ ശതമാനക്കണക്ക് താഴെ പട്ടികയിൽ.

| സംവരണ വിഭാഗം | ശതമാനം | |
|---|---|---|
| | ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ | ലാസ്റ്റ് ഗ്രേഡിതര വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകൾ |
| ഈഴവ | 11 | 14 |
| പട്ടികജാതി | 8 | 8 |
| പട്ടികവർഗ്ഗം | 2 | 2 |
| മുസ്ലീം | 10 | 12 |
| ലത്തീൻ കത്തോലിക്കർ / ആംഗ്ലോ ഇൻഡ്യൻ | 4 | 4 |
| മറ്റ് പിന്നാക്ക വിഭാഗം | 6 | 3 |
| വിശ്വകർമ്മ | 2 | 3 |
| ധീവര | 2 | 1 |
| എസ്.ഐ.യു.സി നാടാർ | 2 | 1 |
| ഹിന്ദു നാടാർ | 1 | 1 |
| മറ്റ്കിസ്ത്യാനികൾ | 2 | 1 |

കമ്മീഷന്റെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകളിൽ ' scheduled caste converted to christianity 'എന്ന വിഭാഗത്തെ '0X' എന്ന പേരിലാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണിച്ച് ന്യൂനപക്ഷ കമ്മീഷൻ മുൻപാകെ BCCF ഇടുക്കി ജില്ലാ പ്രസിഡന്റ് സമർപ്പിച്ച ഹർജിയിന്മേൽ കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സർക്കാർ കത്ത് ലഭ്യമാക്കിയിരുന്നു.ബഹു. കമ്മീഷൻ ഇക്കാര്യം പരിശോധിക്കുകയും

KS&SSR ൽ പരിവർത്തിത ക്രിസ്ത്യാനികൾ എന്നതിന് 'Scheduled Caste Converts to Christionity ' എന്നാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ Appointment Chart,Rotation Chart,Ranked lists മുതലായവയിൽ 'OX' എന്ന് രേഖപ്പെടുത്തി വരുന്നതിന് പകരമായി ' scheduled caste converted to christianity ' എന്നതിനെ ചുരുക്കി SCCC എന്നാക്കി മാറ്റണമെന്ന് ബഹു. കമ്മീഷന്റെ 11.02.2019 തീയതിയിലെ 10 –ാം നമ്പർ തീരുമാന പ്രകാരം ഉത്തരവായി.

## മേൽ പട്ടികയുടെ ഗ്രാഫ് രൂപം




## അദ്ധ്യായം– 13
## മേഖലാ ആഫീസുകൾ

കൊല്ലം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളുടെചുമതല ജോയിൻറ് സെക്രട്ടറിയുടെ കേഡറിലുള്ള മേഖലാ ഓഫീസർ വഹിക്കുന്നു. ഓരോ മേഖലാ ഓഫീസിലേയും ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| മേഖലാ ഓഫീസ് | അണ്ടർ സെക്രട്ടറി | സെക്ഷൻ ആഫീസർ | എക്വറി ഓഫീസർ | ഓഫീസ് സൂപ്രണ്ട് | അസിസ്റ്റൻറ് | സിസ് റ്റം അനലിസ്റ്റ് | മറ്റുള്ളവർ |
|---|---|---|---|---|---|---|---|
| കൊല്ലം | 2 | 5 | 1 | 1 | 14 | 0 | 19 |
| എറണാകുളം | 2 | 4 | 1 | 1 | 13 | 1 | 19 |
| കോഴിക്കോട് | 1 | 4 | 1 | 1 | 12 | 1 | 22 |

കേരള സംസ്ഥാന ഗ്രാമ വികസന ബോർഡിലേയും തൃശ്ശൂർ ജില്ലയിലേയും മറ്റ് വടക്കൻ ജില്ലകളിലേയും വികസന അതോറിട്ടികളിലേയും വിവിധ കമ്പനി/ ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്., വി.എച്ച്.എസ്.ഇ.യിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ, കെ.എസ്.എഫ്.ഇ.യിലെ ചില തസ്തികകളുടെ നിയമനം എന്നിവയുമായി ബന്ധപ്പെട്ട ചുമതലകൾ കോഴിക്കോട് മേഖലാ ആഫീസിൽ നിർവഹിക്കുന്നു. മുൻസിപ്പൽ കോമൺ സർവീസ്, വിശാല കൊച്ചി വികസന അതോറിട്ടി, എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി.യിലെ ചില തസ്തികകൾ, വിവിധ കമ്പനി/കോർപ്പ റേഷനുകൾ, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവയിലെ വിവിധ തസ്തികകളിലേ ക്കുള്ള തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ എറണാകുളം മേഖലാ ആഫീസിൽ നിർവഹിക്കുന്നു. തിരുവനന്തപുരം, ഇടുക്കി വികസന അതോറിറ്റികളിലെയും, കൊല്ലം മേഖ ലയ്ക്ക് കീഴിൽ വരുന്ന മറ്റ് വികസന അതോറിറ്റികളിലെയും ഫയർ ആന്റ് റെസ്ക്യൂ സർവീസ്, കമ്പനി/ കോർപ്പറേഷൻ, കെ.എഫ്.സി., കെ.എസ്..ആർ.ടി.സി. എന്നിവിടങ്ങളിലെ തസ്തികകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ കൊല്ലം മേഖലാ ആഫീസിൽ ചെയ്തു വരുന്നു.

ജോലി ക്രമീകരണത്തിനായി ജില്ലാ ഓഫീസുകളെ താഴെ പറയും പ്രകാരം മേഖലകളായി തിരിച്ചിരിക്കുന്നു.

| **മേഖല** | **ജില്ലകൾ** |
|---|---|
| കോഴിക്കോട് (ഉത്തരമേഖല) | വയനാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, |
| എറണാകുളം (മദ്ധ്യമേഖല) | പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, ഇ ടുക്കി |
| കൊല്ലം(ദക്ഷിണമേഖല) | തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം |

# അദ്ധ്യായം- 14
# ജില്ലാ ആഫീസുകൾ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് 14 ജില്ലകളിലും ജില്ലാ ആഫീസുകളുണ്ട്. ഇടുക്കി ജില്ലാ ആഫീസ് ഒഴികെയുള്ളവ അതത് ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇടുക്കി ജില്ലാ ആഫീസ് പ്രവർത്തിക്കുന്നത് കട്ടപ്പനയിലാണ്.

## ഓഫീസ് ഘടന

ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ജില്ലാ ആഫീസറുടെ കീഴിൽ ഓരോ ജില്ലാ ആഫീസും പ്രവർത്തിച്ച വരുന്നു. പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിനായി എല്ലാ ആഫീസിലും ഓരോ അന്വേഷണ വിഭാഗവും പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലാ ഓഫീസിലേയും ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ജില്ല | അണ്ടർ സെക്രട്ടറി | സെക്ഷൻ ഓഫീസർ | ഓഫീസ് സൂപ്രണ്ട് | അസിസ്റ്റൻറ് | മറ്റുള്ളവർ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 8 | 1 | 25 | 16(Daily 1) |
| 2 | കൊല്ലം | 2 | 7 | 1 | 22 | 22 (Daily-2) |
| 3 | പത്തനംതിട്ട | 2 | 6 | 1 | 18 | 17 daily 2) |
| 4 | ആലപ്പുഴ | 2 | 7 | 1 | 21 | 19 (Daily 2) |
| 5 | കോട്ടയം | 2 | 8 | 1 | 18 | 21(Daily 2 |
| 6 | ഇടുക്കി | 2 | 6 | 1 | 18 | 16(Daily 3) |
| 7 | എറണാകുളം | 2 | 7 | 1 | 23 | 16(Daily 2) |
| 8 | തൃശ്ശൂർ | 2 | 8 | 1 | 22 | 21(Daily2) |
| 9 | പാലക്കാട് | 2 | 7 | 1 | 21 | 16(Daily 3) |
| 10 | മലപ്പുറം | 2 | 8 | 1 | 24 | 16 (Daily 3,T-1) |
| 11 | കോഴിക്കോട് | 2 | 7 | 1 | 21 | 20 (Daily 2) |
| 12 | വയനാട് | 2 | 6 | 1 | 18 | 14(Daily 2) |
| 13 | കണ്ണൂർ | 2 | 7 | 1 | 25 | 19(Daily 1) |
| 14 | കാസറകോട് | 2 | 6 | 1 | 17 | 18(Daily 2) |


## വിജ്ഞാപനങ്ങൾ

ജില്ലാതല നിയമനങ്ങൾക്കായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം III - ൽ ഉ ൾപ്പെടുത്തിയിട്ടുണ്ട്.

## വിജ്ഞാപനം ചെയ്ത തസ്തികകൾ– ജില്ലാതലം

| ക്രമ നം പർ | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | |
|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | കമ്പനികൾ, കോർപറേഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ | സബോർഡി നേറ്റ് സർവീസ് | കമ്പനികൾ/ കോർപറേ ഷൻ ബോർഡുകൾ | സഹകരണ സ്ഥാപനങ്ങൾ |
| 1 | തിരുവനന്തപുരം | 14 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | കൊല്ലം | 30 | ഇല്ല | ഇല്ല | 4 | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | 18 | ഇല്ല | ഇല്ല | 3 | 1 | ഇല്ല |
| 4 | ആലപ്പുഴ | 23 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല |
| 5 | കോട്ടയം | 26 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| 6 | ഇടുക്കി | 30 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| 7 | എറണാകുളം | 18 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | 24 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| 9 | പാലക്കാട് | 37 | ഇല്ല | ഇല്ല | 3 | ഇല്ല | ഇല്ല |
| 10 | മലപ്പുറം | 22 | ഇല്ല | ഇല്ല | 1 | ഇല്ല | ഇല്ല |
| 11 | കോഴിക്കോട് | 31 | ഇല്ല | 1 | 2 | ഇല്ല | ഇല്ല |
| 12 | വയനാട് | 24 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | 33 | ഇല്ല | 1 | 2 | ഇല്ല | ഇല്ല |
| 14 | കാസറകോട് | 38 | ഇല്ല | ഇല്ല | 2 | ഇല്ല | ഇല്ല |
| ആകെ | | **368** | ഇല്ല | **2** | **26** | **1** | ഇല്ല |

## വിജ്ഞാപനം ചെയ്ത തസ്തികകൾ- ജില്ലാതലം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ)(ഗ്രാഫ് രൂപം)




## ലഭ്യമായ അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക്


| ക്രമ നമ്പർ | ജില്ല | ജനറൽ റിക്രൂട്ട്മെന്റ് | | | | | | സ്പെഷ്യൽ റിക്രൂട്ട്മെന്റ് | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | സഹ: സ്ഥാപനങ്ങൾ | | സബോർഡിനേറ്റ് സർവീസ് | | കമ്പനികൾ/ കോർപ/ ബോർഡുകൾ | | സഹകരണ സ്ഥാപനങ്ങൾ | | |
| | | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | തസ് തിക | അപേക്ഷകർ | തസ്തിക | അപേക്ഷകർ | |
| 1 | തിരുവനന്തപുരം | 14 | 176176 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 176176 |
| 2 | കൊല്ലം | 30 | 135057 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 48542 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 183599 |
| 3 | പത്തനംതിട്ട | 18 | 68884 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 1428 | 1 | ഇല്ല | ഇല്ല | ഇല്ല | 74210 |
| 4 | ആലപ്പുഴ | 23 | 116770 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 116771 |
| 5 | കോട്ടയം | 26 | 85249 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 23 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 85272 |
| 6 | ഇടുക്കി | 30 | 62699 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 9 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 62717 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 7 | എറണാകുളം | 18 | 129873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | NIL | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 129873 |
| 8 | തൃശ്ശൂർ | 24 | 112419 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 112423 |
| 9 | പാലക്കാട് | 37 | 122713 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 6460 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 129173 |
| 10 | മലപ്പുറം | 22 | 134909 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 134911 |
| 11 | കോഴിക്കോട് | 31 | 129057 | ഇല്ല | ഇല്ല | 1 | 2628 | 2 | 1554 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 133239 |
| 12 | വയനാട് | 24 | 41963 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 26 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 41989 |
| 13 | കണ്ണൂർ | 33 | 95935 | ഇല്ല | ഇല്ല | 1 | 331 | 2 | 5121 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 101387 |
| 14 | കാസർഗോഡ് | 38 | 130519 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 76881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 207400 |
| **ആകെ** | | **368** | **1542223** | ഇല്ല | **ഇല്ല** | **2** | **2959** | **26** | **140051** | **1** | **ഇല്ല** | ഇല്ല | **ഇല്ല** | **1689131** |

ആകെ തസ്തികകൾ : **397**

ലഭ്യമായ ആകെ അപേക്ഷകൾ : **16,89,131**

## ജില്ലാ തലത്തിൽ ലഭിച്ച അപേക്ഷകൾ (ഗ്രാഫ് രൂപം)



## പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകകൾ

ജില്ലാതല തെരഞ്ഞെടുപ്പുകൾക്കായി പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം IX-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## റിപ്പോർട്ട് കാലയളവിന്റെ അവസാനം നിലവിലുള്ള റാങ്ക് പട്ടികകൾ

റിപ്പോർട്ട് കാലയളവിൽ നിലവിലുള്ള റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധം X ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാലഹരണപ്പെട്ടതും റദ്ദായതുമായ റാങ്ക് പട്ടികകൾ

ജില്ലാ ആഫീസുകളിൽ നിലവിലുണ്ടായിരുന്നതും റിപ്പോർട്ട് കാലയളവിൽ കാലഹരണപ്പെട്ടതും റദ്ദായതുമായ റാങ്ക് പട്ടികകളുടെ വിശദാംശങ്ങൾ അനുബന്ധം XI ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## നിയമന ശിപാർശകൾ

റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലാ ആഫീസുകളിൽ നിന്നും നൽകിയ ശിപാർശകളുടെ വിശദാംശം അനുബന്ധം XIII ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ.


## ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ

## (ജനറൽ റിക്രൂട്ട്മെന്റ്)

| ക്രമ നമ്പർ | ജില്ല | തസ്തികകൾ | നിയമനശിപാർശ ചെയ്ത ഉദ്യോഗാർത്ഥികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 81 | 1739 |
| 2 | കൊല്ലം | 59 | 1025 |
| 3 | പത്തനംതിട്ട | 50 | 812 |
| 4 | ആലപ്പുഴ | 49 | 711 |

| | | | |
|---|---|---|---|
| 5 | കോട്ടയം | 81 | 907 |
| 6 | ഇടുക്കി | 75 | 950 |
| 7 | എറണാകുളം | 54 | 1254 |
| 8 | തൃശ്ശൂർ | 78 | 1342 |
| 9 | പാലക്കാട് | 72 | 1354 |
| 10 | മലപ്പുറം | 128 | 940 |
| 11 | കോഴിക്കോട് | 98 | 1312 |
| 12 | വയനാട് | 134 | 682 |
| 13 | കണ്ണൂർ | 111 | 1248 |
| 14 | കാസർഗോഡ് | 96 | 1227 |
| **ആകെ** | | **1166** | **15503** |

## ജില്ലാ ആഫീസിൽ നിന്നും നൽകിയ നിയമന ശിപാർശകൾ (ജനറൽ റിക്രൂട്ട്മെന്റ്) (ഗ്രാഫ് രൂപം)



# അദ്ധ്യായം- 15
# തെരഞ്ഞെടുപ്പ്- പൊതുവിവരങ്ങൾ

## യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം

ജനറൽ റിക്രൂട്ട്മെന്റിൽ 49 തസ്തികകളി ലും സ്പെഷ്യൽ റിക്രൂട്ടമെൻറിൽ ഒരു തസ്തികയിലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടായിട്ടുണ്ട്.ഇത്തരത്തിലുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം XVI ൽ ഉൾപ്പടുത്തിയിട്ടുണ്ട്.

## നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളിൽ നിയമനം വൈകിയവ

റിപ്പോർട്ട് കാലയളവിൽ നിയമനം വൈകിയ 3 കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (വിശദാംശം അനുബന്ധം XVII)

## റിപ്പോർട്ട് ചെയ്ത ഒഴിവുകൾ റദ്ദാക്കിയവ

കമ്മീഷന് ഒഴിവുകൾ എഴുതി അറിയിച്ച ഒരു തസ്തിക ഈ റിപ്പോർട്ട് കാലയളവിൽ റദ്ദ് ചെയ് തിട്ടുണ്ട് .(വിശദാംശം അനുബന്ധം XV)

# അദ്ധ്യായം- 16

# വകുപ്പുതല പരീക്ഷകൾ

## വകുപ്പുതല പരീക്ഷകളുടെ നടത്തിപ്പ്

ജൂലൈ **2018** ലെ വകുപ്പുതല പരീക്ഷകൾ **25.07.2018** മുതൽ **18.08.2018** വരെയും, ജനുവരി **2019** ലെ വകുപ്പുതല പരീക്ഷകൾ **21.02.2019** മുതൽ **05.05.2019** വരെയുമാണ് നടത്തിയത്. ജനുവരി **2019** മുതൽ സെക്കന്റ് ലാംഗേജ് ടെസ്റ്റ്/മൈനോറിറ്റി ടെസ്റ്റ് എന്നിവയൊഴികെ മറ്റെല്ലാ വകുപ്പതല പരീക്ഷകളും ഓൺലൈൻ മുഖേനയാണ് നടന്നുവരുന്നത്. **01.04.17** മുതൽ **31.03.18** വരെ നടന്ന വിവിധ വകുപ്പുതല പരീക്ഷകളുടേയും, പേപ്പറുകളുടെയും

അഡ്മിറ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെയും പരീക്ഷാ കേന്ദ്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം XXVI A യിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

വിവിധ സ്പെഷ്യൽ പരീക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധം XXVI-B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഫലപ്രഖ്യാപനം

ജനുവരി 2018 ലെ വകുപ്പുതലപരീക്ഷയുടെ ഫലം **09.05.2018** ലും ജൂലൈ 2018 ലെ വകുപ്പുതല പരീക്ഷയുടെ ഫലം **06.12.2018** ലും പ്രസിദ്ധീകരിച്ചു. വിവിധ വകുപ്പുതല പരീക്ഷാഫലങ്ങളുടെ വിശദാംശം അനുബന്ധം XXVII A യിൽ ഉൾപ്പെട്ടുത്തിയിരിക്കുന്നു സ്പെഷ്യൽ ടെസ്റ്റുകളുടെ ഫലത്തിന്റെ വിശദാംശം അനുബന്ധം XXVII B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെ **73** കേന്ദ്രങ്ങളിലായി **115** (**7** സ്പെഷ്യൽ ടെസ്റ്റുകളും 15 യോഗ്യതാ പരീക്ഷകളും ഉൾപ്പെടെ) വകുപ്പുതല പരീക്ഷകളും അന്ധരായ പരീക്ഷാർത്ഥികൾക്കായി 13 വാചാപരീക്ഷകളും നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം XXVII C യിൽ. ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് സർവീസിലുള്ള ജൂനിയർ മെമ്പർമാർക്കുള്ള വകുപ്പുതല പരീക്ഷകളും അഡ്ഹോക് (Ad-hoc) പരീക്ഷകളും റിപ്പോർട്ട് കാലയളവിൽ നടത്തിയിട്ടുണ്ട്. ഫല പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം XXVII B യിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

## പുന:പരിശോധന

റിപ്പോർട്ട് കാലയളവിൽ ഉത്തരക്കടലാസിന്റെ പുന:പരിശോധനയ്ക്കായി **129** അപേക്ഷകൾ ലഭിച്ചു (ജനുവരി 2018 & ജൂലൈ 2018) ആയതിൽ **15** അപേക്ഷകൾ നിരസിച്ചു.

## വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം

റിപ്പോർട്ട് കാലയളവിൽ വകുപ്പുതല പരീക്ഷകളുടെ **14070** സർട്ടിഫിക്കറ്റുകൾ നല്കി.

## അദ്ധ്യായം- 17

# വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനോ, മെമ്പറോ ഉൾപ്പെടുന്ന വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ ശുപാർശയോടെ മാത്രമേ സ്റ്റേറ്റ് സർവ്വീസിൽ എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം പ്രാബല്യത്തിലാകൂ. വിവിധ വകുപ്പുകളിലായി വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയുടെ കീഴിൽ **377** മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ വിശദാംശങ്ങൾ അനുബന്ധം XXVIII-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം- 18

# സംസ്ഥാന സർവീസും, സബോർഡിനേറ്റ് സർവീസുമായി ബന്ധപ്പെട്ട നിയമങ്ങളും മറ്റ് ബന്ധപ്പെട്ട നിർദ്ദേശങ്ങളും

ഇന്ത്യൻ ഭരണഘടനയുടെ 320 (3) (എ) (ബി) ആർട്ടിക്കിൾ പ്രകാരം, സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും, ടി തസ്തികകളിലേക്കുള്ള നിയമന നടപടികളിൽ സ്വീകരിക്കേണ്ട രീതികളിലും, സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിലും, താഴ്ന്ന തസ്തികകളിൽ നിന്നും മറ്റ് സർവ്വീസിൽ നിന്നുമുള്ള തസ്തിക മാറ്റം, സ്ഥലംമാറ്റം സംബന്ധമായ വിഷയങ്ങളിലും സർക്കാരിനെ ഉപദേശിക്കുകയെന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രധാന ചുമതലകളാണ്.

**<u>സർക്കാർ സേവനവുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>**

a. ചട്ട രൂപീകരണത്തിനുള്ള വർഷത്തിന്റെ ആദ്യം നിലവിലുണ്ടായിരുന്ന നിർദ്ദേശങ്ങൾ : **2**
b. ചട്ടരൂപീകരണത്തിനായി റിപ്പോർട്ട് കാലയളവിൽ ലഭിച്ച നിർദ്ദേശങ്ങൾ : **8**
c. ചട്ടങ്ങൾക്ക മേൽ ഉപദേശം നൽകിയവ : **6**
d. റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ ചട്ടങ്ങളുടെ ഭേദഗതിക്കായി

ലഭിച്ച നിർദ്ദേശങ്ങളൾ : 17
e. ചട്ടങ്ങൾക്കുമേൽ ഭേദഗതി ഉപദേശം നൽകിയവ : 29
f. വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിനായി ലഭിക്കാനുള്ളവ : 10
g. ഭേദഗതിക്കായി നിർദ്ദേശങ്ങൾ റിപ്പോർട്ട് കാലയളവിൽ ലഭിച്ചത് : 31

## യോഗ്യതകളുടെ അംഗീകാരം

1) റിപ്പോർട്ട് വർഷം നിർദ്ദേശം ലഭിച്ചവ : ഇല്ല
2) റിപ്പോർട്ട് വർഷം ഉപദേശം നൽകിയവ : ഇല്ല
3) ഉപദേശം നൽകിയവയിൽ സർക്കാർ ഉത്തരവ് ഇറക്കിയവ : ഇല്ല
4) ഉപദേശം നൽകിയവയിൽ സർക്കാർ അംഗീകരിക്കാത്തവ : ഇല്ല

വിശദവിവരങ്ങൾ അനുബന്ധം XXIX ൽ നൽകിയിട്ടുണ്ട്.

## തെരഞ്ഞെടുപ്പ് ചട്ടങ്ങളും യോഗ്യതകളുടെ അംഗീകാരവും മറ്റ് അനാമത്ത് പരാമർശങ്ങളും സംബന്ധിച്ച നിയമോപദേശങ്ങളും നിയമ ഭേദഗതികളും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | വകുപ്പ് | തസ്തിക/തീരുമാനം |
|---|---|---|
| 1 | കോളേജ് വിദ്യഭ്യാസ വകുപ്പ് | കോളേജ് വിദ്യഭ്യാസ വകുപ്പിലെ സർവ്വീസ് റൂൾസ് (സംഗീത കോളേജ്) ഭേതഗതി |
| 2 | ഡ്രഗ് സ് കൺട്രോൾ സർവ്വീസ സ് | ഡെപ്യൂട്ടി ഡ്രഗ് സ് കൺട്രോൾ (ആയുർവേദ) |
| 3 | ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം | ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം സ്റ്റേറ്റ് സർവ്വീസ് |
| 4 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | റേഡിയോഗ്രാഫർ ഗ്രേഡ് 2 |
| 5 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ടീച്ചിങ് പോസ്റ്റ് |
| 6 | മോട്ടോർ വാഹന വകുപ്പ് | മോട്ടോർ വാഹന വകുപ്പ് സ്റ്റേറ്റ് സർവ്വീസ് |
| 7 | കേരള സംസ്ഥാന ആസൂത്രണ ബോർഡ് | അഗ്രോനോമിസ്റ്റ് |
| 8 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | തീയേറ്റർ ടെക്നീഷ്യൻ |
| 9 | മെഡിക്കൽ വിദ്യാഭ്യാസ | ടെക്നിക്കൽ അസിസ്റ്റന്റ് ( മെഷീനിസ്റ്റ് ) |

| | | |
|---|---|---|
| | സർവ്വീസ് | |
| 10 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ക്ലീനിക്കൽ സൈകോളൊജിസ്റ്റ് |
| 11 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ടീച്ചിങ് ഫാക്കൽറ്റി (പീഡിയാടിക്ക് നെഫ്രോളജി) |
| 12 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | അസിസ്റ്റന്റ് പ്രൊഫസ്സർ (കാർഡിയോളജി) |
| 13 | ആരോഗ്യ വകുപ്പ് | ബ്ലഡ് ബാങ് ടെക്നീഷ്യൻ |
| 14 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | കംപ്യൂട്ടർ പ്രോഗ്രാമർ |
| 15 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ടീച്ചിങ് ഫാക്കൽറ്റീസ് (ഫാമിലി മെഡിസിൻ, എമെർജെൻസി & ക്രിട്ടിക്കൽ കെയർ മെഡിസിൻ) |
| 16 | ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് | സ്പെഷ്യൻ റൂൾസ് (സബ് സർവ്വീസ്) |
| 17 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ഹെൽത്ത് എഡ്യൂകേറ്റർ |
| 18 | ഭക്ഷ്യസുരക്ഷാ വകുപ്പ് | ടെക്നിക്കൽ അസിസ്റ്റന്റ് ഇൻ അനലിറ്റിക്കൽ ലബോറട്ടറീസ് |
| 19 | ആരോഗ്യ വകുപ്പ് | അസിസ്റ്റന്റ് എന്റൊമോളജിസ്റ്റ് |
| 20 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | സയന്റിഫിക് അസിസ്റ്റന്റ് |
| 21 | മെഡിക്കൽ വിദ്യാഭ്യാസ സർവ്വീസ് | ടീച്ചിങ് ഫാക്കൽറ്റി (നിയോനാറ്റോളജി) |
| 22 | AV(3)452/2016/GW ലീഗൽ മെട്രോളജി - Assay Master, Junior Assay Master - വിശേഷാൽ ചട്ട ഭേദഗതി സംബന്ധിച്ച് | Assay Master, Junior Assay Master എന്നീ തസ്തികകളുടെ നിയമന രീതി, യോഗ്യത എന്നിവ സംബന്ധിച്ച് സർക്കാരിൽ  നിന്നും വന്ന ഭേദഗതി നിർദ്ദേശം കമ്മീഷൻ പരിശോധിക്കുകയും നിയമ രീതിയിലും യോഗ്യതയിലും ഭേതഗതി വരുത്തികൊണ്ട് ആയതു അംഗീകരിച്ചതായി സർക്കാരിനെ അറിയിക്കുകയും ചെയ്തു. |
| 23 | AV(1) 25670/2000/GW സംസ്ഥാന പുരാരേഖാ വകുപ്പിലെ മെൻറ്റർ, പ്രിസർവേഷൻ സൂപ്പർവൈസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെ യോഗ്യതകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് | 1) പ്രൊമോഷൻ സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ അംഗീകരിക്കാവുന്നതാണ്.<br><br>2) നിയമന രീതി :<br>a) സ്ഥാനകയറ്റം വഴി<br>b) 'a' -യുടെ അഭാവത്തിൽ, നേരിട്ടുള്ള നിയമനം.<br>നേരിട്ടുള്ള നിയമത്തിന് സർക്കാർ നിർദ്ദേശത്തിലെ യോഗ്യതകൾക്ക് പുറമേ, ബുക് ബയന്റിംഗിൽ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയം കൂടി ഉൾപ്പെടുത്താനും പ്രിസർവേഷൻ സൂപ്പർവൈസർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിന് താഴെ കുറിപ്പായി ' Before declaration of probatiion in the post of preservation supervisor, training in |

| | | |
|---|---|---|
| | | the field of conservation of records from national archieves of India must be completed succesfully എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്താവുന്നതാണെന്ന് സർക്കാരിനെ അറിയിച്ചു |
| 24 | AV(2) 25996/12/GW<br>കേരള സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് (KCP), SI (KCP), WSI (KCP) എന്നീ തസ്തികകളിലേയ്ക്ക് സർവ്വീസ് ക്വാട്ടയിൽ നിന്നും അപേക്ഷ സമർപ്പിക്കുന്നവരുടെ യോഗ്യത സംബന്ധിച്ച് | സർവ്വീസ് ക്വാട്ടയിൽ നിന്നും അപേക്ഷിക്കുന്നതിന് 2 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കണമെന്നും പോലീസ് വകുപ്പിലെ Armed Police Battalion -ന് രൂപീകരിച്ചിട്ടുള്ളതുപോലെ Kerala Civil Police Subordinate Service -നും പ്രത്യേകം വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സർക്കാരിനെ അറിയിച്ചു. |
| 25 | AV(2)16190/10/GW<br>എൻക്വയറി കമ്മീഷണർ, സ്പെഷ്യൽ ജഡ്ജസ്, വിജിലൻസ് ട്രൈബ്യൂണൽ ഓഫീസുകളിലെ ഡ്രൈവർ ഗ്രേഡ് II(LMV) തസ്തികയുടെ വിശേഷാൽ ചട്ടഭേദഗതി സംബന്ധിച്ച് | സർക്കാർ നൽകിയ കരട് ഭേദഗതി നിർദ്ദേശത്തിൽ ഡ്രൈവർ സീനിയർ ഗ്രേഡ്, ഡ്രൈവർ ഗ്രേഡ് I, ഡ്രൈവർ ഗ്രേഡ് II എന്നുള്ളത് യഥാക്രമം ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് സീനിയർ ഗ്രേഡ്, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് സീനിയർ ഗ്രേഡ് I , ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് സീനിയർ ഗ്രേഡ് II എന്ന് പുനർനാമകരണം ചെയ്യാനും, Rule 2 -ൽ Subrule (b) -യിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് സീനിയർ ഗ്രേഡ് II (LMV) - യുടെ നിയമന രീതിയിൽ ക്രമനമ്പർ രേഖപ്പെടുത്തേണ്ടതാണെന്നുമുള്ള കമ്മീഷൻ ഉപദേശം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| 26 | AV(2) 11005/14/GW<br>KS&SSR Part II Rule 17c -യിലെ ഭേദഗതി സംബന്ധിച്ച് | KSSR Part II Rule 17(c) -യിൽ താഴെപറയും പ്രകാരം മാറ്റം വരുത്തണമെന്ന് കമ്മീഷൻ കാണുകയും അപ്രകാരം സർക്കാരിലേയ്ക്ക് ഉപദേശം നൽകുകയും ചെയ്തു.<br>'In Rule 17(c), KS&SSR, the term 'before the finalisation of the Rank List' shall be replaced by the following: on or before the date fixed by the Commission for the production of documents'. |
| 27 | AV(2)17569/04/GW<br>KPSC-യിൽ ഓഫീസ് സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് സി.എ എന്നീ തസ്തികകളിലേയ്ക്ക് പട്ടിക ജാതി / പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ട് നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടം നിലവിലില്ലാത്തതിനാൽ എക്സിക്യൂട്ടീവ് ഉത്തരവ് | സ്ഥാനക്കയറ്റമുള്ള തസ്തികകളായ ഓഫീസ് സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് സി.എ എന്നിവയുടെ ഫീഡർ കാറ്റഗറി തസ്തികകളുടെ യോഗ്യത സംബന്ധിച്ചുള്ള വിവരം സർക്കാരിനെ അറിയിച്ചുകൊണ്ട് ഈ യോഗ്യത നിശ്ചയിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് ഉപദേശം നൽകി. |

| | | |
|---|---|---|
| | പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് | |
| 28 | AV(3)32480/10/GW സർക്കാർ ജീവനക്കാരുടെ പ്രബേഷൻ കാലാവധിയിൽ ഇളവ് വരുത്തുന്നത് സംബന്ധിച്ച് | സർക്കാർ ഭേദഗതി നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചു. |
| 29 | AV(2)9343/14/GW പോലീസ് വകുപ്പിൽ Finger Print Bureau –ലെ Finger Print Expert തസ്തിക General Subordinate Service -ൽ നിന്നും വേർപെടുത്തിക്കൊണ്ടും ആയതിനെ പോലീസ് സബ്ഓർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ടും വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് | സർക്കാരിൽ നിന്നും വന്ന കരട് വിജ്ഞാപനം കമ്മീഷൻ വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിച്ചുകൊണ്ട് സർക്കാരിലേക്ക് ഉപദേശം നൽകുകയും ചെയ്തു. |
| 30 | AV(1)3965/16/GW കേരളാ ജനറൽ സർവ്വീസിലെ ഫിനാൻഷ്യൽ അസിസ്റ്റന്റ് (B/T) തസ്തികയുടെ നിരീക്ഷണ കാലയളവ് 1 വർഷമായി കുറക്കുന്നതിന് വിശേഷാൽചട്ടം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് | സർക്കാർ അയച്ചുതന്ന കരട് ഭേദഗതി വിജ്ഞാപനം കമ്മീഷൻ അംഗീകരിച്ചതായി സർക്കാരിനെ അറിയിച്ചു. |
| 31 | AV(1)5255/15/GW-D<br><br>ജയിൽ വകുപ്പിലെ ജയിൽ ഓഫീസേഴ്സ് / സബോർഡിനേറ്റ് ഓഫീസേഴ്സ് പ്രായോഗിക പരീക്ഷ സംബന്ധിച്ച് | പാസ്സിങ്ങ് ഔട്ട് പരേഡിന് ശേഷം വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രായോഗിക പരീക്ഷ നടത്തിക്കൊടുക്കാവുന്നതാണ് എന്ന് തീരുമാനിക്കുകയും ടി ടെസ്റ്റ് സ്പെഷ്യൽ ടെസ്റ്റായി നടത്തുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിലേയ്ക്ക് കത്തയക്കുകയും ചെയ്തു. |
| 32 | AV(3)20782/88/GW<br>എൻ.സി.സി വകുപ്പിലെ വിമുക്ത ഭടൻമാരെ പ്രൊമോഷൻ ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് KS&SSR 13B -യുടെ 3- ന്ന മത്തെ | NCC വകുപ്പിലെ വിമുക്ത ഭടൻമാർക്കും 13 B-യിലെ 3-ന്ന മത്തെ പ്രൊവിസോയായ ടെസ്റ്റ് പാസാകുന്നതിൽ ഇളവ് അനുവദിക്കുന്നതു സംബന്ധിച്ച സർക്കാർ നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചു. |

| | | |
|---|---|---|
| | പ്രൊവിസോ ഭേദഗതി സംബന്ധിച്ച് | |
| 33 | AV(1)80728/18/GW<br><br>കേ.പ.സ.ക - അഡ്വൈസ്(റൂൾസ്) പാരിപ്പള്ളി ESIC -M.C -ൽ നിന്നും ആഗിരണം ചെയ്ത ഫാക്വൽറ്റികളുടെ നിയമന ക്രമീകരണവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്കുള്ള ഏകീകരണവും സംബന്ധിച്ച് | സർക്കാർ അയച്ചുതന്ന നിർദ്ദേശം കമ്മീഷൻ വിശദമായി പരിശോധിക്കുകയും ആയത് അംഗീകരിച്ച് സർക്കാരിലേയ്ക്ക് ഉപദേശം നൽകുകയും ചെയ്തു. |
| 34 | AV(1)50012/2018-KPSC<br>-കൂടുതൽ മെച്ചപ്പെട്ട ജോലികൾക്ക് വേണ്ടി അപേക്ഷ നൽകുമ്പോൾ നിയമന അധികാരിയിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്നത് സംബന്ധിച്ച് | സർക്കാർ സർവ്വീസിലുള്ള ഉദ്യാഗസ്ഥർ പി.എസ്.സി തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച് Kerala Government Servants Application for posts (private employment and Government Service), Rules 1958 -ലെ ചട്ടം 2(A) -യിൽ അനുശാസിക്കുന്നുണ്ടെന്നും പ്രസ്തുത റൂൾ ഇതുവരെ ഭേദഗതി ചെയ്തിട്ടില്ല എന്നും ടി റൂളിലെ വ്യവസ്ഥ പി.എസ്.സി തെരഞ്ഞെടുപ്പുകളിൽ നടപ്പിലാക്കുന്നതിന് നിലവിൽ കമ്മീഷൻ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' അല്ല നിഷ്കർഷിക്കുന്നതെന്നും പകരം സർക്കാർ സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്ന വിവരം ഓഫീസ് മേലധികാരി അറിഞ്ഞിരിക്കണം എന്ന് ചട്ടത്തിലുള്ളതിനാൽ 'Form of Reciept'ആണ് കമ്മീഷൻ നിഷ്കർഷിച്ചു വരുന്നതെന്നും സർക്കാർ കത്തിലെ നിർദ്ദേശം സംബന്ധിച്ച് പി.എസ്.സി തെരഞ്ഞെടുപ്പുകൾക്ക് അപേക്ഷിക്കുമ്പോൾ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നു എന്ന് അപേക്ഷയിൽ ക്ലെയിം ചെയ്യുന്ന ഉദ്യോഗാർത്ഥികൾ നിലവിൽ ജോലിയിൽ ഇരിക്കുന്ന ആളാണെന്ന് തെളിയിക്കുന്നതിനുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് പ്രസ്തുത തസ്തികയുടെ വെരിഫിക്കേഷന് മുമ്പായി ഹാജരാക്കിയാൽ മതിയാകും എന്ന തരത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്താവുന്നതാണ് എന്ന് കമ്മീഷൻ തീരുമാനിക്കുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |

| | | |
|---|---|---|
| 35 | AV(2)10256/12/GW/Dummy കേരള പോലീസിലെ KAP 3-ാം ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾതസ്തികയിലേയ്ക്ക് ശ്രീ. ജിജി.ജി എന്ന ഉദ്യോഗാർത്ഥിയെ തിരികെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് | ശ്രീ. ജിജി.ജി എന്നയാളുടെ character and antecedents തൃപ്തികരമല്ലെന്ന് സർക്കാർ കാണുകയും ടിയാൻ നിയമനത്തിന് അർഹനല്ല എന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്നുള്ള പരിശോധനയിൽ ടിയാളുടെ character and antecedents തൃപ്തികരമാണെന്ന് സർക്കാർ കാണുകയും ആയതിൻമേലുള്ള കമ്മീഷന്റെ ഉപദേശം ലഭ്യമാക്കമമെന്നും അറിയിച്ചിരുന്നു. KS&SSR Part II ചട്ടം 10(b) (iii) -യിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഈ വിഷയത്തിൽ സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് സർക്കാരിന് തന്നെ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് കമ്മീഷൻ കാണുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |
| 36 | AV(2)50007/2018-KPSC<br><br>പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ആയി ജോലി നോക്കുന്ന ശ്രീ. അശോകൻ അപകടത്തെ തുടർന്ന് പരിക്ക് പറ്റിയതിനാൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് കാറ്റഗറി മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചത് സംബന്ധിച്ച് | പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടക്കുന്ന തസ്തികയിലെ ഒഴിവ് മറ്റ് രീതിയിൽ നികത്തുന്നത് ചട്ടത്തിന് വിരുദ്ധമാണെന്നതിനാൽ സർക്കാരിന് പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ supernumerary ആയി ഒരു ക്ലാർക്ക് തസ്തിക സൃഷ്ടിച്ച് ശ്രീ. അശോകൻ.കെ -യ്ക്ക് നിയമനം നൽകാവുന്നതാണ് എന്ന് സർക്കാരിനെ അറിയിക്കാൻ കമ്മീഷൻ തീരുമാനിക്കുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |
| 37 | AV(1)12353/14/GW<br><br>LD Typist / Clerk Typist (various) Qualification Reg. തസ്തികകളുടെ യോഗ്യതകളിൽ മാറ്റമുണ്ടായ ശേഷം തസ്തിക മാറ്റ നിയമനത്തിനായുള്ള റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനതടസ്സം ഒഴിവാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്. | എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ B/T റാങ്ക് ലിസ്റ്റ് Rules of procedure Rule 13 പ്രകാരം കാലാവധി നിശ്ചയിച്ചിട്ടുള്ളതല്ല. ആയതിനാൽ B/T റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെ കാര്യത്തിൽ പുതുക്കിയ യോഗ്യത ഇല്ലാത്ത ഉദ്യോഗാർത്ഥികൾ ആയത് നിയമനത്തിന് ശേഷം നേടിയാൽ മതിയെന്നോ അല്ലെങ്കിൽ മുൻ റാങ്ക്പട്ടികയിൽ ഉള്ളവർ അടുത്ത റാങ്ക് ലിസ്റ്റിലേക്ക് carryover ചെയ്യപ്പെട്ടുമെങ്കിലും ഒരു നിശ്ചിത സമയത്തിനകം പുതുക്കിയ യോഗ്യത നേടിയാൽ മാത്രമേ അവരെ നിയമനശിപാർശ ചെയ്യുകയുള്ളൂ എന്ന വ്യവസ്ഥകൾ സർക്കാരിന് ഉചിതമായി നിഷ്കർഷിക്കാവുന്നതാണെന്ന് കമ്മീഷൻ കാണുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |
| 38 | AV(1)4607/16/GW<br><br>കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ട ഭേദഗതി | കേരള ജുഡീഷ്യൽ സർവ്വീസസിലെ സിവിൽ, ക്രിമിനൽ വിഭാഗങ്ങളുടെ ഏകീകരണത്തെ തുടർന്ന് ടി വിഭാഗങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ചട്ടങ്ങൾ സംബന്ധിച്ച് സർക്കാരിൽ നിന്നും അയച്ചു തന്ന കരട് |

| | | |
|---|---|---|
| | സംബന്ധിച്ച് | ഭേദഗതി വിജ്ഞാപനം കമ്മീഷൻ വിശദമായി പരിശോധിക്കുകയും Rule 5(a) -യിൽ പുതിയതായി insert ചെയ്യാൻ പറഞ്ഞ കുറിപ്പ് ഒഴിവാക്കിക്കൊണ്ട് കരട് ചട്ടഭേദഗതി വിജ്ഞാപനം കമ്മീഷൻ അംഗീകരിക്കുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |
| 39 | AV(2)50021/2018-KPSC<br>ധനകാര്യ വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ SC/ST -യ്ക്കുള്ള പ്രത്യേക നിയമനം - വിശേഷാൽ ചട്ട ഭേദഗതി - Saving Clause സംബന്ധിച്ച് | ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ റാങ്ക് പട്ടികയ്ക്ക് ബാധകമാക്കിയ 'Saving Clause'LGS (SR for SC/ST) തസ്തികയുടെ റാങ്ക് പട്ടികയ്ക്കും കൂടി ബാധകമാക്കാവുന്നതാണ് എന്ന കമ്മീഷൻ നിർദ്ദേശം സർക്കാരിനെ അറിയിച്ചു. |
| 40 | AV(3)3/2019-KPSC Rotation Chart, Appointment Chart തുടങ്ങിയവയിൽ 'OX'എന്ന പദം മാറ്റി Scheduled Caste Converted to Christianity എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് | Appointment Chart, Rotation Chart, Ranked List മുതലായവയിൽ നിലവിൽ OX എന്ന് രേഖപ്പെടുത്തി വരുന്നതിന് പകരമായി Scheduled Caste Converted to Christianity എന്നതിനെ ചുരുക്കി SCCC എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് സർക്കാർ കമ്മീഷന്റെ ഉപദേശം തേടുകയും ആയത് കമ്മീഷൻ അംഗീകരിച്ച് സർക്കാരിലേയ്ക്ക് ഉപദേശം നൽകുകയും ചെയ്തു. |
| 41 | AV(2)50013/2018-KPSC<br>പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ Sri. Jishnu.V.V എന്ന ഉദ്യോഗാർത്ഥിയെ നിയമിക്കുന്നത് സംബന്ധിച്ച് | പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ തെരഞ്ഞെടുപ്പിന് ടി തസ്തികയുടെ വിശേഷാൽ ചട്ടം, വിജ്ഞാപനം എന്നിവ പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ നിയമനശിപാർശ ചെയ്തത്. എന്നാൽ ടിയാന് അംഗഭംഗം സംഭവിച്ചതായും പിന്നീടുള്ള മെഡിക്കൽ പരിശോധനയിൽ ടിയാൻ അയോഗ്യനാണെന്നും നിയമനാധികാരി കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സ്പെഷ്യൽ റൂളിലെ ശാരീരിക യോഗ്യത സംബന്ധിച്ചുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ടിയാൻ നിയമനം നേടുന്നതിന് യോഗ്യനാണോ എന്നത് പരിശോധിച്ച് സർക്കാരിന് തന്നെ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് കമ്മീഷൻ തീരുമാനിക്കുകയും അപ്രകാരം ഉപദേശം നൽകുകയും ചെയ്തു. |
| 42 | AV(1)4354/2012/GW- സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നത് സംബന്ധിച്ച്. | കേന്ദ്രസർക്കാർ, ഇതര സംസ്ഥാന സർക്കാർ, കേന്ദ്ര/ സംസ്ഥാന/ ഇതര പൊതു മേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കൂടി സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകാനും ഗവേഷണം ചെയ്യുന്നവർക്ക് ആയത് പൂർത്തിയാക്കാൻ 6 |

| | | |
|---|---|---|
| | | മാസത്തിന് താഴെ മാത്രം സമയം മതിയെങ്കിൽ ജോയിനിങ്ങ് ടൈം നീട്ടി നൽകാനും ഇതു സംബന്ധിച്ച് 2009 -ൽ സർക്കാർ പുറത്തിറക്കിയ പരിപത്രത്തിൽ മാറ്റം വരുത്തേണ്ടതാണെന്നുള്ള നിർദ്ദേശത്തോടെ സർക്കാരിന്റെ ഭേദഗതി നിർദ്ദേശം കമ്മീഷൻ അംഗീകരിക്കുകയും അപ്രകാരം ആതയ് സർക്കാരിനെ അറിയിക്കുകയും ചെയ്തു. |
| 43 | AV(1)50015/2018-KPSC<br>അഡ്മിനിസ്റ്റേറ്റീവ് സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്ത ശ്രീമതി. മഡോണ.എക്സിനെ റീ-ഇൻസ്റ്റേറ്റ് ചെയ്യുന്നത് സംബന്ധിച്ച് | ശ്രീമതി. മഡോണ.എക്സ് മറ്റൊരു സർക്കാർ വകുപ്പിലേയ്ക്കല്ല മറിച്ച് എയ്ഡഡ് സ്കൂളിലെ LPSA തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായാണ് സെക്രട്ടേറിയറ്റിലെ OA തസ്തികയിൽ നിന്ന് വിടുതൽ ചെയ്തത് എന്നതിനാലും നിലവിൽ സെക്രട്ടേറിയറ്റിലെ OA തസ്തികയിലേയ്ക്ക് പുനർനിയമനം നൽകാൻ സാദ്ധ്യമല്ല എന്ന് കമ്മീഷൻ കണ്ടെത്തുകയും അപ്രകാരം സർക്കാരിന് ഉപദേശം നൽകുകയും ചെയ്തു. |
| 44 | AV(1)50014/2018-KPSC<br>സർവ്വേയും ഭൂരേഖയും വകുപ്പിൽ സെക്കന്റ് ഗ്രേഡ് സർവ്വേയറായിരുന്നപ്പോൾ സർവ്വീസിൽ നിന്നും രാജിവച്ച ശ്രീ. അനസ്.പി.വൈ -യെ സർവ്വീസിൽ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് | സർവ്വേയും ഭൂരേഖയും വകുപ്പിൽ സെക്കന്റ് ഗ്രേഡ് സർവ്വേയറായിരുന്നപ്പോൾ സർവ്വീസിൽ നിന്നും രാജിവച്ച ശ്രീ. അനസ്.പി.വൈ -യെ സർവ്വീസിൽ തിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ കമ്മീഷന്റെ ഉപദേശം തേടുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിലേയ്ക്ക് പുനർനിയമനം നൽകാൻ സാദ്ധ്യമല്ല എന്ന കമ്മീഷന്റെ തീരുമാനം സർക്കാരിനെ അറിയിക്കുകയും ചെയ്തു. |
| 45 | AVIII(3)2706/11/GW<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തിക യുടെ നിയമനം ജില്ലാതലത്തിൽ നിന്നും സംസ്ഥാനതലത്തിലാ ക്കുന്നത് സംബന്ധിച്ച് | നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളെ ബാധിക്കാത്ത തരത്തിൽ നിയമനരീതി സംസ്ഥാന തലത്തിലാക്കാവുന്നതാണ്. സർക്കാർ ഉത്തരവ് ലഭിക്കുന്നത് വരെ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല.<br>(Decision No.12 dtd 16.04.2018) |
| 46 | AVIII(1)27330/08/GW<br>അച്ചടി വകുപ്പിലെ DTP Operator Grade II - തസ്തികയുടെ യോഗ്യത സംബന്ധിച്ച് | 1. By Direct Recruitment -ന് DTP സർട്ടിഫിക്കറ്റ് യോഗ്യത By Promotion -ന് നിഷ്കർഷിച്ചിരിക്കുന്നതുപോലെ 2(c)ആയി പ്രത്യേകം ആയി നിഷ്കർഷിച്ചുകൊണ്ട് യോഗ്യതാഭേദഗതി വരുത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്.<br>2. നിലവിലെ തെരഞ്ഞെടുപ്പിൽ KGTE/MGTE(Lower)നും |

| | | |
|---|---|---|
| | | VHSE യും ഒപ്പം Certificate in DTP എന്ന യോഗ്യത കൂടി നിഷ്കർഷിക്കേണ്ടതാണ്. KGTE യോഗ്യതയുള്ളവർ Certificate in DTP ഹാജരാക്കുകയോ അപേക്ഷയിൽ അവകാശപ്പെടുകയോ ചെയ്തില്ലെങ്കിൽ പോലും ടി യോഗ്യത തെളിയിക്കുവാൻ അവർക്ക് അവസരം നൽകേണ്ടതാണ്. (Decision No.8 Dtd 16.04.2018 ) |
| 47 | AVIII(2)12317/03/GW തൊഴിലും നൈപുണ്യവും വകുപ്പ്- ലേബർ കമ്മീഷണറുടെ Personal Assistant തസ്തികയിലേക്കുള്ള നിയമനം - Special Rule ഭേദഗതി സംബന്ധിച്ച് | Kerala Labour Service Special Rules-1993-ൽ ഉൾപ്പെടുത്താതെ പോയ Personal Assistant to Labour Commissioner എന്ന തസ്തിക ടി റൂളിൽ ഉൾപ്പെടുത്തുന്നതിനായി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിന് സർക്കാർ ലഭ്യമാക്കിയിരുന്ന കരട് വിജ്ഞാപനം 2017 എന്ന വർഷം ചേർത്തിടത്ത് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന വർഷം ചേർക്കണം എന്ന ഭേദഗതിയോടെ കമ്മീഷൻ അംഗീകരിച്ചു. (Decision No. 22 dtd.14.05.2018) |
| 48 | AVIII(2)10104/17/GW ആഭ്യന്തര വകുപ്പ്-ജുഡീഷ്യറി എക്സ്റ്റാബ്ലിഷ് മെന്റ്-ഷെട്ടി കമ്മീഷൻ ശിപാർശ നടപ്പിലാക്കുന്നത് സംബന്ധിച്ച്. | Subordinate Judiciary -ലെ Confidential Assistant തസ്തികയുടെ നിയമനം പൊതു റാങ്ക് ലിസ്റ്റിൽ നിന്ന് നടത്തുന്നതു നിർത്തുവാനും Subordinate Judiciary ക്കു മാത്രമായി പ്രത്യേക നിയമന പ്രക്രിയ ആരംഭിക്കുവാനും സർക്കാർ എടുത്ത താൽക്കാലിക തീരുമാനം കമ്മീഷൻ അംഗീകരിച്ചു. (Decision No.29 dtd. 14.05.2018) |
| 49 | AVIII(1)4068/03/GW/D2 കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിലെ അറ്റൻഡർ തസ്തിക - ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള 3% സംവരണം സംബന്ധിച്ച് | KSIDC യിലെ അറ്റൻഡർ തസ്തികയുടെ റിക്രൂട്ട്മെന്റ് റൂളിൽ 3% job reservation has to be made to persons with disabilities provided they are able to discharge the duties attached to the post satisfactorily എന്ന വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും സുപ്രീം കോടതി വിധി പ്രകാരം കമ്മീഷന് Suitability assess ചെയ്യാൻ നിലവിൽ സാധിക്കാത്തതിനാലും ഏതൊക്കെ ഭിന്നശേഷി വിഭാഗങ്ങൾ അനുയോജ്യരാണെന്ന് വ്യക്തമാക്കി സർക്കാർ അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. (Decision No.12 dtd 28.05.2018) |

| | | |
|---|---|---|
| 50 | AVIII(3)1827/2018/GW ഉദ്യോഗാർത്ഥികൾ തത്തുല്യ യോഗ്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് ഇൻറർവ്യൂ/ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണം എന്ന വ്യവസ്ഥ പി.എസ്.സി വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് | വിജ്ഞാപനം പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ എന്ന വ്യവസ്ഥ പി.എസ്.സി വിജ്ഞാപനങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. കമ്മീഷൻ തീരുമാനം എല്ലാ റിക്രൂട്ട്മെന്റ് വിഭാഗങ്ങളേയും അറിയിക്കേണ്ടതാണ്.<br>(Decision No. 15 dtd 28.05.2018) |
| 51 | AVIII(2)7783/17/GW ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ITI-വിദ്യാഭ്യാസ യോഗ്യത -മാനദണ്ഡമാക്കുന്ന തസ്തികകൾ -നിയമനം - സംബന്ധിച്ച് | ITI സർട്ടിഫിക്കറ്റ് യോഗ്യത അടിസ്ഥാന യോഗ്യതയായുള്ള തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് Degree, Diploma യോഗ്യതകളുടെ സ്വീകാര്യത ഓരോ തസ്തികകളുടെയും കാര്യത്തിൽ പ്രത്യേകം തീരുമാനിക്കുന്നതാണെന്നും ആയത് പൊതുവായി തീരുമാനിക്കാൻ സാധിക്കുന്നതല്ലെന്നും സർക്കാരിനെ അറിയിക്കാൻ തീരുമാനിച്ചു.<br>(Decision No.16 dtd 28.05.2018) |
| 52 | AVIII(1)4068/03/GW/D1 ഭിന്നശേഷി വിഭാഗങ്ങൾക്ക് അനുവദിച്ചിരിക്കുന്ന 3% സംവരണം നിലവിലെ സംവരണ വ്യവസ്ഥയിലെ 50% എന്ന പരിധിയെ ബാധിക്കാത്ത രീതിയിൽ നടപ്പിലാക്കുന്നതും ആയത് 4% ആയി ഉയർത്തുന്നതും സംബന്ധിച്ച് | 4% ഭിന്നശേഷി സംവരണം കേരളത്തിൽ പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ കരട് തയ്യാറാക്കി കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കണമെന്ന് സർക്കാരിനെ അറിയിക്കാവുന്നതാണ്.<br>(Decision No. 19 dtd 04.06.2018) |
| 53 | AVIII(3)9834/17/GW പ്ലസ്ടു അടിസ്ഥാന യോഗ്യതയാക്കിയിട്ടുള്ള തസ്തികകൾക്ക് ഡിപ്ലോമ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നത് സംബന്ധിച്ച് | 1) KS&SSR Rule 10a(ii) ന്റെ അടിസ്ഥാനത്തിൽ ഡിപ്ലോമ യോഗ്യത പ്ലസ്ടുവിന്റെ തത്തുല്യയോഗ്യതയോ ഉയർന്ന യോഗ്യതയോ അല്ലായെന്ന അക്കാദമിക് കമ്മിറ്റി ശുപാർശ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാറ്റഗറി നമ്പർ 657/17 പ്രകാരമുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ തെരഞ്ഞെടുപ്പിന് ഡിപ്ലോമ യോഗ്യത നേടിയവരെ പരിഗണിക്കേണ്ടതില്ല.<br><br>2) പ്ലസ്ടു നിശ്ചിത യോഗ്യതയായ തസ്തികകളിലേയ്ക്കുള്ള |

| | | |
|---|---|---|
| | | നിയമനത്തിന് 2 വർഷത്തിൽ കൂടുതലുള്ള ഡിപ്ലോമയോ സമാനമായ 2 വർഷത്തിൽ കൂടുതലുള്ള സർട്ടിഫിക്കറ്റ് യോഗ്യതകളോ പരിഗണിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടേണ്ടതാണ്. (Decision no.23 dtd 02/07/2018) |
| 54 | AVIII(3)50003/2018/KPSC സംസ്ഥാന ജലഗതാഗത വകുപ്പിലെ Fibre Fabricator തസ്തികയുടെ യോഗ്യത നിശ്ചയിക്കുന്നത് സംബന്ധിച്ച് | ഈ തസ്തികയ്ക്ക് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യത അംഗീകരിക്കാമെന്നും എന്നാൽ Fibre Fabricator തസ്തിക വാട്ടർ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്താത്തതിനാൽ ടി തസ്തിക കൂടി ഉൾപ്പെടുത്തി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കൂടി സർക്കാരിനെ അറിയിക്കണമെന്നുമുള്ള റൂൾസ് ഉപസമിതി ശുപാർശ അംഗീകരിച്ചു. (Decision No.17 dtd 16.07.2018) |
| 55 | AVIII(3)16357/08/GW കേരള സ്പോർട് സ് & യൂത്ത് അഫയേഴ്സ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ അന്തിമ ഉത്തരവ് - കമ്മീഷന്റെ ഉപദേശവുമായി താരതമ്യം ചെയ്യുന്നത് സംബന്ധിച്ച് | സർക്കാരിന്റെ അന്തിമ ഉത്തരവിൽ പറയുന്ന നിയമനരീതിയായ Deputation ഒഴിവാക്കാൻ ആവശ്യപ്പെടാമെന്നും Rule 4(i)ൽ പറയുന്ന No Person .......has not completed the age of 40 അംഗീകരിക്കാമെന്നും, സർക്കാർ അന്തിമ ഉത്തരവിൽപ്പറയുന്ന യോഗ്യതകൾ അംഗീകരിക്കാമെന്നും Rule 5(ii) Probation - നിൽ പറയുന്ന if appointed there to by Promotion - നിലെ 'there to" ഒഴിവാക്കണമെന്നും Rule 6 ൽ റൂൾസ് വിഭാഗത്തിന്റെ ശുപാർശ അംഗീകരിക്കാമെന്നും സർക്കാരിന്റെ മറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കാമെന്നുള്ള റൂൾസ് ഉപസമിതി ശുപാർശ അംഗീകരിച്ചു. (Decision No.18 dtd 13.08.2018) |
| 56 | AVIII(1)51448/06/GW കാർഷിക വികസന ക്ഷേമ വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് | കേരള കാർഷിക സർവ്വകലാശാല നടത്തുന്ന Diploma in Agricultural Science (DASC) കോഴ്സിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടു അല്ലെങ്കിൽ VHSE(Agriculture) ആണെന്നിരിക്കെ Diploma in Agriculture യോഗ്യതയെയും VHSE (Agriculture) യോഗ്യതയെയും തുല്യമായി കാണാൻ കഴിയില്ലെന്നും ആയതിനാൽ Agricultural Assistant Grade II തസ്തികയുടെ ഒന്നാം യോഗ്യതയായി Diploma in Agriculture or Diploma in Organic Agriculture ഉം ആയതിന്റെ |

| | | |
|---|---|---|
| | | അഭാവത്തിൽ VHSE(Agriculture) രണ്ടാം യോഗ്യതയായും ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.<br>(Decision No.12 dtd 08.10.2018) |
| 57 | AVIII(2) 3235/15/GW<br><br>വ്യവസായ പരിശീലന വകുപ്പിലെ Junior Instructor (ഇൻഫർമേഷൻ ടെക്നോളജി) , Junior Instructor (Food Processing Sector) എന്നീ തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച് | Junior Instructor (Information Technology) ട്രേഡിലേക്ക് നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ പുതുതായി ആരംഭിച്ച കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക് മെയിന്റനൻസ്, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ്, ഇൻഫർമേഷൻ ടെക്നോളജി, മൾട്ടിമീഡിയ അനിമേഷൻ ആന്റ് സ്പെഷ്യൽ ഇഫക്ട്സ് സ്കീമുകളിലേക്കും Junior Instructor (Food Processing Sector) ട്രേഡിലേക്ക് നിയമനശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾ പുതുതായി ആരംഭിച്ച ആഗ്രോപ്രോസസ്സിംഗ്, ബേക്കറി ആൻറ് കൺഫെക്ഷനറി, ഫ്രൂട്ട് ആൻറ് വെജിറ്റബിൾ പ്രൊസസ്സിംസ്, മിൽക്ക് ആൻറ് മിൽക്ക് പ്രൊഡക്ട്സ്, ഫുഡ് ബിവറേജ് സ്കീമുകളിലേക്കും നിയമനത്തിന് യോഗ്യരാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നതിനാലും, PSC report ചെയ്യപ്പെടാത്ത ഒഴിവുകളിൽ ടിയാൾക്ക് നിയമന ഉത്തരവ് നൽകാൻ തടസ്സമില്ല എന്നറിയിച്ചിരിക്കുന്നതിനാലും ഇവർ ക്ക് യോഗ്യതകളുടെ അടിസ്ഥാനത്തിൽ ടി ട്രേഡുകളിലേക്ക് മുൻനിയമനശിപാർശാകത്തിലെ സീനിയോറിറ്റി ക്രമം പാലിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകാവുന്നതാണെന്ന് സർക്കാരിന് ഉപദേശം നൽകാൻ തീരുമാനിച്ചു.<br>(Decision No.8 dtd.22.10.2018) |
| 58 | AVIII(1)51448/06/GW-Dy 1<br>കൃഷി വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് -2 കായികശേഷി യോഗ്യത പരിശോധന - ഭിന്നശേഷിക്കാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് | ഭിന്നശേഷി വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികളെ കായികശേഷി തെളിയിക്കുന്ന "Endurance Test" നിന്നും ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്.<br>(Decision No.13 dtd 19.11.2018) |
| 59 | AVIII(1)4068/03/GW/D1<br>ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ (മർമ്മ) തസ്തിക - ഭിന്നശേഷിക്കാരുടെ അഭാവത്തിൽ അവർക്ക് | ഭാരതീയ ചികിത്സാ വകുപ്പിലെ മെഡിക്കൽ ഓഫീസർ (മർമ്മ) തസ്തിക 3% ഭിന്നശേഷിസംവരണത്തിനായി സർക്കാർ കണ്ടെത്തിയിട്ടുള്ളതിനാൽ ആയതിന്റെ 3% ഒഴിവുകൾ ഭിന്നശേഷി സംവരണത്തിനായി കമ്മീഷന് മാറ്റി |

| | | |
|---|---|---|
| | അർഹമായ ഒഴിവുകൾ പൊതു വിഭാഗത്തിൽ നിന്നും നികത്തുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനത്തിന്മേൽ സർക്കാരിന് ഉപദേശം നൽകുന്നത് സംബന്ധിച്ച് | വച്ചേ കഴിയൂ. ടി തസ്തികയുടെ യോഗ്യതയായ കോഴ്സിലേക്ക് അഡ്മിഷന് ഭിന്നശേഷിക്കാർ അർഹരല്ല എന്നുണ്ടെങ്കിൽ ആയതു പരിശോധിച്ച് നിയമനാധികാരിയുടെയും Expert Committee യുടെയും വിദഗ്ധാഭിപ്രായത്തിന്റെ വെളിച്ചത്തിൽ ടി തസ്തിക unidentify ചെയ്യേണ്ടതുണ്ടോ എന്ന വിഷയം സർക്കാരിന് പരിശോധിക്കാവുന്നതും ആയതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. (Decision No. 5 Dtd 10.12.2018) |
| 60 | AVIII(3)/50008/18/KPSC കേരളത്തിനു പുറത്തുള്ള സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നൽകുന്ന യോഗ്യതകൾക്ക് തത്തുല്യ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നത് സംബന്ധിച്ച് | ഒരു തസ്തികയുടെ വിശേഷാൽ ചട്ടത്തിലെ നിശ്ചിതയോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ളതായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിലാണ് കേരളത്തിന് വെളിയിലുള്ള സർവ്വകലാശാലകളിൽ നിന്ന് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളോട് തത്തുല്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുന്നത്. അല്ലാത്ത പക്ഷം UGC അംഗീകാരമുള്ള സർവ്വകലാശാലകളും സെൻട്രൽ യൂണിവേഴ്സിറ്റികളും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളും നൽകുന്ന യോഗ്യതകൾ സ്വീകരിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ വസ്തുത സർക്കാരിനെ അറിയിക്കേണ്ടതാണ്. (Decision No. 14 dtd 14.01.2019) |
| 61 | AVIII(3)50005/2018/KPSC സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെമോൺസ്ട്രേറ്റർ തസ്തികയിലേക്ക് വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരിൽ നിന്ന് ബൈട്രാൻസ്ഫർ നിയമനം - ഒഴിവുകളുടെ എണ്ണം കണക്കാക്കുന്നത് സംബന്ധിച്ച് | 12.10.2012 -ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളെ മാത്രം അടിസ്ഥാനപ്പെടുത്തി അനുപാതം കണക്കാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ തീരുമാനം അംഗീകരിച്ചു. എന്നാൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാതെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ താത്കാലികമായി പ്രൊമോഷൻ നൽകി ഭേദഗതിയ്ക്ക് ശേഷം റെഗുലറൈസ് ചെയ്യുന്നതിനുള്ള സർക്കാർ നിർദ്ദേശം നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ഒഴിവുകൾ നിലവിൽ വരുന്ന തീയതിയിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ നികത്തപ്പെടേണ്ടതെന്നും സർക്കാരിനെ അറിയിക്കാവുന്നതാണ്. സർക്കാരിലേക്കുള്ള കത്ത് ബഹു.ചെയർമാന്റെ അംഗീകാരത്തോടെ അയക്കേണ്ടതാണ്. (Decision No.21 dtd 04.02.2019) |
| 62 | AVIII(1)4068/03/GW/Dy-5 Economics & Statistics | Economics & Statistics വകുപ്പിലെ Statistical Assistant Grade II/Statistical Investigator Grade II/Computer |

| | | |
|---|---|---|
| | വകുപ്പിലെ Statistical Assistant Grade II/Statistical Investigator Grade II/Computer Operator Grade II തസ്തികയ്ക്ക് ഭിന്നശേഷി സംവരണം സംബന്ധിച്ച വ്യവസ്ഥ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് | Operator Grade II എന്ന തസ്തിക ഭിന്നശേഷി സംവരണത്തിന് ഒറ്റ കാറ്റഗറിയായി identify ചെയ്യിട്ടില്ലാത്തതിനാൽ ആയതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. (Decision No. 19 dtd 25.03.2019) |

## അദ്ധ്യായം- 19

# കേരള സംസ്ഥാന വൈദ്യുതി ബോർഡ്/കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ/സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് കമ്പനികൾ/കോർപ്പറേഷനുകൾ/ ബോർഡുകൾ/എന്നിവയുമായി ബന്ധപ്പെട്ട അധികച്ചുമതലകൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരളസംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ, സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധികച്ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ അനുബന്ധമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി/സേവനങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടനിർമ്മാണത്തിന്റെ ഉത്തരവാദിത്വം കൂടി കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷന്റെ അധികാരപരിധിയിൽ വരുന്ന വിവിധ കമ്പനികൾ/ കോർപറേഷനുകൾ/ബോർഡുകൾ എന്നിവയുടെ പട്ടിക അനുബന്ധം XXIV-ലും അവ യുമായി ബന്ധപ്പെട്ട് ചട്ട രൂപീകരണ ത്തിനു നൽകിയ നിർദ്ദേശങ്ങൾ അനുബന്ധം XXX-ലും ചേർത്തിരിക്കുന്നു.

## I. <u>കമ്പനികൾ/കോർപറേഷനുകൾ/ ബോർഡുകൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>

a) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ – 11
b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത് – 3
c) ചട്ടങ്ങളിൽ മേൽ നിയമോപദേശം നൽകിയത് – 1
d) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച്

തീർപ്പാക്കാനുണ്ടായിരുന്നത് – 1

e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് – 4

f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് – 2

g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ – 8

## a) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ –

1) മെറ്റൽ ഇന്റസ്ട്രിയൽ ലിമിറ്റഡ്.

ii) ട്രാവൻകൂർ സിമന്റ് ലിമിറ്റഡ്.

iii) സീതാറാം ടെക് സ്റ്റയിൽസ്.

iv) കേരള സ്റ്റേറ്റ് ടെക് സ്റ്റയിൽസ് കോർപ്പറേഷൻ.

v) കേരള ഇൻസ്ററിറ്റ്യൂട്ട് ഓഫ് ലാംഗേജസ്.

vi) യുണിവേഴ്സിറ്റി റിക്രൂട്ട്മെന്റ് .

vii ) കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മാൻ ഡവലപ്പ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ കോർപ്പറേഷൻ.

viii) കേരള ഓട്ടോമൊബേൽസ് ലിമിറ്റഡ് .

ix) കേരള ഫീഡ്സ് ലിമിറ്റഡ്.

x) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

xi) കേരള സ്റ്റേറ്റ് വിമൺസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ

## b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ച ചട്ടങ്ങൾ

i) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ

ii) കേരള ടൂറിസം ഇൻഫ്രാസ്ട്രച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ

iii) കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്.

## c) ചട്ടങ്ങളിൽ മേൽ നിയമ ഉപദേശം നൽകിയത്

I) ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്

## d) റിപ്പോർട്ട് വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത്

I) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ബോട്ട്

സ്രാങ്.

## e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത്

i) റബർ മാർക്ക് - എൽ.ഡി. ക്ലാർക്ക്

ii) കെ.എസ്.ഇ.ബി - കമ്പനി സെക്രട്ടറി

iii)കെ.എസ്.ഇ.ബി - അസിസ്റ്റൻറ് കമ്പനി സെക്രട്ടറി

iv) കേരള ഹാൻഡിക്രാഫ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ- ചീഫ് ആർട്ടിസ്റ്റ്

## f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത്

i) റബർ മാർക്ക് - എൽ.ഡി. ക്ലാർക്ക്

ii) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ബോട്ട് സ്രാങ്.

## g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ

i) ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ്

ii) റിക്രൂട്ട്മെന്റ് റൂൾസ് ഓഫ് 14 ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക്

iii) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയാക് പബ്ലിക്കേഷൻസ്

iv) റിഹാബിലിറ്റേഷൻ പ്ലാൻറ്റേഷൻ ലിമിറ്റഡ്

v) ട്രാവൻകൂർ ഷുഗർ ആൻറ് കെമിക്കൽസ് ലിമിറ്റഡ്

vi) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ

vii) കേരള ക്ലേയിസ് ആന്റ് സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്

viii) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

# II. യോഗ്യതകളുടെ അംഗീകാരം

ഇല്ല

# III. അനാമത്ത് പരാമർശങ്ങൾ

ഇല്ല

# IV ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ - ഇല്ല

# അദ്ധ്യായം– 20
# തദ്ദേശസ്ഥാപനങ്ങൾ സംബന്ധമായ അധിക ചുമതലകൾ

തദ്ദേശ സ്ഥാപനങ്ങളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട അധിക ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായതിന്റെ പരിണിതഫലമായി ടി സ്ഥാപനങ്ങളിലെ വിവിധ തസ്തികകളുമായി ബന്ധപ്പെട്ട ചട്ട നിർമ്മാണത്തിനുള്ള ഉത്തരവാദിത്വം കൂടി കമ്മീഷനെ ഏൽപിച്ചിട്ടുണ്ട്.

കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം XXV-ൽ ചേർത്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ തദ്ദേശ സ്ഥാപനങ്ങളിലെ വിവിധ തസ്തിക കളിലെ ചട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധം XXXI-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## I. <u>തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള നിയമങ്ങൾ</u>

ഇല്ല

## II. <u>യോഗ്യതകളുടെ അംഗീകാരം</u> – ഇല്ല

## III. <u>അനാമത്ത് പരാമർശങ്ങൾ</u> – ഇല്ല

## IV. <u>ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ</u> – ഇല്ല

**<u>കമ്മീഷന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപനങ്ങൾ</u>**

1. വിശാല കൊച്ചി വികസന അതോറിറ്റി
2. മുൻസിപ്പൽ കോമൺ സർവ്വീസ്
3. ട്രിവാൻഡ്രം ഡവലപ് മെന്റ് അതോറിറ്റി

## അദ്ധ്യായം- 21

# സഹകരണ വകുപ്പുമായി ബന്ധപ്പെട്ട അധിക ചുമതല

സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട 1995 ലെ സൊസൈറ്റീസ് (ഭേദഗതി) ഓർഡിനൻസും (നിയമവകുപ്പിന്റെ 27.10.1995 ലെ 14713/B2/95 നമ്പർ ഉത്തരവും) ഭേദഗതി വരുത്തികൊണ്ട് സർക്കാർ 1995 ലെ 10-ാം നമ്പർ ഓർഡിനൻസ് (നിയമവകുപ്പിന്റെ 29.04.1995 ലെ 6434/B2/95 -ാം നമ്പർ ഉത്തരവ്) പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിലും, 9.3.1998 ലെ സഹകരണ വകുപ്പിന്റെ ജി.ഒ (പി) 41/98-ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും 14 ജില്ലാ സഹകരണ ബാങ്കുകളും 15 അപെക്സ് സൊസൈറ്റികളും കമ്മീഷന്റെ അധികാരപരി ധിയിലാണ്. പിന്നീട് 18.8.1999 ലെ പൊതു ഭരണ വകുപ്പിന്റെ 35/99 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 സ്ഥാപനങ്ങൾ (ചാരിറ്റബിൾ സൊസൈറ്റികൾ) കൂടി കമ്മീഷന്റെ അധികാരപരിധിയിൽ കൂട്ടിച്ചേർത്തു. മുൻ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകൾ കമ്മീഷൻ തയ്യാറാക്കി യിട്ടുണ്ട്.

## I. കോ.ഓപ്പറേറ്റീവ് സെക്ടറുമായി ബന്ധപ്പെട്ട ചട്ട പ്രകാരമുള്ള നിയമങ്ങൾ

a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ -3

b) റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത് - 2

c) നിയമ ഉപദേശം നൽകിയത് - 1

d) വർഷത്തിന്റെ ആദ്യം നിയമഭേദഗതി സംബന്ധിച്ച് തീർപ്പാക്കാനുണ്ടായിരുന്നത് - 3

e) റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത് - ഇല്ല

f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് - ഇല്ല

g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ - 4

## a) വർഷത്തിന്റെ ആദ്യം തീർപ്പാക്കാനുണ്ടായിരുന്ന റൂളുകൾ

1) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്

2) കേരഫെഡ്

3) കേരളസ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പക്സ് ഇന്റസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

## b) <u>നിയമോപദേശത്തിനായി ലഭിച്ച റൂളുകൾ</u> –

1) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംങ് ഫെഡറേഷൻ (മാർക്കറ്റ്ഫെഡ്)

2) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബർ മാർക്കറ്റിംങ് ഫെഡറേഷൻ (റബർമാർക്ക്) ഇന്റർമിക്സിംങ് ഫാക്ടോ.

## c) <u>നിയമ ഉപദേശം നൽകിയത്</u> –

1) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്

## d) <u>വർഷത്തിന്റെ ആദ്യം നിയമഭേദഗതി തീർപ്പാക്കാനുണ്ടായിരുന്നത്</u>

1) കൺസ്യൂമർഫെഡ്

2) ജില്ലാ സഹകരണ ബാങ്ക് – കോട്ടയം – ലിഫ്റ്റ് ഓപ്പറേറ്റർ / പ്യൂൺ

3) KCS റൂളുകളുടെ ഭേദഗതിക്കനുസരിച്ച് 14 ജില്ലാ സഹകരണ ബാങ്കുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നിയമങ്ങളുടെ പരിഷ്കരണം

## e) <u>റിപ്പോർട്ട് വർഷത്തിൽ നിയമഭേദഗതിക്കായി ലഭിച്ചത്</u> – ഇല്ല

## f) നിയമഭേദഗതി സംബന്ധിച്ച് നിയമോപദേശം നൽകിയത് – ഇല്ല

## g) ഇനിയും ലഭിക്കാനുള്ള സ്പെഷ്യൽ റൂളുകൾ

1) കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷൻ

2) സംസ്ഥന സർവ്വവിജ്ഞാനകോശ പ്രസാധക (കേരള) സൊസൈറ്റി

3) സംസ്ഥന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി

4) സംസ്ഥന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി

## II. അനാമത്ത് പരാമർശങ്ങൾ – ഇല്ല

## III. യോഗ്യതകളുടെ അംഗീകാരം – ഇല്ല

## IV ചട്ടങ്ങളിൽ നിന്നും ഒഴിവാക്കൽ – ഇല്ല


## അദ്ധ്യായം- 22

# അച്ചടക്ക നടപടികൾ

ഭരണ ഘടനയുടെ 320 3 (c) ആർട്ടിക്കിൾ പ്രകാരം കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന് സർക്കാർ ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ അച്ചടക്ക നടപടികളിലും സർക്കാരിനെ ഉപദേശിക്കുകയെന്നുള്ളതാണ്.

അച്ചടക്ക നടപടികളിൽ തീർപ്പ് കല്പിക്കേണ്ട **141** വിഷയങ്ങൾ റിപ്പോർട്ട് കാലയളവിന്റെ ആരംഭത്തിൽ കമ്മീഷന്റെ പരിഗണനയിലുണ്ടായിരുന്നു. റിപ്പോർട്ട് കാലയളവിൽ ഇത്തരത്തിലുള്ള **157** വിഷയങ്ങൾ കൂടി കമ്മീഷന് ലഭിച്ചു. **241** വിഷയങ്ങളിൽ കമ്മീഷൻ ശിപാർശ സർക്കാരിന് കൈമാറി. റിപ്പോർട്ട് കാലയളവിന്റെ അവസാനം തീർപ്പ് കല്പിക്കാൻ ശേഷിക്കുന്ന കേസുകൾ **57** ആണ്. **255** വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കഴിഞ്ഞ 10 വർഷത്തിൽ കമ്മീഷൻ നടത്തിയ അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ട ശിപാർശകളുടെ താരതമ്യ വിശകലനം (ഗ്രാഫ് രൂപത്തിൽ)**



# അദ്ധ്യായം– 23

## കമ്മീഷൻ കക്ഷിയായ വ്യവഹാരങ്ങൾ

| | | |
|---|---|---|
| a) | ബഹു:സുപ്രീം കോടതിയിലും, ഹൈക്കോടതിയിലും അന്തിമ വിധിയാകാനുള്ള കമ്മീഷൻ കക്ഷിയായ കേസുകൾ wp(c),WA,SLP,CA തുടങ്ങിയവ) | 8743 |
| b) | കമ്മീഷനുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത കേസുകൾ | 1032 |
| c) | എതിർ സത്യവാങ്മൂലം/അന്യായ സംഗതി വിവരം ഫയൽ ചെയ്ത കേസുകൾ | 720 |
| d) | തീർപ്പ് കല്പിച്ച കേസുകൾ | 1334 |
| e) | തീർപ്പ് കല്പിക്കാനുള്ള കേസുകൾ | 8117 |
| f) | കമ്മീഷൻറ പ്രവർത്തനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രധാന വിധികളുടെ സംക്ഷിപ്തം | ഇല്ല |

# അദ്ധ്യായം– 24

## വനിതാ ജീവനക്കാരുടെ പരാതി പരിഹാര കമ്മിറ്റി

13.08.1997-ലെ ബഹു:സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി വനിതാ ജീവനക്കാരുടെ പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനവും ഇതിലേക്കായി ഒരു കമ്മിറ്റിയേയും നിയോഗിക്കാൻ സർക്കാർ നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 25.04.2001 മുതൽ പ്രാബല്യത്തിൽ കമ്മീഷൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും കോടതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ കമ്മിറ്റി, കമ്മീഷൻ ആഫീസിൽ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു

**റിപ്പോർട്ട് കാലയളവിലെ** കമ്മിറ്റിയിലെ അംഗങ്ങൾ താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ആർ.ഗീത, അഡീഷണൽ സെക്രട്ടറി | പ്രിസൈഡിങ്ങ് ഓഫീസർ, ഐ.സി.സി |
| 2 | ഡോ.റ്റി.വിജയലക്ഷ്മി, ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് (തമിഴ്),കേരള സർവ്വകലാശാല | കമ്മിറ്റി അംഗം |
| 3 | ശ്രീമതി.എസ്. അനിത, ജോയിന്റ് സെക്രട്ടറി | കമ്മിറ്റി അംഗം |
| 4 | ശ്രീമതി.ഷരീദാബീഗം.ആർ , ഡെപ്യൂട്ടി സെക്രട്ടറി | കമ്മിറ്റി അംഗം |
| 5 | ശ്രീ.ജോൺകുര്യൻ, അണ്ടർ സെക്രട്ടറി | കമ്മിറ്റി അംഗം |

സ്ത്രീ ജീവനക്കാരിൽ നിന്നും റിപ്പോർട്ട് കാലയളവിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

## അദ്ധ്യായം- 25

# കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ശിപാർശകളിൽ നിന്നുള്ള വ്യതിയാനം

### 1) A1 (3) 6610/16/GW

തൃശ്ശൂർ മുൻ ജോയിന്റ് ആർ.റ്റി.ഒ ആയിരുന്ന ശ്രീ.എക്സ്-നെതിരെ കെ.എസ്.ആർ റൂൾ **(3)** പാർട്ട് **(3)** പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും **500/-** രൂപ മൂന്ന് വർഷത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിന്മേൽ കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. കമ്മീഷൻ ഈ കേസ് അതുമായി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിൽ വിയോജിച്ചുകൊണ്ട് ടിയാന്റെ പ്രതിമാസ പെൻഷൻ തുകയുടെ **25% 3** വർഷത്തേക്ക് പിടിക്കണമെന്നുള്ള വിജിലൻസ് ട്രൈബ്യൂണലിന്റെ വിധി നടപ്പിലാക്കണമെന്ന് **22/03/2017** ലെ കത്തിലൂടെ ഉപദേശിക്കുകയും ചെയ്തു.

ബഹു.കമ്മീഷന്റെ ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചെങ്കിലും കമ്മീഷൻ മുൻ തീരുമാനതിൽ ഉറച്ചു നിൽക്കുകയും, സർക്കാർ നിർദ്ദേശിച്ച ശിക്ഷാ നടപടി അനുയോജ്യമല്ലാത്തതിനാൽ ശിക്ഷ വർദ്ധിപ്പിക്കണമെന്ന് **07/11/2017** ലെ കത്തിലൂടെ ഉപദേശിക്കുകയും ചെയ്തു. എന്നാൽ ബഹു.കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് തൃശ്ശൂർ മുൻ ജോയിന്റ് ആർ.റ്റി.ഒ ആയിരുന്ന ശ്രീ.എക്സ്-ന്റെ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും **500/-** രൂപ **3** വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് **04/02/20218** ലെ സ.ഉ**(ms)** നം **: 05/20148/vig** ഉത്തരവിറക്കുകയും ചെയ്തു.

## 2) A1(1)50006/2018-KPSC

ക്രിമിനൽ കോടതി ശിക്ഷിച്ചതിൻ പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്ത ശ്രീ.'X' നെ ഹൈക്കോടതി ഉത്തരവിന്റെ തീയതിയായ 23/03/2009 മുതൽ സർവീസിൽ തിരിച്ചെടുക്കാനുള്ള സർക്കാരിന്റെ താൽക്കാലിക തീരുമാനത്തിന്മേൽ ബഹു.കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ബഹു.കമ്മീഷൻ പരിശോധിക്കുകയും ക്രിമിനൽ കോടതി കുറ്റവിമുക്തനാക്കിയാലും അതേ കാരണത്തിന് വകുപ്പ് മേലധികാരിക്ക് ശിക്ഷണ നടപടി സ്വീകരിക്കാവുന്നതാണെന്ന് നിരവധി കോടതി ഉത്തരവുകൾ നിലവിലുള്ള സാഹചര്യത്തിലും, ടിയാന്റെ ജനന തീയതി 12/04/1960 ആയതിനാൽ വിരമിക്കൽ പ്രായം കഴിഞ്ഞ ഒരാളെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ വ്യവസ്ഥ ഇല്ലാത്തതിനാലും സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു. എന്നാൽ സർക്കാർ കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് ശ്രീ.'X' നെ 23/03/2009 മുതൽ സർവീസിൽ പുനഃപ്രവേശിച്ചതായി കണക്കാക്കി സർവ്വീസിൽ നിന്നും നീക്കം ചെയ്ത 09/08/2006 മുതൽ വിരമിക്കൽ തീയതിയായ 30/04/2016 വരെ ഡ്യൂട്ടിയായി കണക്കാക്കി എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് നൽകിക്കൊണ്ട് 27/03/2018 ലെ സ.ഉ.(സാ.ധാ) നം 875/2018/ആഭ്യ നമ്പർ ഉത്തരവിലൂടെ അവരുടെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

## 3) A1-2/9376/2015/GW

X, Y എന്നീ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന്മാരുടെ മൂന്ന് വാർഷികവേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പ്രസ്തുത തീരുമാനത്തിൻമേൽ ബഹു. കമ്മീഷന്റെ ഉപദേശം ആരാഞ്ഞപ്പോൾ കമ്മീഷൻ ശ്രീ X ന് എതിരായ അച്ചടക്കനടപടിയിൽ വിയോജിപ്പ് രേഖപ്പെടുത്തുകയും, ശ്രീ Y-യ്ക്ക് എതിരെയുള്ള നടപടി ശരിവയ്ക്കുകയും ചെയ്തിരുന്നു.മേൽ സാഹചര്യത്തിൽ സർക്കാർ ടി കേസ് വീണ്ടും പരിശോധിക്കുകയും KCS(CC&A) ചട്ടം 15(2)(a)(b) പ്രകാരം കഠിനശിക്ഷയ്ക്ക് മുന്നോടിയായുള്ള ഔപചാരികാന്വേഷണം നടത്തിയിട്ടില്ലെന്നും ,ടി വീഴ്ചകാരണം 15(7) പ്രകാരമുള്ള അവസരം ഉദ്യോഗസ്ഥർക്ക് ലഭ്യമായില്ല എന്നും കണ്ടെത്തി ടിയാന്മാരെ കുറ്റവിമുക്തരാക്കാൻ താൽക്കാലികമായി തീരുമാനിച്ച് വീണ്ടും ബഹു. കമ്മീഷന്റെ ഉപദേശം ആരാഞ്ഞു.

ടിയാന്മാരുടെ ശിക്ഷ ഇളവ് ചെയ്യുന്നതിനുള്ള പുതിയ സാഹചര്യം നിലവിലില്ലെന്ന് വീക്ഷിച്ച കമ്മീഷൻ സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് വിയോജിപ്പ് അറിയിച്ചിരുന്നു. ബഹു. കമ്മീഷൻ വീണ്ടും വിയോജിപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ സർക്കാർ ടി കേസ് വിശദമായി പരിശോധിക്കുകയും, തങ്ങളുടെ മുൻ തീരുമാനത്തിലുറച്ച് ടിയാന്മാർക്ക് എതിരെ സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടി ഉപേക്ഷിച്ച് ബഹു. കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് 7/01/2019 തീയതിയിൽ സ.ഉ (കൈ) 5/2019/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ച് അവരുടെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

**4) A1-2/50020/18/Kpsc**

ശ്രീ 'X' നെ ബഹു. നെയ്യാറ്റിൻകര ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി VI CC No.44/2006 നമ്പർ കേസിൽ കുറ്റക്കാരനെന്നു കണ്ട് 3 മാസത്തെ തടവ് ശിക്ഷക്കു വിധിച്ചതിനാൽ, ടിയാന്

എതിരെയുള്ള അച്ചടക്കനടപടിയുടെ ഭാഗമായി ടിയാന്റെ രണ്ട് വാർഷികവേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പ്രസ്തുത തീരുമാനത്തിൻമേൽ ബഹു. കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു . ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിക്കുകയും ശ്രീ 'X' 2 ക്രിമിനൽ കേസുകളിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ജയിൽ വാസം അനുഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ കെ സി എസ് (സി സി എ&എ) റൂൾ 18 പ്രകാരം ടിയാനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയോ, പിരിച്ച് വിടുകയോ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുന്നതല്ലെന്ന് ഉപദേശിച്ചിരുന്നു. ശ്രീ 'X'ന് എതിരെയുള്ള അച്ചടക്ക നടപടി, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള ശിക്ഷയെന്നതു കണക്കിലെടുത്ത് സസ്പെൻഷൻ തീയതി മുതൽ പ്രാബല്യത്തിൽ നിർബന്ധിത വിരമിക്കൽ നല്കി ടിയാനെതിരെയുള്ള അച്ചടക്കനടപടി പൂർത്തിയാക്കാൻ സർക്കാർ താൽകാലികമായി തീരുമാനിച്ച് ബഹു. കമ്മീഷന്റെ ഉപദേശം വീണ്ടും ആരാഞ്ഞിരുന്നു. സർക്കാർ തീരുമാനം പുനഃപരിശോധിച്ച കമ്മീഷൻ, ശ്രീ X-ന് 17 വർഷവും, 17 ദിവസവും മാത്രമേ യോഗ്യമായ സർവ്വീസ് ഉള്ളൂ എന്നതും, Negotiable Instrument Act പ്രകാരമാണ് ശിക്ഷ എന്നുള്ളതും, മാനുഷിക പരിഗണന നല്കി കടുത്ത അച്ചടക്കനടപടി സ്വീകരിക്കാതിരിക്കന്നതിന് മതിയായ കാരണങ്ങളല്ലെന്ന് അറിയിക്കുകയും , കമ്മഷന്റെ മുൻ തീരുമാനത്തിലുറച്ച് നില്ക്കുന്നതായി അറിയിച്ച് അപ്രകാരം ഉപദേശിക്കുകയും ചെയ്തിരുന്നു. സർക്കാർ, ബഹു. കമ്മീഷന്റെ തീരുമാനം വിശദമായി പരിശോധിച്ചതായും ശ്രീ 'X' ഭിന്നശേഷിക്കാരനാണ് എന്നതും നിലവിൽ വൃക്ക സംബന്ധമായ രോഗത്തിന് ചികിത്സയിൽ ആണെന്നുള്ളതും പരിഗണിച്ചും, ടിയാന്റെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്തും, Negotiable Instrument Act പ്രകാരമുള്ള കേസിലാണ് ശിക്ഷ അനുഭവിച്ചത് എന്നുള്ളത് കണക്കിലെടുത്തും സർക്കാർ ബഹു. കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് 9/07/2018 തീയതിയിൽ സ.ഉ (സാധാ) നമ്പർ 4535/ജിഎഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ച് അവരുടെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

**5 A1(1)6492/17/GW**

ശ്രീ.'X' കണ്ണപുരം പോലീസ് സ്റ്റേഷനിൽ ഗ്രേഡ് എസ്.ഐ. ആയി ജോലിചെയ്തുവരവെ ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും കാണിച്ചിരിക്കുന്നു എന്ന കുറ്റത്തിന് ടിയാനെ സസ്പെന്റ് ചെയ്യുകയും വാച്യാന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. ടിയാനെതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിയുന്നുവെന്ന കണ്ടെത്തലോടെ അന്വേഷണ ഉദ്യോഗസ്ഥൻ പി.ആർ.മിനിട് സ് സമർപ്പിക്കുയും, തുടർന്ന് ശ്രീ.'X' സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനായി സർക്കാരിലേക്ക് രേഖകൾ കൈമാറുകയും ചെയ്തു. ശ്രീ.'X' നെതിരെയുള്ള പി.ആർ.മിനിട് സ് കെ.പി.ഡി.ഐ.പി. &എ. ചട്ടങ്ങൾ, കേരള സർവ്വീസ് റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർപരിശോധിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം ഒരു വർഷത്തേക്ക് തടയുവാൻ താൽക്കാലികമായി തീരുമാനിക്കുകയും ബഹു:കമ്മീഷന്റെ ഉപദേശം കൂടി പരിഗണിച്ച് പ്രസ്തുത ശിക്ഷ നൽകിക്കൊണ്ട് 04/11/2016 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.'X' റിവ്യൂ ഹർജി സമർപ്പിച്ചു. ടി റിവ്യൂ ഹർജി വിശദമായി പരിശോധിച്ച സർക്കാർ ശിക്ഷ റദ്ദുചെയ്ത് ടിയാനെ കുറ്റവിമുക്തനാക്കാൻ താൽക്കാലികമായി തീരുമാനിക്കുകയും ടി വിഷയത്തിൽ ബഹു:കമ്മീഷന്റെ ഉപദേശം തേടുകയും ചെയ്തു. ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ ടിയാന് നൽകിയ ശിക്ഷ റദ്ദുചെയ്യുന്നതിന് ന്യായമായ കാരണങ്ങൾ ഒന്നും ഇല്ലാത്തതിനാൽ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് വിയോജിക്കുകയും 07/12/2017 ലെ കത്ത് പ്രകാരം സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തു.

സർക്കാർ ഈ ഹർജി വിശദമായി പരിശോധിക്കുകയുണ്ടായി. ടിയാന്റെ സേവന ചരിത്രം തൃപ്തികരമാണ് എന്നതും 30 വർഷത്തെ സേവനത്തിനിടയിൽ മുൻകാല ശിക്ഷകൾ ഒന്നും തന്നെയില്ല എന്നതും ടിയാന്റെ കൂടെ ആരോപണ വിധേയനായ പോലീസ് ഉദ്യോഗസ്ഥനെ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് കുറ്റവിമുക്തനാക്കി എന്നതും ടിയാന്റെ ഭാഗത്തുനിന്നും കുറ്റം തെളിയുന്നില്ലാത്തതിനാലും ശ്രീ.'X'നെ കുറ്റവിമുക്തനാക്കുവാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ചതിൽ മാറ്റം വരുത്തേണ്ടതില്ല എന്ന് കണ്ട് സർക്കാർ വീണ്ടും കമ്മീഷന്റെ ഉപദേശം തേടി. ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച കമ്മീഷൻ മുൻ തീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കാൻ തീരുമാനിക്കുകയും 25/05/2018 ലെ കത്ത് മുഖേന അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തു.

സർക്കാർ മേൽ സംഗതികൾ വിശദമായി പരിശോധിക്കുകയും ശ്രീ.'X' ന് നൽകിയ ശിക്ഷ പുനഃപരിശോധിക്കേണ്ടതില്ല എന്ന കമ്മീഷന്റെ ഉപദേശം മറികടന്നുകൊണ്ട് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ (നൂറ് രൂപ മാത്രം) വീതം ഒരു വർഷത്തേക്ക് തടയുക എന്ന ശിക്ഷ റദ്ദാക്കി ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് "29/09/2018 തീയതി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

### അദ്ധ്യായം- 26

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യ സംഗ്രഹം

തെരഞ്ഞെടുപ്പ് രീതികൾ ലഘൂകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും സൂക്ഷ്മതയുള്ളതാക്കുന്നതിനുമായി കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് നടപടികൾ പരിഷ്കരിച്ചുകൊണ്ടിരിക്കുന്നു. 2009-2010 മുതൽ 2018-2019 വരെയുള്ള പത്ത് വർഷക്കാലത്തെ കമ്മീഷൻ പ്രവർത്തനങ്ങളുടെ താരതമ്യപഠന പരിലേഖ്യാരൂപത്തിൽ തുടർന്ന് കാണാവുന്നതാണ്. കൂടാതെ 2009-2010 മുതൽ 2013 -2014 & 2014-2015 മുതൽ 2018-2019 വരെയുള്ള വിവരങ്ങൾ തുടർന്നുള്ള പേജിലും കാണാവുന്നതാണ്.

## 2009-2010 മുതൽ 2018-2019 വരെയുള്ള പ്രവൃത്തിയുടെ താരതമ്യ പഠനം

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്കുൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികകളിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിന് പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ | തീർപ്പാക്കിയ അപേക്ഷകൾ | തീർപ്പാക്കാനുള്ള അപേക്ഷകൾ | അച്ചടക്ക നടപടികൾക്കുമേൽ ശിപാർശ കൈമാറിയത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 2009-10 | 823 | 2943872 | 233 | 1240273 | 536 | 170696 | 314 | 27230 | 603 | 155338 | 51213 | 2213490 | 4822539 | 177 |
| 2010-11 | 715 | 4245693 | 219 | 3384075 | 399 | 82485 | 545 | 34126 | 726 | 63443 | 42505 | 1319764 | 7983255 | 112 |
| 2011-12 | 790 | 1713064 | 336 | 4223562 | 251 | 198840 | 358 | 20944 | 556 | 104813 | 33919 | 2809625 | 7370059 | 179 |
| 2012-13 | 1578 | 3469844 | 222 | 2645984 | 427 | 258936 | 577 | 19496 | 718 | 126054 | 29804 | 3584872 | 8127275 | 96 |
| 2013-14 | 1208 | 6049288 | 219 | 3147853 | 371 | 150478 | 406 | 38661 | 632 | 89134 | 33001 | 3893364 | 10645826 | 108 |
| 2014-15 | 1149 | 5811567 | 240 | 4222665 | 382 | 49657 | 405 | 20357 | 630 | 115604 | 27213 | 4238174 | 13789876 | 103 |
| 2015-16 | 969 | 4654688 | 216 | 5026351 | 324 | 144557 | 373 | 20126 | 685 | 478034 | 27234 | 7934500 | 9498574 | 221 |
| 2016-17 | 784 | 10159405 | 372 | 7526765 | 1104 | 154950 | 435 | 36682 | 1124 | 138022 | 38166 | 7861834 | 13841755 | 194 |
| 2017-18 | 1058 | 13199381 | 285 | 9706181 | 813 | 154074 | 484 | 26867 | 982 | 93578 | 33250 | 16836066 | 23966212 | 158 |
| 2018-19 | 623 | 3625576 | 158 | 8858777 | 778 | 160458 | 529 | 42010 | 874 | 185473 | 25036 | 13138183 | 18957144 | 241 |


## കഴിഞ്ഞ പത്ത് വർഷത്തെ പ്രവൃത്തിയുടെ താരതമ്യ പഠനം

**(2009-10 to 2013-2014 and 2014-2015 to 2018-19 )**

| വർഷം | വിജ്ഞാപനം ചെയ്ത തസ്തികകൾ | ലഭ്യമായ അപേക്ഷകൾ | നടത്തിയ പരീക്ഷകൾ | പരീക്ഷയ്ക്ക് ഇരുത്തിയ ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകൾ | ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | ഇന്റർവ്യൂ നടത്തിയ തസ്തികകൾ | ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ | പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾ | നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ | തീർപ്പ് കല്പിച്ച അപേക്ഷകൾ | തീർപ്പ് കല്പിക്കാനുള്ള അപേക്ഷകൾ | ശിപാർശ നൽകിയ അച്ചടക്ക നടപടികൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** | **7** | **8** | **9** | **10** | **11** | **12** | **13** | **14** | **15** |
| 2009-10 to 2013-14 | 5114 | 18421761 | 1229 | 14641747 | 1984 | 861435 | 2200 | 140457 | 3235 | 538782 | 190442 | 13821115 | 38948954 | 672 |
| 2014-15 to2018-19 | 4583 | 3746017 | 1271 | 35340739 | 3401 | 663696 | 2226 | 146042 | 4295 | 1010711 | 150899 | 50008757 | 80053561 | 917 |


## 2009–2010 മുതൽ 2018–2019 വരെയുള്ള പ്രവൃത്തിയുടെ താരതമ്യ പഠനം

## (ഗ്രാഫ് രൂപം)



## കഴിഞ്ഞ പത്ത് വർഷത്തെ പ്രവൃത്തിയുടെ താരതമ്യ പഠനം (ഗ്രാഫ് രൂപം)

## (2009-10 to 2013-2014 and 2014-2015 to 2018-19 )



# അദ്ധ്യായം- 27
# സന്ദർശനങ്ങൾ

## കേരള പി.എസ്.സിയിൽ റിപ്പോർട്ട് കാലയളവിൽ സന്ദർശിച്ചവർ

| ക്രമ നംപർ | പേരും ഉദ്യോഗപ്പേരും | ഉദ്ദേശം | കാലയളവ് |
|---|---|---|---|
| 1 | ശ്രീ.ഡി.കൃഷ്ണറെഡ്ഡി, വിദ്യാസാഗർ റാവു-തെലുങ്കാന പി.എസ്.സി | കേരള പി.എസ്.സി യിലെ ഓൺലൈൻ പരീക്ഷാ രീതികളെക്കു റിച്ചും തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങളെക്കു റിച്ചും പഠിക്കുന്നതിനായി. | 04.05.2018 മുതൽ 06.05.2018 വരെ |
| 2 | ഡോ. സുരേഷ് പഠാണി, ശ്രീ.ജെ.ജെ. ശിയാനി, ശ്രീമതി. ശ്രുതി കിക്കാനി, ശ്രീ.രാജേഷ് ശുക്ല-ഗുജറാത്ത് പി.എസ്.സി. | തിരഞ്ഞെടുപ്പ് സമ്പ്രദാ യങ്ങളെക്കുറിച്ചും കേരള പി.എസ്.സിയിൽ ഉപയോഗിക്കുന്നപുതിയ സാങ്കേതിക വിദ്യകളെക്കുറിച്ചും പഠിക്കുന്നതിനായി. | 11.02.2019 മുതൽ14.02.2019 വരെ |
| 3 | ശ്രീ.കെ.നന്ദകുമാർ (സെക്രട്ടറി) ,ആർ. സുധൻ (പരീക്ഷാ കംട്രോളർ ) -തമിഴ് നാട് പി.എസ്.സി | കേരള പി.എസ്.സി യിലെ ഓൺ ലൈൻ പരീക്ഷാകേന്ദ്രം കാണുന്നതിനും ഓൺലൈൻ പരീക്ഷാ രീതിയെക്കുറിച്ച് മനസ്സി ലാക്കുന്നതിനുമായി. | 25.02.2019 |

## കേരള പി.എസ്.സി അംഗങ്ങളുടെ മറ്റു പി.എസ്.സിയിലേയ്ക്കുള്ള സന്ദർശനം

| ക്രമ നംപർ | പേരും ഉദ്യോഗപ്പേരും | ഉദ്ദേശം | കാലയളവ് |
|---|---|---|---|
| 1 | പ്രൊഫ. ലോപ്പസ് മാത്യു & ശ്രീമതി.ആർ പാർവ്വതി ദേവി | യു.പി.എസ് .സി ന്യൂഡൽഹി-' Interview Techniques' എന്ന ശില്പ ശാലയിൽപങ്കെടുക്കുന്നതിനായി. | 28.08.2018 മുതൽ 29.08.2018 വരെ |
| 2 | അഡ്വ എം.കെ. സക്കീർ,പി.ശിവദാസൻ, റ്റി.റ്റി. ഇസ്മായിൽ ,അഡ്വ.രവീന്ദ്രനാഥൻ. | തെലുങ്കാന പി.എസ്സിയിലെ നവീന പരീക്ഷാ രീതികളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി | 04.03.2019 മുതൽ 07.03.2019 വരെ |

## അദ്ധ്യായം- 28.

# നേട്ടങ്ങൾ/സംഭവങ്ങൾ

## എഞ്ചിനിയറിംഗ് കോളേജുകളിൽ കൂടി ഓൺലൈൻ പരീക്ഷാ സെന്ററുകളുടെ വ്യാപനം

കേരള പി.എസ് സിയുടെ ഓൺലൈൻ പരീക്ഷാ സെന്ററുകൾക്ക് പുറമേ 2018 ഏപ്രിൽ മുതൽ കേരളത്തിലെ വിവിധ സർക്കാർ, എയ്ഡഡ് എഞ്ചിനിയറിംഗ് കോളേജുകളിൽ കൂടി ഓൺലൈൻ പരീക്ഷാ സെന്ററുകൾ വ്യാപിച്ചിട്ടുണ്ട്.6000 പേർക്ക് ഒരേസമയം പരീക്ഷയെഴുതാൻ കഴിയുന്ന രീതിയിൽ 40 കോളേജുകളെ ഇതിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

## ഓൺ സ്ക്രീൻ മാർക്കിംഗ് സിസ്റ്റം (ഒ.എസ്.എം)

വിവരണാത്മക പരീക്ഷകളുടെ മൂല്യ നിർണ്ണയത്തിന് ഓൺ സ്ക്രീൻ മാർക്കിംഗ് സിസ്റ്റം (ഒ.എസ്.എം ) അതിവിപുലമായ അവസരമൊരുക്കുന്നു.കേരള പബ്ലിക് സർവ്വീസ് കമ്മീഷനും വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി ഓൺ സ്ക്രീൻ മാർക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പി.എസ്.സിയ്ക്ക് വേണ്ടി സി.ഡിറ്റ് വികസിപ്പിച്ച സമഗ്രമായ ഓൺ സ്ക്രീൻ മാർക്കിംഗ് സോഫ്റ്റ് വെയർ മുഖേന ഓൺ സ്ക്രീൻ പരീക്ഷ നടത്തുന്നതിനും മൂല്യനിർണ്ണയം നടത്തി മാർക്ക് ലിസ്റ്റ് തയ്യാറാക്കുവാനും കഴിയുന്നു.കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ റിസൾട്ട് വിഭാഗത്തിലെ (ഇ.ആർ ) ജീവനക്കാർക്ക് ഒ.എസ്.എം സംബന്ധിച്ച് പരിശീലനം സി.ഡിറ്റ് നൽകിയിട്ടുണ്ട്. വകുപ്പുതല പരീക്ഷാ വിഭാഗം നവംബർ 2018 ൽ നടത്തിയ IAS/IFS/IPS വിഭാഗക്കാർക്കുള്ള പരീക്ഷയുടെ 73 ഉത്തരപേപ്പറുകൾ ഓൺ സ്ക്രീൻ മാർക്കിംഗ് സിസ്റ്റം (ഒ.എസ്. എം ) മുഖേന മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

# അദ്ധ്യായം–29

# നന്ദി

റിപ്പോർട്ട് കാലയളവിലുടനീളം കമ്മീഷനും സർക്കാരുമായി ഹൃദ്യമായ ബന്ധമാണു ണ്ടായിരുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖങ്ങളിൽ കമ്മീഷനെ സഹായിക്കാനെത്തിയ സർക്കാർ വകുപ്പമേധാവികളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും നിർലോഭമായ സഹകരണം ലഭ്യമായിട്ടുണ്ട്. വിവിധ പരീക്ഷകളും പ്രായോഗിക പരീക്ഷകളും നടത്തുന്നതിന് പ രീക്ഷകരിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വേണ്ടത്ര സഹകരണം കമ്മീഷന് ലഭ്യമായിട്ടുണ്ട്. എല്ലാ സഹായസഹകരണങ്ങൾക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

വ്യവഹാരകാര്യങ്ങളിൽ കമ്മീഷൻ നിയമോപദേശകരുടെ സേവനം നല്ലരീതിയിൽ ലഭിച്ചുവരുന്നു.

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് വിലയേറിയ ഉപദേശങ്ങൾ നൽകിയ ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങൾക്കും IT മിഷൻ, IIT എന്നിവർക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു.

വിജിലൻസ് ആൻഡ് സെക്യൂരിറ്റി ആഫീസറും സഹപ്രവർത്തകരായ ഉദ്യോഗസ്ഥരും നൽകുന്ന സേവനങ്ങൾ അഭിനന്ദനീയമാണ്.

ഗവൺമെന്റ് പ്രസ് ജീവനക്കാർക്കും വിശിഷ്യാ ഗവൺമെന്റ് പ്രസ് ഡയറക്ടർക്കും കമ്മീഷൻ നന്ദി പ്രകാശിപ്പിക്കുന്നു. പൊതുജന സമ്പർക്ക വിഭാഗം ഡയറക്ടർക്കും, കമ്മീഷൻ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന പത്രക്കുറിപ്പുകൾ, അറിയിപ്പുകൾ എന്നിവ വർദ്ധിത പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങൾ, ആൾ ഇന്ത്യാ റേഡിയോ, ടെലിവിഷൻ ചാനലുകൾ എന്നിവയ്ക്കും കമ്മീഷൻ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി, ജീവനക്കാർ എന്നിവർക്ക് അവർ ചെയ്ത് വരുന്ന കഠിനാദ്ധ്വാനത്തിനും മികവുറ്റ പ്രവർത്തനത്തിനും കമ്മീഷൻ നന്ദി രേഖപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| **ചെയർമാൻ** | | അഡ്വ. എം കെ. സക്കീർ | |
| അംഗങ്ങൾ | 1 | പ്രൊഫ. ലോപ്പസ് മാത്യു | |
| | 2 | ശ്രീമതി.ആർ.പാർവ്വതി ദേവി | |
| | 3 | ഡോ. പി.സുരേഷ് കുമാർ | |
| | 4 | ശ്രീ. സുരേശൻ.സി | |
| | 5 | ഡോ.എം.ആർ. ബൈജു | |
| | 6 | ഡോ.ജിനു സക്കറിയ ഉമ്മൻ | |
| | 7 | അഡ്വ.രഘുനാഥൻ.എം.കെ | |
| | 8 | ശ്രീ. ജി. രാജേന്ദ്രൻ | |
| | 9 | ഡോ. കെ.പി സജിലാൽ | |
| | 10 | ഡോ. ഡി. രാജൻ | |
| | 11 | ശ്രീ. റ്റി.ആർ അനിൽകുമാർ | |
| | 12 | ശ്രീ. മുഹമ്മദ് മുസ്തഫ കടമ്പോട്ട് | |
| | 13 | ശ്രീ. പി.എച്ച് മുഹമ്മദ് ഇസ്മയിൽ | |

| | | | |
|---|---|---|---|
| | 14 | ശ്രീ. റോഷൻ റോയി മാത്യൂ | |
| | 15 | ശ്രീ.വിജയകുമാർ.പി.കെ | |
| സെക്രട്ടറി | | ശ്രീ. സാജു ജോർജ്ജ് | |

തിരുവനന്തപുരം
തീയതി : 18.11.2019